www.malankaralibrary.com


# ഞാൻ എന്തുകൊണ്ട് വൈദികനാകണം

www.malankaralibrary.com

www.malankaralibrary.com


# ദൈവവിളി

***മിഴി അടച്ച് നിന്റെ ഹൃദയത്തെ ശ്രദ്ധിക്കുക. അപ്പോൾ ദൈവത്തിന്റെ ചില മന്ത്രണങ്ങൾ കേൾക്കാം.***



“അപ്പോൾ കർത്താവ് വന്നുനിന്നു മുമ്പിലത്തേപ്പോലെ സാമുവൽ! സാമുവൽ എന്ന് വിളിച്ചു. സാമുവൽ പ്രതിവചിച്ചു: അരുളിച്ചെയ്താലും, അങ്ങയുടെ ദാസൻ ഇതാ ശ്രവിക്കുന്നു”
(1സാമു.3:10).

www.malankaralibrary.com

www.malankaralibrary.com

# ആമുഖം

ഭൂമിയിൽ പിറന്നുവീഴുന്ന എല്ലാ മനുഷ്യർക്കും ദൈവേഷ്ട മനുസരിച്ചുള്ള ഒരു കടമ നിറവേറ്റുന്നുണ്ട്. ദൈവപുത്രൻപോലും ഭൂമി യിൽ നിറവേറ്റാനുള്ളത് സ്വന്തം ഇഷ്ടമായിരുന്നില്ല എന്നത് ചിന്ത നീയമാണ്. “ഞാൻ സ്വർഗത്തിൽ നിന്ന് വന്നിരിക്കുന്നത് എന്റെ ഇഷ്ടം പ്രവർത്തിക്കാനല്ല, എന്നെ അയച്ചവന്റെ ഇഷ്ടം നിറവേറ്റാനാണ് (യോഹ.6:38). ക്രിസ്തുവിന് സ്വന്തം ഇഷ്ടങ്ങളിൽ തിന്മയായതൊന്നും നിരൂപിക്കാനാകുമായിരുന്നില്ല എന്നിട്ടും ഭൗമിക ജീവിതത്തിൽ അവൻ അനുവർത്തിക്കേണ്ടിയിരുന്നത് തന്റെ ഇഷ്ടങ്ങളായിരുന്നില്ല, തന്നെ അയച്ചവന്റേതായിരുന്നു.

സ്വന്തം ജീവിതനിയോഗങ്ങളെ വിവേചിച്ചറിയുക മനുഷ്യന്റെ ദൈവീക കടമയാണ്. ഈ ഭൂമി അതിന്റെ സൃഷ്ടലക്ഷ്യത്തെ പ്രാപി ക്കുക സൃഷ്ടിയുടെ മകുടമായ മനുഷ്യൻ ദൈവദത്തമായ തന്റെ സ്വാതന്ത്ര്യം ഉപയോഗിച്ച് തനിക്കുവേണ്ടിയുള്ള ദൈവീക പദ്ധതി നിറവേറ്റുമ്പോഴാണ്. “പുരോഹീതനാവുക” ഇപ്രകാരം തിരഞ്ഞെടു ക്കപ്പെട്ട ചിലരിലുടെ നിറവേറേണ്ട ദൈവീക പദ്ധതിയാണ്. ഇപ്രകാരം തിരഞ്ഞെടുക്കപ്പെട്ടവരിൽ തന്നെ ഓരോരുത്തരും നിറവേറേണ്ട ദൈവിക പദ്ധതി വ്യത്യസ്ഥമാണ്.

പുരോഹിതനാകാൻ തനിക്ക് വിളിയുണ്ടോ എന്ന് സംശയി ക്കുന്നവർക്ക് ഒരു വഴികാട്ടിയായാണ് ഈ ഗ്രന്ഥം തയ്യാറാക്കപ്പെട്ടിരി ക്കുക. ആരും സ്വയം ആഗ്രഹിക്കുന്നതുകൊണ്ടല്ല പുരോഹിതനാവുക മറിച്ച് ദൈവം തിരഞ്ഞെടുക്കുന്നതുകൊണ്ടാണ് ഒരാൾ അഭിഷേകം പ്രാപിക്കേണ്ടത്. പൗരോഹിത്യ ശുശ്രൂഷയുടെ സാദ്ധ്യതകളും, വെല്ലു വിളികളും അതോടൊപ്പം പൗരോഹിത്യ ജീവിതം മാതൃകാപരമായി പൂർത്തിയാക്കിയവരുടെ ജീവിതാനുഭവങ്ങളും ചേർത്താണ് ഈ ഗ്രന്ഥം തയ്യാറാക്കിയിരിക്കുന്നത്. പുരോഹിതനാകാനുള്ള വിളി സ്വീകരിച്ചിട്ടും തിരിച്ചറിയാനാകാതെ പ്രയാസപ്പെട്ടുന്നവരിലുള്ള ഈ ദൈവീക സ്വപ്നത്തെ ഉത്തേജിപ്പിക്കുവാൻ ഈ ഗ്രന്ഥം സഹായകരമാകും എന്ന് പ്രത്യാശിക്കുന്നു. 2017-18 അദ്ധ്യായന വർഷത്തിലെ നാലാംവർഷ വൈദിക വിദ്യാർത്ഥികളുടെ പരിശ്രമഫലമാണ് ഈ ഗ്രന്ഥം. ഇതിന്റെ രചനയിൽ മുഖ്യപങ്ക് വഹിച്ചത് ബ്ര. മുല്ലശ്ശേരിൽ ആനിറ്റ് ഫ്രാൻസി സാണ്. സഹപാഠികളെയും സർവ്വാധ്വാനം അഭിനന്ദിക്കുന്നു. വൈദിക വിദ്യാർത്ഥികൾക്കും, പൗരോഹിത്യജീവിതം ആഗ്രഹിക്കുന്നവർക്കും ഈ ഗ്രന്ഥം ഒരു വഴികാട്ടിയാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.



സ്നേഹപൂർവ്വം
ഫാ. ജോൺ കുറ്റിയിൽ

www.malankaralibrary.com


ഇലച്ചാർത്തുകൾക്കിടയിൽ മറഞ്ഞിരുന്ന് നാഥനെക്കാണാൻ കൊതിയോടിരുന്നവനെ കണ്ടെത്തിയ മിഴികൾ. പൊൻനാണയപ്പൊതികൾ മാത്രം വീണുനിറഞ്ഞ ദൈവാലയ ഭണ്ഡാരത്തിൽ ആരും അറിയാതെ നിക്ഷേപിച്ചുപോയ ഒരു പാവം വൃദ്ധയുടെ കയ്യിലെ ചെമ്പുനാണയങ്ങൾ കണ്ട മിഴികൾ. കരയിൽ നിന്നും കടൽതട്ടിൽ നീന്തുന്ന മത്സ്യത്തിന്റെ വായിലെ നാണയം കണ്ടെത്തിയ മിഴികൾ. മീൻപിടുത്തക്കാരനായ പത്രോസിൽ ഒരു പുരോഹിതനെ കണ്ട മിഴികൾ. ദേ ഇന്നും ഈ നിമിഷവും നമ്മെ നോക്കിക്കൊണ്ടിരിക്കുന്നില്ലേ. നമുക്ക് കണ്ടെത്താം അവന്റെ മിഴികൾ നമ്മിൽ നിന്നും എന്താണ് ആഗ്രഹിക്കുന്നത് എന്ന്.

www.malankaralibrary.com


മനുഷ്യമഹത്വത്തിന്റെ അടിസ്ഥാന കാരണം ദൈവീകജീവനിൽ ഉൾച്ചേരാനുള്ള അവന്റെ വിളിയും അവനെപ്പറ്റിയുള്ള ദൈവീകപദ്ധതിയോട് സ്വാതന്ത്ര്യത്താടെ പ്രതികരിക്കാനുള്ള അവന്റെ സവിശേഷമായ കഴിവുമാണ്. സ്രഷ്ടാവിനെ സ്വമേധയ തേടാനും അവിടുത്തോടുള്ള യോജിപ്പിലൂടെ കേവലവും പരമാനന്ദനിർഭരവുമായ പൂർണതയിലേക്കു വളരാനുമുള്ള ഈ ആന്തരീക വിളി എല്ലാമനുഷ്യരിലുമുണ്ട്. ശക്തമായ ഈ ആന്തരികവിളിയെ ബാഹ്യസമ്മർദ്ധങ്ങൾ കൊണ്ടും ഭൗതികതയുടെ അതിപ്രസരം കൊണ്ടും തിരിച്ചറിയാൻ കഴിയാതെ പോകുന്നു എന്നുള്ളതാണ് ഇന്നത്തെ culture of greed-നു കാരണം. ദൈവത്തിനു മാത്രം ശമിപ്പിക്കാൻ കഴിയുന്ന മനുഷ്യന്റെ ആന്തരികവും സത്താപരവുമായവിശപ്പിനെ ഭൗതികതകൊണ്ട് തൃപ്തിപ്പെടുത്താൻ വ്യർഥമായി പരിശ്രമിക്കുകയാണ് ഇന്നത്തെലോകം. അസന്തുഷ്ടരും അസഹിഷ്ണുക്കളുമായ മനുഷ്യരെ മാത്രമേ ഈ അതിഭൗതികതയ്ക്ക് സൃഷ്ടിക്കാനാവൂ. ഭൗതികതയിലൂടെ അതിവേഗം നാശത്തിലേക്ക് ചരിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ ലോകത്തിന് വിചിന്തനത്തിന് കാരണമാകുവാൻ മനുഷ്യന്റെ ഈ ആന്തരിക ചോദനയെ ഗൗരവമായി മനസ്സിലാക്കി സമ്പൂർണ്ണസമർപ്പണത്തിലൂടെ അഭൗമിക സന്തോഷം അനുഭവിക്കുന്ന സമർപ്പിതരുടെ സാന്നിധ്യം ആവശ്യമാണ്

**കുടുംബം എന്ന പരിശീലനഭവനം**

നല്ലദൈവവിളികൾ ജന്മമെടുക്കുന്നത് ദൈവികമായി ജീവിക്കുന്ന കുടുംബങ്ങളിലാണ്. ഇത്തരം കുടുംബങ്ങളിൽ ശരിയായദൈവഹിതം തിരിച്ചറിയാനും അതിനെ പരിപോഷിപ്പിക്കാനുമുള്ള സാഹചര്യം ഉണ്ട്. ദൈവവിളിയെ പ്രോൽസാഹിപ്പിക്കേണ്ടകടമ കൈസ്തവസമുദായം മുഴുവനിലും നിക്ഷിപ്തമായിരിക്കുന്നു പ്രസ്തുതസമൂഹം ഈ കർത്തവ്യം നിർവഹിക്കേണ്ടത് ഒന്നാമതായി നല്ല ക്രൈസ്തവജീവിതം വഴിയാണ്. കുടുംബങ്ങളും ഇടവകകളുമാണ് ഒന്നാമതായി ഇതിൽ സഹകരിക്കേണ്ടത് (വൈദികപരിശീലനം No.2). ദൈവവിളിയുടെ വിത്തുകൾ വളരെചെറിയവിത്തുകളാണ്. ദൈവരാജ്യത്തെപ്പേലും കടുകുമണിക്കും പുളിമാവിനും സദൃശ്യമാണെന്ന് ഉപമിച്ച ക്രിസ്തു സമർപ്പിത ജീവിതത്തിലേക്കുള്ള ഉൾവിളികളും ലഘുവായ രൂപത്തിലുദിപ്പിക്കുന്നു. ശരിയായപരിചരണങ്ങളാണ് ഇതിനെവളർത്തുക. സംഘർഷഭൂമികൾ ഈ വിത്തിന് പരിക്കേൽപ്പിക്കും. അവിടെയാണ്

www.malankaralibrary.com


ഗാർഹികസെമിനാരിയുടെ പ്രസക്തി. കുടുംബന്തരീക്ഷങ്ങളിൽ മാതാപിതാക്കളാകുന്ന നല്ലനിലത്താണ് സമർപ്പണദൈവവിളികൾ പരിപോഷിപ്പിക്കപ്പെടുന്നത്. കളകളുടെ ആധിക്യത്തിൽ നിന്നും മുള്ളുകളുടെ ഞെരുക്കത്തിൽ നിന്നും ആഴമില്ലാത്തപാറപ്പുറത്തിന്റെ വരൾച്ചയിൽ നിന്നും വഴിവക്കിലെ അരക്ഷിതാവസ്ഥയിൽ നിന്നും ഈ വിശുദ്ധവും അതിലോലവുമായ വിത്തിനെപരിപാലിക്കുന്നതും, വളർത്തുന്നതും മാതാപിതാക്കളാണ്.

## വിളിതിരിച്ചറിയുന്നതിലെ വെല്ലുവിളികൾ

ഈ പ്രപഞ്ചത്തിലെ ഓരാചരാചരങ്ങൾക്കും ഈ ലോകത്തിൽ തങ്ങളാൽ മാത്രം നിർവഹിക്കപ്പെടേണ്ട ദൗത്യങ്ങളുണ്ട്. ഈ കടമകളുടെ സമയോചിതമായ നിർവഹണമാണ് ഈ ലോകത്തിന്റെ സൗന്ദര്യം വർദ്ധിപ്പിക്കുക. സ്രഷ്ടാവിന്റെ സൃഷ്ടപദ്ധതിയാണിത്. സൃഷ്ടിയുടെ മകുടമായ മനുഷ്യനാണ് ദൈവീകപദ്ധതി ഈ ഭൂമിയിൽ നിറവേറ്റുന്നതിൽ പ്രധാനപങ്കുവഹിക്കാനാവുക. ഇതിന് അവനെ സഹായിക്കുന്നത് ദൈവീക ദാനമായ സ്വാതന്ത്ര്യമാണ്. ഇന്നത്തെലോകത്തിന്റെ ഏറ്റവും വലിയ ദൗർഭാഗ്യം മനുഷ്യന് ദൈവം അവന്റെയുള്ളിൽ രേഖപ്പെടുത്തിയ ദൈവീകപദ്ധതി തിരിച്ചറിയാനുള്ള ശാന്തതയില്ല. തിരിച്ചറിഞ്ഞവർക്ക് അതനുസരിച്ച് ജീവിക്കാനുള്ള സ്വാതന്ത്ര്യമില്ല. അവനാരാകണമെന്ന് നിശ്ചയിക്കുന്നത് അവന്റെ ആന്തരീകലോകമല്ല , ബാഹ്യലോകമാണ്, പരസ്യങ്ങളും കമ്പോളവുമാണ്. മനുഷ്യന് ആയിത്തീരാനുള്ള സാദ്ധ്യകളെ മാർക്കറ്റ് വെട്ടിച്ചുരുക്കി വിരലിലെണ്ണാവുന്ന സാദ്ധ്യതകളാക്കി, ഡോക്ടർ, എഞ്ചിനിയർ ഇങ്ങനെപോകുന്നു അവ. ഇവയിലൊന്നു തിരഞ്ഞെടുക്കുവാനേ അവന് സാധിക്കുകയുള്ളു. പതിനഞ്ചുവയസ്സുവരെ മാത്രം ജീവിച്ച ദൈവദാസൻ കാർലോ അകൂത്തിസ് എന്ന ഇറ്റാലിയൻ കൗമാരക്കാരൻ പറയുന്നത് ശ്രദ്ധേയമാണ; ‘We all born as orginals but die as photocopies’. ഈ ലോകത്തിനൊന്നും സംഭാവനചെയ്യാതെ ഭൂരിപക്ഷം ആളുകളും കടന്നുപോകുന്നതിന് ഒരു കാരണവും ഇതു തന്നെയാണ്. വളരെ കുറച്ചുകാലം ഭൂമിയിൽ ജീവിച്ച് അതിലേറിയ പങ്കും ശയ്യാവലംബരായിരുന്ന വി.കൊച്ചുത്രേസ്യായും വി.അൽഫോൻസാമ്മയും അനിതരസാധാരമമായി ഒന്നും ചെയ്തില്ലെങ്കിലും ഇന്നും അനേകർക്ക് പ്രത്യാശയും പ്രചോദനവും നൽകുന്നു. അവരെപ്പറ്റിയുള്ളദൈവഹിതം

www.malankaralibrary.com


പൂർണ്ണമായും തിരിച്ചറിഞ്ഞവരാണിവർ. പരിശുദ്ധകന്യകാമറിയം ദൈവപുത്രന്റെ മാതാവായത് നിന്റെഹിതം പോലെ എന്നിൽഭവിക്കട്ടെ എന്ന ദൃഢമായമറുപടി കൊണ്ടാണ്. ശബ്ദകോലാഹലങ്ങളുടെ ലോകത്തിൽ ഉള്ളിൽമുഴങ്ങുന്ന ദൈവഹിതം തിരിച്ചറിയാനാകണം. നിശബ്ദമായ പ്രാർത്ഥനാവേളകളാണ് ഇതിനുസഹായകമാകുന്നത്.

**പരിഭ്രാന്തരും നിസ്സഹായരുമായവർ**

ലോകം ഭൗതികമായി അതിവേഗം വളരുകയും മനുഷ്യന്റെ ആന്തരികതയിൽ ശ്രദ്ധിക്കാതെ ബാഹ്യമായതിൽമാത്രം ശ്രദ്ധകേന്ദ്രീ കരിക്കുകയും ചെയ്യുന്ന ഒരു കാലഘട്ടമാണിത്. മനുഷ്യന്റെ വ്യക്തി വികാസത്തെയും ഈ കാലഘട്ടം ഗണ്യമായിസ്വാധീനിക്കുന്നുണ്ട്. പ്രതി സന്ധികളും വെല്ലുവിളികളും ഒഴിവാക്കിക്കൊണ്ടുള്ള ഒരു പരിപാലന രീതിയാണ് കുഞ്ഞുങ്ങളെ വളർത്തുന്നതിൽ മാതാപിതാക്കൻമാരും അവരെ പരിശീലിപ്പിക്കുന്നതിൽ അധ്യാപകരും അനുവർത്തിക്കുന്നത്. ദുർബലമായ ഒരു തലമുറയാണ് ഇതിലൂടെ സൃഷ്ടിക്കപ്പെടുക. ഒരു പ്രതിസന്ധിയേ അല്ലായെന്ന് കഴിഞ്ഞതലമുറ കരുതിയിരുന്ന പലകാ ര്യങ്ങളും ഇന്ന് നമുക്ക് അതിജീവിക്കാനാവാത്ത വലിയ ജീവൻമരണ വിഷയങ്ങളാണ്. നമുക്ക് സങ്കൽപ്പിക്കാവുന്നതിലും ദുർബലമായേക്കാം അടുത്ത തലമുറ. ചെറുകാറ്റിലും കെട്ടുപോയേക്കാവുന്ന ഇത്തരം ജന്മ ങ്ങൾ എപ്പോഴും പരിഭ്രാന്തരുംനിസ്സഹായരുമാണ്. കെട്ടുപോകുന്ന ആ നേർത്തതിരികളിലേക്ക് അഗ്നിപകരാൻ ചില കെടാവിളക്കുകളെ ഈ തലമുറക്ക് വേണം. പുതിയ തലമുറക്ക് ദിശാബോധം നല്കാനും സ്വയം എരിയുന്നവിളക്കാകാനും ദൈവം മനുഷ്യരെവിളിക്കുന്നു.

www.malankaralibrary.com

www.malankaralibrary.com

# പൗരോഹിത്യം

***നിന്റെ കരങ്ങളിലേയ്ക്കു ഇറങ്ങിവരാൻ സ്വർഗ്ഗം ആഗ്രഹിക്കുന്നു. നിനക്ക് ധൈര്യമുണ്ടോ?***



"എനിക്കുവേണ്ടി വിശ്വസ്തനായ ഒരു പുരോഹിതനെ ഞാൻ തെരഞ്ഞെടുക്കും, എന്റെ ഹൃദയാഭിലാഷം അനുസരിച്ച് അവൻ പ്രവർത്തിക്കും" (1സാമു.2:35).

www.malankaralibrary.com


**ഒരുപിടി പ്രലോഭനങ്ങളുമായി അൾത്താരയുടെ പടവുകൾ ചവിട്ടി, നെഞ്ചിൽകനക്കുന്ന കദനഭാരവുമായി ആ ബലിപീഠത്തിനുമുന്നിൽ മുട്ടുകുത്തി കണ്ണുകൾ കരകവിഞ്ഞൊഴുകുന്നു, കെടാവിളക്കിന്റെ നേർത്ത രശ്മികൾ തഴുകിനിൽക്കുന്ന ക്രൂശിതനിൽ മിഴിയിണകൾ ഉറച്ചു... കണ്ണുകൾ മുറുകെ അടച്ച്.. ഇല്ല ഈശോയെ.. ഇനി വയ്യ.. ശരീരം മുഴുവൻ പാപത്തിന്റെമുറിവാണ്. കറപുരണ്ട ഈ കൈകളിലല്ലെ നിന്നെ ഉയർത്തേണ്ടത്.. വേണ്ട. യോഗ്യനല്ല.. ബലഹീനനാണ് ഞാൻ. ദേ ഞാൻ മടങ്ങുവാ... മെല്ലെ മിഴിതുറന്നു... രക്തം മണക്കുന്ന അൾത്താര.... മുന്നിൽ... കുരിശിന്റെ പാതയിലെ ക്രിസ്തു.. പൊട്ടിയൊലിക്കുന്ന ശരീരം... ചമ്മട്ടിയുടെ കൂർത്ത അഗ്രങ്ങൾ വലിച്ചുപറിച്ച ശരീരപേശികൾ... നെഞ്ചുതുളച്ച് വാരിയെല്ലുകൾക്കിടയിലൂടെ കുത്തിതുറക്കപ്പെട്ട ഹൃദയം... കണ്ണുനിറഞ്ഞപ്പോൾ ഇറ്റുവീണ രണ്ടിറ്റു കണ്ണുനീർ മുറിവിൽ തേച്ച ഉപ്പുപോലെ ഉടലിനെ ചുട്ടുപൊള്ളിക്കുമ്പോഴും അവൻ ഒന്നുകുനിഞ്ഞു ചെവിയിൽ മന്ത്രിച്ചു. "സാരമില്ലാ... ഞാനില്ലെ... ഞാൻ വിളിച്ചപ്പോൾ വരാനുള്ള ആഗ്രഹം മനസ്സിലുണ്ടായില്ലെ... അതുമതി.." അപ്പോഴാ ശരിക്കും.. ശരിക്കും.. കരഞ്ഞുപോയത്.....**

www.malankaralibrary.com


"വിളവധികം; വേലക്കാരോ ചുരുക്കം. അതിനാൽ വിളഭൂമിയിലേക്കു വേലക്കാരെ അയയ്ക്കാൻ വിളവിന്റെ നാഥനോട് പ്രാർത്ഥിക്കുവിൻ" (മത്താ.9:38). അനേകം ഹൃദയങ്ങളുടെ കണ്ണുനീരിന്റെയും, പ്രാർത്ഥനയുടെയും ത്യാഗങ്ങളുടെയും ഫലമാണ് ഒരു ദൈവവിളി. പലനൂറ്റാണ്ടുകളായ് കരഞ്ഞും, തപിച്ചും പ്രാർത്ഥിച്ച ഒരു ഇസ്രായേൽ ജനത്തിനു മുന്നിലാണ് ജൻമസാഫല്യമെന്നോണം പുത്രനെ നൽകാൻ ദൈവം തയ്യാറാകുന്നത്. അങ്ങനെയെങ്കിൽ ഈശോയിലേക്കു വളരാൻ വിളിക്കപ്പെടുന്ന ഓരോ പുരോഹിതനുപിന്നിലും ഉരുകിഒഴുകിയ കണ്ണുനീർ കണങ്ങളുണ്ട്. അതിനാൽതന്നെ ആഗ്രഹംകൊണ്ടോ യോഗ്യതകൾ കൊണ്ടോ ജീവിതത്തിൽ വിരുന്നെത്തുന്ന ഒന്നല്ല ദൈവവിളി മറിച്ച് ഭൂമിയിലെ ഒരുപിടി മനുഷ്യമക്കളുടെ പ്രാർത്ഥന ശ്രവിച്ച ദൈവം നൽകുന്ന വലിയ സമ്മാനമാണിത്. മൺപാത്രത്തിനുള്ളിൽ നിക്ഷേപിക്കപ്പെട്ട മനോഹരമായ നിധി. അങ്ങനെ ദൈവജനത്തിന്റെ കണ്ണുനീരിന്റെ വിലയാണ് ഓരോ പുരോഹിതനുമെങ്കിൽ അവൻ ഒരു പരാർത്ഥ ജീവിതത്തിലേക്കു വിളിക്കപ്പെട്ടവനാണ്. ദൈവജനത്തിനു വേണ്ടി ജീവിക്കാൻ വിളിക്കപ്പെട്ടവൻ. ഇവിടെ സ്വാകാര്യ സ്വപ്നങ്ങൾക്കും, ആഗ്രഹങ്ങൾക്കും, താൽപര്യങ്ങൾക്കും ഒന്നും സ്ഥാനമില്ല. മറിച്ച് ദൈവജനത്തിനുവേണ്ടി ദൈവത്തോട് പരിഭവം പറയാനും, സങ്കടപ്പെടാനും കലഹിക്കാനും, പാപപരിഹാരം ചെയ്യാനും, ഹിതം ആരായാനും, ത്യാഗം സഹിക്കാനും, വേർതിരിക്കപ്പെടുന്ന ഒരു ജീവിതം മാത്രം. അതാണ് പുരോഹിതൻ.

### 2:3 പൗരോഹിത്യം : ബലിയർപ്പകനിൽ നിന്നു ബലിയിലേക്കുള്ള യാത്ര

"പിന്നെ അവൻ അപ്പമെടുത്ത് ആശീർവദിച്ച് മുറിച്ച്, അവർക്കു കൊടുത്തുകൊണ്ട് അരുൾചെയ്തു, ഇതു നിങ്ങൾക്കുവേണ്ടി നൽകപ്പെടുന്ന എന്റെ ശരീരമാണ്".

ഈശോയുടെ കയ്യിലെ തൂവെള്ള ഓസ്തികണക്കുള്ള കുറച്ച് ജീവിതങ്ങൾ. അവൻ അവരെ എടുത്തുയർത്തി ആശീർവദിക്കുന്നു. പിന്നെ രക്തം കിനിയുവോളം മുറിക്കുന്നു. ഒടുവിൽ ഒരു ജനസമൂഹത്തിലേക്കു വിളമ്പിനൽകുന്നു. എന്നിട്ടു അവൻ പറയും... ദേ ഇതു ഞാൻ തന്നെയാണെന്ന്.


www.malankaralibrary.com



1. ഈശോയുടെ കരങ്ങളാൽ എടുക്കപ്പെടുന്നവർ
2. ഈശോയുടെ കരങ്ങളാൽ ആശീർവദിക്കപ്പെടുന്നവർ
3. ഈശോയുടെ കരങ്ങളാൽ മുറിയപ്പെടുന്നവർ
4. ഈശോയുടെ കരങ്ങളാൽ വിളമ്പിനൽകപ്പെടുന്നവർ

**1. ഈശോയുടെ കരങ്ങളാൽ എടുക്കപ്പെടുന്നവർ**

"പിന്നെ അവൻ മലമുകളിലേക്കു കയറി തനിക്കിഷ്ടമുള്ളവരെ അടുത്തേക്കു വിളിച്ചു. അവർ അവന്റെ സമീപത്തേക്കു ചെന്നു" (മർക്കോ.13:13).



ഈ ലോകത്തിൽ കോടിക്കണക്കിനു മനുഷ്യരുണ്ട്, എങ്കിലും അവരിൽ ചിലർമാത്രം ബലിപീഠത്തെ ലക്ഷ്യമാക്കി യാത്രയ്ക്ക് ഒരുങ്ങുന്നു. ഈശോ തെരഞ്ഞെടുത്ത ചിലർ. ഒന്നു ഓർത്തുനോക്കണം.. എത്ര മനോഹരമായാണ് ഈശോ നമ്മെ പരിപാലിക്കുന്നതെന്ന്, വിളിക്കുന്നതെന്ന്, എന്തുമാത്രം സ്നേഹമാണ് അവൻ വിളമ്പിനൽകിയതെന്ന്, നീ ആദ്യം ജന്മം എടുത്തത് ഈശോയുടെ സ്വപ്നങ്ങളിലാണ്. പിന്നെ നിന്നെ ഈ ഭൂമിയിലേക്കയക്കാൻ നിന്റെ മാതാപിതാക്കളെ തെരഞ്ഞെടുത്തു. ജനിച്ചനിമിഷം മുതൽ കണ്ണിമവെട്ടാതെ നിനക്കുവേണ്ടി കാവലിരുന്നു. നീ തെറ്റുചെയ്യുമ്പോൾ നെഞ്ചുപൊട്ടി കരഞ്ഞു. നീ നന്മചെയ്യുമ്പോൾ ഉള്ളം നിറഞ്ഞു സന്തോഷിച്ചു. നീ പാപം ചെയ്ത് ഇടറിയപ്പോഴെല്ലാം തിരുച്ചുവരവിന്റെ പ്രതീക്ഷകളും പേറി കാത്തിരുന്നു. ദേ ഇപ്പോ നീ ഈ വരികളിലൂടെ കടന്നുപോകുമ്പോഴും അവൻ നിന്റെ അടുത്ത് ഇരിപ്പുണ്ട്. വലംകൈ നിന്റെ തോളിലിട്ട് നിന്നെ ചേർത്തുപിടിച്ച് ഒന്നു കണ്ണടച്ചിരുന്നേ. ദേ അവന്റെ നിശ്വാസം നിന്റെ കാതുകളെ സ്പർശിക്കുന്നില്ലേ. എന്നാ വാ ഈശോ തിരഞ്ഞെടുത്തവരിൽ, അവന്റെ കരങ്ങളിൽ എടുക്കപ്പെട്ടവരിൽ നിന്റെ പേരും ഉണ്ട്.

www.malankaralibrary.com


## 2. ഈശോയുടെ കരങ്ങളാൽ ആശീർവദിക്കപ്പെടുന്നവർ

"കർത്താവിന്റെ കൂടാരത്തിൽ ശുശ്രൂഷ ചെയ്യാനും സമൂഹത്തിനുമുന്നിൽ നിന്നു സേവനം അനുഷ്ഠിക്കാനും ഇസ്രായേലിന്റെ ദൈവം സമൂഹത്തിൽ നിന്ന് നിങ്ങളെ വേർതിരിച്ചത് നിസ്സാരകാര്യമായോ" (സംഖ്യ.16:9). ക്രിസ്തുവിന്റെ വിളി തനിക്കുണ്ടെന്ന് ബോധ്യമാകുന്ന ഒരുവൻ പിന്നെ എത്തുന്നത് പൗരോഹിത്യ പരിശീലനകളരിയിലേക്കാണ്. ഒരുവൻ ഈശോയുടെ കൈപിടിച്ചുനടക്കാൻ, തന്നെ അയച്ചവന്റെ ഹൃദയത്തോട് താദാമ്യപ്പെടുവാൻ കരുത്തുകാണിക്കുന്നിടം, അതാണ് സെമിനാരി. ഒരു നീണ്ട ധ്യാനോപാസന. തിരുത്തലുകളിലൂടെ, സഹനങ്ങളിലൂടെ, ത്യാഗങ്ങളിലൂടെ, സമർപ്പണത്തിലൂടെ കൃപയാക്കുന്ന ചിതൽപുറ്റിനെ മേനിയിൽ പുണരാൻ അനുവദിച്ചുകൊണ്ട് ഒരു ധ്യാനോപാസന... ഒടുവിൽ ഹൃദയത്തിൽ ദൈവത്തിന്റെ കയ്യൊപ്പുകളുള്ളവരായ് നാം മാറുന്നു. പിന്നെ ആശിച്ചും, മോഹിച്ചും, കാത്തിരുന്ന നിമിഷം "മലങ്കര കത്തോലിക്കാസഭയിൽ കശീശ്ശയാകുവാൻ പരിശുദ്ധാത്മാവു നിന്നെ ക്ഷണിക്കുന്നു" മേൽപ്പട്ടക്കാരന്റെ കാപ്പയ്ക്കുള്ളിൽ ദൈവികരഹസ്യങ്ങളിൽ നിന്ന് ശക്തി സ്വീകരിച്ച് ആശീർവദിക്കപ്പെടുമ്പോൾ ആത്മാവ് മഴപോലെ പെയ്തിറങ്ങുന്നു. സർവ്വമാലാഖമാരുടെയും, വിശുദ്ധരുടെയും, പരി.അമ്മയുടെയും അകമ്പടിയോടെ ഈശോ ശിരസ്സിൽ കൈവച്ച് ആശീർവദിക്കുന്നു. പിന്നെ കൈപിടിച്ച് നിയോഗ ഭൂമികകളിലേക്ക് പറഞ്ഞയയ്ക്കുന്നു.

## 3. ഈശോയുടെ കരങ്ങളിൽ മുറിയപ്പെടുന്നവർ

"സ്വന്തം പിതാവിനെയും മാതാവിനെയും ഭാര്യയെയും മക്കളെയും സഹോദരന്മാരെയും സഹോദരിമാരെയും എന്നല്ല, സ്വജീവനെ തന്നെയും വെറുക്കാതെ എന്റെ അടുത്തുവരുന്ന ആർക്കും എന്റെ ശിഷ്യനായിരിക്കുവാൻ സാധിക്കുകയില്ല''(ലൂക്ക.14:26). അനുഷ്ഠിക്കപ്പെടാനോ, അനുസ്മരിക്കപ്പെടാനോ മാത്രം ഉള്ളതല്ല ക്രിസ്തുവിന്റെ ബലി. മറിച്ച് ശരിയായ അർത്ഥത്തിൽ ആവർത്തിക്കപ്പെടേണ്ടതാണ്. അതിനർത്ഥം ഓരോ പുരോഹിതനും



www.malankaralibrary.com



മറ്റൊരു ക്രിസ്തുവായി തീരേണ്ടവനാണ്. അങ്ങനെയെങ്കിൽ നാം ആയിത്തീരേണ്ടവൻ പട്ടുമെത്തകളിൽ ഉറങ്ങിയവനല്ല, പിന്നെയോ പിറക്കുവാൻ നല്ലൊരിടം കിട്ടാത്തവൻ, ജനിച്ചയുടൻ നശിപ്പിക്കാനുള്ള നീക്കങ്ങൾ നടത്തപ്പെട്ടവൻ. കിടന്നുറങ്ങാൻ ഒരുപിടി ഭൂമി സ്വന്തമാക്കാത്തവൻ, ചുങ്കക്കാരുടെയും ഗണികകളുടെയും ചങ്ങാതിയെന്ന ആരോപണങ്ങൾ ഏറ്റുവാങ്ങിയവൻ. കടലിന്റെ കോളുപിടിച്ച രാവുകളിൽ ഏകനായവൻ, സ്വദേശത്തെ അവഗണനന ഏൽക്കേണ്ടിവന്നവൻ, ഒറ്റുകൊടുക്കുന്നവനോടു കൂടെയും അത്താഴം ഉണ്ടവൻ, നെഞ്ചുനോവിന്റെ ഗത്സമനികൾ ഏറ്റെടുത്തവൻ, തീരുന്നില്ല വാഞ്ചനയുടെ ചുടുചുംബനം, തള്ളിപ്പറച്ചിൽ, കാൽവരി, ആണിയുടെ മൂർച്ച, കുരിശുമരം, അപ്പന്റെ നിശബ്ദത, കുത്തിത്തുറക്കുന്ന ഹൃദയം, അമ്മയുടെ നെഞ്ചുലയ്ക്കുന്ന മൗനം. ഇതൊക്കെ കാണിച്ചിട്ട് അവൻ നമ്മോടുപറയും ദേ.. എന്റെ മുറിവുകളിൽനിന്നു പഠിക്കുവിൻ. ഓരോ പുരോഹിതനും ക്രിസ്തുവിന്റെ ഈ മുറിപ്പാടുകൾ മേനിയിലും മനസ്സിലും പേറേണ്ടവനാണ്. ഒടുവിലീ ഭൂവിലെ വാസംകഴിഞ്ഞു ചെല്ലുമ്പോൾ അവൻ നമ്മുടെ മേനിയും മനവും നോക്കും. അവിടെ തന്റെ മേനിയിലെ മുറിപ്പാടുകൾ ഉണ്ടോ എന്നു തിരയും. അതാണ് പൗരോഹിത്യത്തിന്റെ മഹനീയത അളന്നുതൂക്കുവാനുള്ള അളവുകോൽ. ചുരുക്കിപ്പറഞ്ഞാൽ ഗോതമ്പുമണികണക്കു ജീവിക്കണം എന്നർത്ഥം. ചങ്കുറപ്പുണ്ടാവണം, മണ്ണിൽ വീണഴിയാനും കല്ലിൽവീണുപൊടിയാനും... "ഗോതമ്പുമണി നിലത്തു വീണ് അഴിയുന്നില്ലെങ്കിൽ അത് അതേപടി ഇരിക്കും. അഴിയുന്നില്ലെങ്കിലോ അത് വളരെ ഫലം പുറപ്പെടുവിക്കും"(യോഹ.12:24).

### 4. ഈശോയുടെ കരങ്ങളാൽ വിളമ്പപ്പെടുന്നവർ

"നാം ഭക്ഷിക്കുകയും ഭക്ഷിക്കപ്പെടുകയും ചെയ്യുമ്പോൾ മാത്രമേ സാക്ഷാൽ ദിവ്യകാരുണ്യ ഐക്യമുണ്ടാകുന്നുള്ളൂ" – തോമസ് അക്വീനാസ്.

ഈശോ തന്റെ കരങ്ങളിലെടുത്ത് അനേകർക്കായി വിളമ്പി നൽകുന്നവനാണ് പുരോഹിതൻ. ശരിക്കും ഈശോ ഈ ഭൂമിയിലേക്കു കടന്നുവന്നത് തന്റെ ജീവിതം മുഴുവൻ മാനവരാശിക്കു വിളമ്പിനൽകാനായിരുന്നു. തന്റെയടുത്ത് വിശന്നെത്തിയവർക്ക് അവൻ അപ്പം നൽകി, മുടന്തനെ നൃത്തം അഭ്യസിപ്പിച്ചു, ബധിരന്റെ അധരങ്ങളിൽ ഗാനം

www.malankaralibrary.com

തിരിച്ചു നൽകി, മരിച്ചവന് ജീവന്റെ തീർത്ഥം നൽകി. തന്റെ മുന്നിലെത്തിയ എല്ലാവർക്കും ഈശോ ഒന്നുപോലെ സ്നേഹം വച്ചുവിളമ്പി. ഒരു തരത്തിൽ പറഞ്ഞാൽ ഈ വരികൾ പോലും വിളമ്പപ്പെട്ടതുതന്നെ. ദേ ഈ നിമിഷം നീ അത് ഭക്ഷിക്കുന്നു. അങ്ങനെ എങ്കിൽ ഞാനും നീയും എല്ലാംതന്നെ വിളമ്പപ്പെട്ടവതന്നെ. നമ്മുടെ സ്നേഹ പരിസരങ്ങളിൽ വിശക്കുന്നവരെ വയറുനിറച്ചൂട്ടാൻ ഈശോ ഈ ഭൂമിയിലേക്കു വിളമ്പി നൽകിയവർ. ഒരു പക്ഷേ അതിൽ നിന്റെ നിയോഗം ഒരു പുരോഹിതനായി തമ്പുരാനുവേണ്ടി സ്വയം മുറിച്ചു വിളമ്പുവാനാകും. വിരുന്നൂട്ടുവാൻ കൈകളിലെ വിഭവങ്ങൾ കുറച്ചാണെന്നോർത്ത് ശങ്കിക്കരുത്. ഈശോയുടെ കരങ്ങളിലേറിയ അഞ്ചപ്പവും രണ്ടുമീനും കണക്ക്, അവൻ മുറിച്ചുവിളമ്പുമ്പോൾ നീ പതിനായിരങ്ങളെ ഊട്ടാൻ തക്ക ശേഷിയുള്ളവനായി മാറും. പക്ഷേ അതിനായി സ്വയം മുറിയാൻ ഏൽപ്പിച്ചുകൊടുക്കണം.


*“അവൻ നിങ്ങളെ കതിർക്കറ്റകൾപോലെ തനിക്കായി ശേഖരിക്കുന്നു, നഗ്നമാക്കുവാൻവേണ്ടി അവൻ നിങ്ങളെ മെതിക്കുന്നു. ഉമിയിൽ നിന്നും മോചിപ്പിക്കുവാൻ അവൻ നിങ്ങളെ പാറ്റുന്നു, അവൻ നിങ്ങളെ പൊടിച്ച് ശുഭ്രവർണമാക്കുന്നു, മൃദുലമാകുംവരെ അവൻ നിങ്ങളെ കുഴക്കുന്നു, ദൈവത്തിന്റെ ദിവ്യമായ വിരുന്നിൽ അപ്പമായ് തീരുവാൻവേണ്ടി അവൻ നിങ്ങളെ തന്റെ യാഗാഗ്നിയിൽ അർപ്പിക്കുന്നു. എന്നാൽ ഭീതിമൂലം നിങ്ങൾ സ്നേഹത്തിന്റെ സമാധനവും, ആനന്ദവും മാത്രമാണ് അന്വേഷിക്കുന്നതെങ്കിൽ, ഈ സ്നേഹത്തിന്റെ മെതിനിലത്തുനിന്ന് കടന്നുപോകുന്നതാണ് നല്ലത്”* - ഖലീൽ ജിബ്രാൻ

www.malankaralibrary.com

www.malankaralibrary.com


# അവർക്കെങ്ങനെ വിളികിട്ടി

***വിളി ലഭിച്ചത് അർഹത കൊണ്ടല്ല അവൻ ആശിച്ചതുകൊണ്ടാണ്***



"എന്നാൽ, പരമമായ ശക്തി ദൈവത്തിന്റേതാണ്, ഞങ്ങളുടേതല്ല എന്ന് വെളിപ്പെടുത്തിതിന് ഈ നിധി മൺപാത്രങ്ങളിലാണ് ഞങ്ങൾക്ക് ലഭിച്ചിട്ടുള്ളത്"(2കോറി.4:7).

www.malankaralibrary.com


**ഗോതമ്പ്മണി**

മണ്ണിലേക്കു വീഴുന്ന ഗോതമ്പുമണി പിന്നെ ഒരു നീണ്ട സമാധി. മണ്ണടരുകൾക്കു മുകളിലൂടെ ഒരു പച്ചിലനാമ്പ് തല യുയർത്തുന്നതുവരെ ധ്യാനോപാസന തുടരുന്നു. പിന്നെയ ങ്ങോട്ട് അതിജീവനത്തിന്റെ തുടർക്കഥയാണ്. തലയ്ക്കുമുക ളിൽ എരിഞ്ഞുകത്തുന്ന സൂര്യനുമുന്നിൽ, ചൂളം കുത്തിവീ ശുന്ന കാറ്റിനുമുൻപിൽ, ഇടമുറിയാതെ വലയ്ക്കുന്ന മഴപെ യ്ത്തുകൾക്കുമുന്നിൽ, ചുറ്റിലും ഞെരുക്കുന്ന കളകൾക്കു മുന്നിലും അതിജീവനത്തിന്റെ സുവിശേഷവും പേറി ഒടുവിൽ പൂവിടുന്നു. ഇനി അവയിൽ നിന്നു മനോഹരങ്ങളായ ഗോത മ്പുമണികൾ ഉണ്ടാവണം അവയെ സംരക്ഷിക്കണം. എങ്കിലും കതിർക്കറ്റ വിളയുമ്പോൾ ഒരു അരിവാൾതലയിൽ സ്വയം പിട ഞ്ഞില്ലാതാകാനാണു വിധി. ഇല്ലാ യാത്രയവസാനിച്ചിട്ടില്ല. ഗോതമ്പുമണികൾ യാത്രയാകുന്നു. സഹനത്തിന്റെ പുതുയു ഗപിറവികൾ തേടി. അവസാനം ഒരു പിടി മാവായി മുന്നിലെ ത്തുമ്പോൾ എത്ര മണികളുടെ രക്തസാക്ഷിത്വമാണ് അതിൽ നിറയെ.. ഈ വ്യഥകൾക്കിടയിലും ഒരുപിടി മാവ് വേർതിരി ക്കപ്പെടുന്നു. മനോഹരങ്ങളായ തൂവെള്ള ഓസ്തിയായ് രൂപാ ന്തരപ്പെടാൻ.. ഒടുവിൽ ഒരു വിശുദ്ധ ബലിപീഠത്തിൽ വച്ച്, പുരോഹിതന്റെ എളിയകരങ്ങളിലുയരുമ്പോൾ സ്വർഗ്ഗം ചായ്ച്ച് അതിലേക്കീശോ ഇറങ്ങി വരാൻ ധൈര്യം കാട്ടുന്നു.... ഇനി ഗോതമ്പുമണിയല്ല... ഈശോ.... ഇശോ മാത്രം.

പ്രിയസുഹൃത്തെ ഈ ലോകത്തിലെ കോടിക്കണക്കിന് ജനങ്ങൾ.. എല്ലാവരും കർത്താവിന്റെ മക്കൾ.. എന്നിട്ടും തിര ഞ്ഞെടുക്കപ്പെട്ട ചിലർമാത്രം അവന്റെ ബലിവേദി നോക്കി യാത്രതുടങ്ങുന്നു. ഒരുപക്ഷേ അവർക്കിടയിൽ നിന്റെ പേരും ഉണ്ടാകും. കാരണം ദേ.. ഈ വരികൾ വായിക്കാൻ നീ മാത്ര മല്ലേ ധൈര്യം കാട്ടിയത്.

www.malankaralibrary.com


## പരി. അമ്മ

അന്തിസൂര്യന്റെ പൊന്നുവീഴുന്ന ആ സന്ധ്യയിൽ ഒരു 33 കാരൻ എല്ലാം പൂർത്തിയായി എന്നുറക്കെ പറഞ്ഞുകൊണ്ട് കടന്നുപോകുന്നു.



മിഴിയിണകളിൽ വാത്സല്യത്തിന്റെ, വിരഹത്തിന്റെ നനവും പേറി ഒരമ്മ ഇടനെഞ്ചുപൊട്ടി ഒരു മരക്കുരിശിനു താഴെ നിൽക്കുന്നു. ക്രൂശിതൻ അറിയാത്ത ഒരേ ഒരു ദുഃഖം. അമ്മയില്ലാത്ത ദുഃഖം. പുത്രന്റെ ചോരതെന്നുന്ന കൈകളിൽ അമ്മ മുറുകെ പിടിച്ച അമ്മയും മകനും മുഖാമുഖം... കുരിശിന്റെ പാതയിലെ ഉള്ളുലയ്ക്കുന്ന കണ്ടുമുട്ടൽ.. "സാരമില്ലടാ.." ആഴിപോൽ അലതല്ലുന്ന മനസ്സിനെ ശാന്തമാക്കി അവൾ പുത്രനോട് പറഞ്ഞു... അതെ സാരമില്ല... അവൻ പറയുന്നതുപോലെ നിങ്ങൾ ചെയ്താൽ മതി.. കൽഭരണികളിലെ പച്ചവെള്ളം അതിന്റ സ്രഷ്ടാവിനെ കണ്ടു സ്തുതിക്കുന്നത് അമ്മ കണ്ടു. പിന്നെ അവന്റെ അംഗുലീചലങ്ങൾക്കു മുന്നിൽ വെള്ളം വീഞ്ഞായി.. അത് കണ്ട് അമ്മയും മിഴിതുടയ്ക്കുന്നുണ്ട്. ശരിയാ.. മകനെ അവന്റെ നിയോഗങ്ങളിലേക്ക് അമ്മ പറഞ്ഞയക്കുന്നു. സ്വർഗ്ഗം തന്നതാ.. ഇനിപൊയ്ക്കോട്ടെ. അവന്റെ നിയോഗങ്ങളിലേക്ക് "ഇനി പോകുമോ ഇനി പോകുമോ" അമ്മ ഇടറിയ ശബ്ദത്തിൽ ശാസിക്കുകയാണ്. അമ്മയുടെ മിഴിയിണകളിൽ പതിക്കുന്ന പേടിനിറഞ്ഞ രണ്ടു കുഞ്ഞിക്കണ്ണുകൾ.. ബാലനാണ്. ഉത്സവങ്ങളുടെ തിരക്കുകൾക്കിടയിൽ മിഴികളുടെ ഭ്രമങ്ങളിലേക്ക് വഴുതിപോകുന്ന ഏതൊരു കുഞ്ഞിനെയും പോലെ ജെറുസലേമിന്റെ നഗരവീഥികളിൽ വച്ച് അമ്മയുടെ കൈവിരലുകൾക്കിടയിലൂടെ ഈശോയും ഊർന്നുപോയി. പക്ഷേ അവന്റെ കണ്ണുകളെ ആകർഷിച്ചതോ ദൈവാലയത്തിലെ ദൈവസാന്നിധ്യവും പിന്നെ മടക്കയാത്ര.. നസ്രത്തിന്റെ നാഴിയിടങ്ങഴി മണ്ണിലേയ്ക്ക്. പക്ഷേ മനസ്സപ്പോഴും ജറുസലേമിൽ തന്നെ തങ്ങി. തന്റെ ഹൃദയപേശികളിൽ

www.malankaralibrary.com


വാൾത്തലംമിന്നിയ ദിവസം വലിയൊരു ദുരന്തം അനുഭവിക്കുന്നതിലും ഭീകരമാണ്, വലിയൊരു ദുരന്തം ജീവിതത്തിന്റെ മദ്ധ്യാഹ്നങ്ങളെ തേടിയെത്തും എന്ന അറിവ്.. കാരണം കയ്യിലിരിക്കുന്ന കുഞ്ഞ് അപകടകാരിയാണ്. അവനെ നെഞ്ചോട് ചേർക്കുന്നവർക്കെല്ലാം നെഞ്ച്മുറിച്ച് നേരിനെ കാട്ടി ജീവിക്കേണ്ടിവരും, സ്വയം ത്യജിക്കേണ്ടിവരും. ഒത്തിരി ത്യാഗം സഹിച്ചൊരു ദിവസം, നിറവയറുമായി അമ്മയും കൂടെ ജോസഫും ബേത്‌ലഹേമിൽ ഒന്നു തലചായ്ക്കാൻ ഇടം തേടി അലയുന്നുണ്ട്. അലച്ചിലുകൾ പാഴ്‌വേലകളാകുമ്പോൾ ഒടുവിൽ പാൽനിലാവുവീഴുന്ന ആ ഈറൻ രാവിൽ ഒരു കാലിത്തൊഴുത്ത് ആശ്രയമായി മാറുന്നു. നരകുലത്തിന്റെ നെഞ്ചിലെ കദനഭാരം നീക്കേണ്ടവൻ ആണ് അമ്മയുടെ മാറിൽ കണ്ണും പൂട്ടിയുറങ്ങി... "ഇതെങ്ങനെ സംഭവിക്കും" പരിഭവത്തോടെ ആ കന്യകചോദിക്കുകയാണ് മുന്നിൽ അഗ്നിജ്വാലയെ ധരിച്ച ഗബ്രിയേൽ മാലാഖ. ഒരുപിടി ആശങ്കകൾക്കും പരിഭവങ്ങൾക്കും ഒടുവിൽ മുട്ടുകുത്തി തലകുനിച്ചു അമ്മ മൊഴിഞ്ഞു. "ഇതാ കർത്താവിന്റെ ദാസി നിന്റെ വചനം എന്നിൽ നിറവേറട്ടെ". ഈ സമർപ്പണം മാത്രമാണ് പരി. അമ്മയെ ദൈവത്തിന്റേ, ഈ ലോകത്തിന്റെ മുഴുവൻ അമ്മയാക്കി മാറ്റിയത്.

എന്നെ കേൾക്കുന്ന സ്നേഹിതാ.. പരി. അമ്മ നിന്നെ ക്ഷണിക്കുന്നുണ്ട്. നിനക്കുവേണ്ടി തിളങ്ങുന്ന ഒരു കുർബാന കുപ്പായവും തുന്നിക്കൊണ്ട് അമ്മ നിന്നെ കാത്തിരിക്കുന്നു. തന്റെ പുത്രനെ കൈകളിൽ എടുത്തു വിളമ്പിനൽകാൻ... മറ്റൊരു ക്രിസ്തുവാകാൻ അമ്മയെപ്പോലെ മുട്ടുകുത്തി തലതാഴ്ത്തി.. ഒന്നു സമർപ്പിച്ചാൽ മതി. "ഇതാ, .............. നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ.. ഫിയാത്തിൽ നിന്നു പിയേത്തയിലേക്കുള്ള പാതനിറയെ നിനക്കുവേണ്ടി ഒരമ്മയുടെ കണ്ണുനീരും മകന്റെ രക്തവും വീണു കരയുന്നുണ്ട്.. നീ തയ്യാറാണോ.

## പത്രോസ്ശ്ലീഹാ

ആകാശഗംഗയിൽ എരിഞ്ഞു കത്തുന്ന തീഗോളം. വർണ്ണാതീതമായ പ്രകാശകിരണങ്ങൾ യാത്ര ആരംഭിക്കുകയാണ്. കാതങ്ങൾ താണ്ടി ഒടുവിൽ ഒരു നീലഗ്രഹത്തിന്റെ മേഘപാളികൾ കീറിമുറിച്ചുകൊണ്ട് താഴേക്കു പതിക്കുന്ന ഈ പ്രകാശധാരയിൽ തട്ടി ഒരു മനുഷ്യന്റെ നിഴൽ ഭൂമിയിൽ വീഴുന്നുണ്ട്. ആ നിഴൽ പുണരുന്ന നഗരവീ

www.malankaralibrary.com


ഥികളിൽ അന്ധർ കാഴ്ചയുടെ ലോകത്തേക്കു മടങ്ങിപ്പോകുന്നു. മുടന്തർ വീണ്ടും പിച്ചവച്ചുണരുന്നു. മരിച്ചവർ ജീവന്റെ തീർത്ഥം നുകർന്നു പുതു തീരങ്ങൾ തേടുന്നു. ''അത് പത്രോസാണ്'' ആരോ പറയുന്നത് കേട്ടു. പിന്നെ സന്ദേഹം, കാരണം നിഴലിൽ പോലും റൂഹാവസിക്കുവാൻ തക്കവണ്ണം അത്രയോഗ്യമൊന്നുമല്ലായിരുന്നു ജീവിതം. എത്രയോവട്ടം ഇടറിയിരിക്കുന്നു. എത്ര പുതുക്കിയിട്ടും തീരുമാനങ്ങൾ പാലിക്കാത്തവൻ, എടുത്തുചാട്ടക്കാരൻ, നിത്യസത്യത്തെ വെളിപ്പെട്ടുകിട്ടിയിട്ടും തള്ളിപ്പറഞ്ഞവൻ, നിദ്രാഭാരം കനത്ത കണ്ണുകൾക്ക് ഗുരുവിന്റെ ആത്മവ്യഥയേക്കാൾ ഏറെ വിലയിട്ടവൻ, ഗുരുബന്ധിതനാകുന്ന രാവിൽ ചൂടിന്റെ നേർത്ത സുഖങ്ങളിൽ നിന്നു മാറിനിൽക്കാൻ പോലും വൈകാരിക പക്വത ഇല്ലാത്തവൻ, നെഞ്ചത്തടിച്ച് ഗുരുവിനെ അറിയില്ലെന്നു ആവുന്നത്ര ശക്തിയിൽ പറഞ്ഞവൻ, ഒടുവിൽ ഗുരുവിന്റെ വിരഹം കരിമ്പടം പോലെ നെഞ്ചിൽ കനക്കുമ്പോഴും ഒരിക്കലുപേക്ഷിച്ച പഴയ ജീവിതതീരങ്ങളിൽ മടങ്ങിപ്പോയവൻ.. മൊത്തത്തിൽ ഗുണപരമായി എടുത്തു പറയാൻ ജീവിതത്തിൽ ഒന്നുമില്ലാത്തവൻ. എങ്കിലും ഈശോ അവനെ അധികം സ്നേഹിക്കുന്നുണ്ട്. തിബേരിയാസിന്റെ തീരങ്ങളിൽ ജ്വലിക്കുന്ന കനലുകളെ സാക്ഷിയാക്കി ഗുരു അവനെ വീണ്ടെടുക്കുന്നു. കൈകാലുകൾ ഇടയന്റെ കരുത്തുപകരുന്നു. പിന്നെ അവന്റെ ഒറ്റ പ്രസംഗംകൊണ്ട് 3000 ഹൃദയങ്ങളെ ഇരുവായ്ത്തലവാൾ പിളർന്നു സമർപ്പണത്തിലേക്കെത്തിക്കുന്നു. ഓർക്കണം, ഇതിനുമാത്രം, അത്ര ഗുണപരമല്ലായിരുന്നു പത്രോസിന്റെ ഭൂതകാലം. ഇങ്ങനെയുള്ള പത്രോസിനെ ഈശോ ഇഷ്ടപ്പെട്ടെങ്കിൽ ഈ വരികൾ വായിക്കാൻ മനസ്സുകാട്ടിയ നിന്നെയോ.. ഈ ഭൂമിയോട് പറയാൻ നിനക്കുമാത്രമായ ഒരു സന്ദേശം ദൈവം നൽകുന്നുണ്ട്. വേദനിക്കുന്ന സഹജീവിക്കുനൽകാൻ നിന്റേതുമാത്രമായ ഒരു സാന്ത്വനമുണ്ട്. സ്വന്തം ബലഹീനതയെ ഓർത്ത്



www.malankaralibrary.com



ആകുലപ്പെടരുത്. കുറവുകളോടെ നിന്നെ സ്നേഹിക്കുന്ന ഈശോ ധൈര്യപ്പെടുന്നു. ഒരു അപ്പമായ് നിന്റെ കൈകളിൽ എഴുന്നെള്ളിവരാൻ.

## വി. പൗലോസ് ശ്ലീഹാ

സാവൂൾ കണ്ണുതുറന്നു... വെളിച്ചത്തിന്റെ ലോകം വീണ്ടും അവന്റെ മിഴികൾക്കുമുന്നിൽ വിരുന്നെത്തിയിരിക്കുന്നു. അരികിലെ ജനാലയിലൂടെ വിദൂരതയിലേക്കു നോക്കിയിരുന്നു. ഭൂതകാലത്തിന്റെ



പാത അറ്റത്തോളം നീണ്ടുകിടക്കുന്നു. ക്രിസ്ത്യാനികളെ പീഡിപ്പിക്കാൻ അധികാരപത്രവുമായി പൊവുകയായിരുന്നു. മനസ്സുനിറയെ കറതീർന്ന യഹൂദനെന്ന സൽകീർത്തിയും, തികവുറ്റ പണ്ഡിതനെന്ന ധാരണയും. പക്ഷേ ദമാസ്ക്കസ്സിന്റെ പാതയോരങ്ങളിൽ വച്ച് നിർവ്വചനങ്ങൾക്കപ്പുറമുള്ള ഒരു പ്രകാശദീപ്തി അവനെ കീഴടക്കി. നിലത്തുവീണു കണ്ണുതുറക്കുമ്പോൾ എന്തേ എന്നെ പീഢിപ്പിക്കുന്നു എന്ന് കനിവോടുരയുന്ന ഉത്ഥിതൻ. മുറിഞ്ഞ കൈത്തലം, രക്തം കിനിയുന്ന കാൽപാദങ്ങൾ, ചവളത്താൽ തുറക്കപ്പെട്ട ഹൃദയം, ശരിയാ.. അടഞ്ഞതൊന്നും ആർക്കും അഭയമേകുന്നില്ല. ക്ഷതമേറ്റ ഉത്ഥിതന്റെ ഹൃദയം അപ്പോഴും അവനുവേണ്ടി തുടിക്കുന്നുണ്ടായിരുന്നു. പിന്നെ... പിന്നെ.. സാവൂളിന്റെ മിഴിയിണകൾ നിറഞ്ഞൊഴുകി, ഒരു കണ്ണീർപെയ്ത്തുമായ് സാവൂൾ പൗലോസിലേക്കുള്ള യാത്ര ആരംഭിക്കുന്നു. അവനുമുന്നിൽ പുതിയ ലോകം, പുതിയ സാധ്യത, പുതിയ വിളി. ശരിയാ.. ഇനി കാഴ്ചകളൊക്കെ പുതിയത്. സ്വന്തം അഹത്തിന്റെ അഹന്തയുടെ അജ്ഞതയുടെ ലോകത്തിൽ നിന്നു താഴെ വീണുയർന്നവരെയെല്ലാം ഇനി കാത്തിരിക്കുന്നത് കാഴ്ചയുടെ പുതിയ ലോകങ്ങൾ തന്നെയാണ്. ഇനി ഹൃദയത്തിലേക്കു ക്രിസ്തു നടന്നുകയറിയ

www.malankaralibrary.com



ഒറ്റയടിപാതയിലൂടെ ഒരു സഞ്ചാരം. അവന്റെ പാദമുദ്രകൾ തേടി ഒരു പ്രയാണം. അന്നുവരെ മുറിവേൽപ്പിച്ചവരുടെ മുറിവുകളിൽ ചുംബിക്കുവാൻ, കുരിശിന്റെ പാതയിൽ പഥികനാകുവാൻ.. ക്രിസ്തുനാഥന്റെ ചോരയും വിയർപ്പും തെന്നുന്ന പാതയിലൂടെ യാനം ചെയ്യുവാൻ ഇതാ.. ഇന്ന് നിന്നെയും പരിശുദ്ധ റൂഹാ ക്ഷണിക്കുന്നു.

*"എല്ലാ വിശുദ്ധർക്കും ഒരു പഴയകാലമുണ്ടായിരുന്നു. എല്ലാ പാപികൾക്കും ഒരു വരുംകാലവുമുണ്ട്.. പരിശ്രമിച്ചാൽ ആർക്കും വിശുദ്ധരാകാം".* **– തോമസ് അക്വിനാസ്**

## ദാവീദ്

പിന്നിട്ട കനൽവഴികളിലെല്ലാം കൃപ ഒരു തോരാമാരിപോലെ പെയ്തിറങ്ങി അവനെ പുണർന്നിട്ടുണ്ട്. കദനങ്ങളിൽ കൈത്തലത്തിൽ ഏറ്റി പാലിച്ചിട്ടുണ്ട്. ഇല്ല... എങ്കിലും സാവൂൾ കർത്താവിനു മുന്നിൽ തിരസ്കൃതനായിരിക്കുന്നു. വലം കയ്യിൽ അഭിഷേകതൈലവുമായി ജെസ്സെയുടെ വീട്ടിൽ നിൽക്കുന്ന സാമുവേലിനു മുന്നിൽ തന്റെ രാജസങ്കൽപ്പങ്ങൾക്കിണങ്ങുന്ന ഏഴ് യുവപുരുഷകേസരികൾ നിരന്നു നിൽക്കുന്നു. ഏതു ശിരസ്സിലേക്കു തൈലം ഒഴിച്ചഭിഷേചിക്കണം എന്ന ധർമ്മ സങ്കടത്തിൽ നിൽക്കുന്ന സാമുവേൽ ഒരു നിമിഷത്തേക്കെങ്കിലും ജെസ്സെയുടെ മൂത്തപുത്രന്റെ ശരീരഭാഷയുടെ യോഗ്യതകളിൽ വീണുപോകുന്നുണ്ട്. അഭിഷേചിക്കാൻ മുന്നോട്ടാഞ്ഞ



www.malankaralibrary.com


സാമുവേലിനെ ആത്മാവു വിലക്കി. അരുത് ഇവനല്ല... പിന്നെ ചോദ്യം... "നിന്റെ കുടുംബത്തിൽ ഇനി ആരെങ്കിലുമുണ്ടോ?.. ഒടുവിൽ കുടുംബത്തിൽ കഴിവുകെട്ടവനായ, കൗമാരം പിന്നിടാത്ത ആട്ടിടയനായ ഇളയമകനെ വിളിക്കാൻ ജെസ്സെ നിർബന്ധിതനാകുന്നു. സാമുവേൽ ഹൃദയത്തോട് കാതോർത്തു.. റൂഹാ മന്ത്രിച്ചു.. അതെ ഇവൻ തന്നെ... മനുഷ്യസങ്കൽപ്പങ്ങൾക്കതീതമായ ദൈവീക പദ്ധതിയിൽ കഴിവില്ലെന്നും ചെറുതെന്നും പറഞ്ഞു മനുഷ്യർ മാറ്റിനിർത്തിയവർക്കാണ് സ്ഥാനം... അഭിഷേകതൈലം ബാലനായ ദാവീദിന്റെ ശിരസ്സിലേക്കൊഴിക്കപ്പെട്ടു. തുടർന്ന് മരണദൂത് പേറി ഗോലിയാത്ത് മുന്നിൽ നിൽക്കുമ്പോൾ കവണയിൽ കോർത്ത ഒരു വെള്ളാരം കല്ലുകൊണ്ട് വിജയഗാഥ രചിക്കുവാൻ ദൈവം അവനിൽ കനിയുന്നുണ്ട്. ഒടുവിൽ രാജകിരീടം ശിരസ്സിനലങ്കാരമായി വിരുന്നെത്തുമ്പോഴും അവന്റെ ഹൃദയം ഇങ്ങനെ മാത്രം മന്ത്രിച്ചു 'ഒരു കാര്യം ഞാൻ കർത്താവിനോട് അപേക്ഷിക്കുന്നു, ഒരുകാര്യം മാത്രം ഞാൻ തേടുന്നു. കർത്താവിന്റെ മാധുര്യം ആസ്വദിക്കാനും, കർത്താവിന്റെ ആലയത്തിൽ അവിടുത്തെ ഹിതം ആരായാനും വേണ്ടി, ജീവിതകാലം മുഴുവൻ അവിടുത്തെ ആലയത്തിൽ വസിക്കാൻ തന്നെ (സങ്കീ.27:4).

എന്റെ പ്രിയ വായനക്കാരാ ഒരു പക്ഷേ സമൂഹത്തിലും കുടുംബത്തിലുമൊക്കെ എനിക്കു തീരെ കഴിവില്ലായെന്നു ചിന്തിക്കുന്നവനാകാം നീ.. പക്ഷേ ഈശോയ്ക്ക് ആവശ്യം നിന്റെ ഒരുപിടി കഴിവുകളല്ല... മറിച്ച് സമർപ്പണമാണ്.. ഇതാ ഇന്ന്, ഈ നിമിഷം ഈശോ നിന്നെ ക്ഷണിക്കുന്നു. ആ ബലിപീഠത്തിനു മുന്നിൽ എരിയുന്ന കെടാവിളക്കുപോലെ എന്നും അവന് വേണ്ടി ജ്വലിക്കാൻ സ്വയം സമർപ്പിക്കാൻ നീ തയ്യാറാണോ..

*"നിങ്ങളെ തന്നെ ദൈവത്തിനു വിട്ടുകൊടുത്താൽ ദൈവം നിങ്ങളെ എന്താക്കി തീർക്കുമെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ"*

**- വി. ഇഗ്നേഷ്യസ് ലയോള**

www.malankaralibrary.com


## മോശ

രാജകൊട്ടാരത്തിന്റെ സുഖസുഷ്പ്തിയിൽ നിന്നും തട്ടിയുണർത്തി ഹോറേബിന്റെ താഴ്‌വരകളിലേക്ക് ദൈവം ഒരുവനെ അയയ്ക്കുന്നു. പച്ചമുൾപ്പടർപ്പ് അഗ്നിയുടുത്ത് നിൽക്കുന്നതുകാണുമ്പോൾ അൽപമൊന്ന് സന്ദേഹിക്കുന്നുണ്ട്. പിന്നെ ഉള്ളിലെ ആകാംഷ അവനെ മുന്നോട്ട് ക്ഷണിക്കുമ്പോൾ ദൈവം വിലക്കി. "അരുത് ഇവിടം വിശുദ്ധമാണ്. ഈ അഗ്നിയുടെ മുന്നിൽ ശുശ്രൂഷചെയ്യാൻ നീ നിന്റെ പാദരക്ഷകൾ അഴിച്ചുമാറ്റേണ്ടതുണ്ട്''. ഒടുവിൽ സ്വന്തം അഹത്തിന്റെ, ആസക്തികളുടെ, സ്വകാര്യസ്വപ്നങ്ങളുടെ, സ്വർത്ഥതയുടെ, ആഡംബരത്തിന്റെ ഒക്കെ പാദരക്ഷകൾ അഴിച്ചുമാറ്റി ആ പ്രകാശദീപ്തിയോട് നടന്നടുത്തു... നിയോഗം ഇത്രയേ ഉള്ളൂ. അടിമത്തത്തിന്റെ ചങ്ങലപ്പൂട്ടുകളിൽ കഴിയുന്ന ഇസ്രായേൽ ജനത്തിനുവേണ്ടി, ഫറവോയോട് സംസാരിക്കണം, ഒപ്പം അവരുടെ മടക്കയാത്രയിൽ ഇടയനാവണം" ...!! പറ്റില്ല!! പിന്നെ കരച്ചിലായി... നാവിനു വിക്കുണ്ട്, സംസാരിക്കാൻ അറിയില്ല, മുൻകോപം, എടുത്തുചാട്ടം, സഭാകമ്പം, പേടി, ജലദോഷം, പനി... കാരണങ്ങളുടെ കുറിപ്പടി നീളുകയാണ്. ഒടുവിൽ ഒരുവിധം പറഞ്ഞു സമാധാനിപ്പിച്ച് ഫറവോയുടെ പോർമുഖങ്ങളിലേക്കു ദൈവം അവനെ പറഞ്ഞയക്കുന്നു. പിന്നെ ദൈവകരുണ വെളിപ്പെടുന്ന കൂടാരമായി അവൻ മാറുന്നത്. അവന്റെ മുന്നിൽ ചെങ്കടൽ വഴിമാറുന്നു, മാറ മധുരമാകുന്നു, പാറ പിളർന്നും ജലം നൽകുന്നു, ആകാശം മന്നാ പൊഴിക്കുന്നു, അവസാനം തലമുറകളുടെ ഹൃദയത്തിൽ ദൈവം തുന്നിയ വാഗ്ദത്ത ഭൂമിയെന്ന സ്വപ്നചിറകുകൾ ലക്ഷ്യംകാണുന്നു. പ്രിയ സുഹൃത്തേ... എന്തുകൊണ്ടാവാം വലിയ കഴിവൊന്നും ഇല്ലാതിരുന്നിട്ടും, ബലഹീനനായിട്ടും സംസാരിക്കാനൊന്നും വലിയ കഴിവില്ലാതിരുന്നിട്ടും, ഇക്കൂട്ടത്തിൽ ആര് വൈദിക



www.malankaralibrary.com


നാകും എന്ന ചോദ്യത്തിനു മുന്നിൽ എല്ലാ വിരലുകളും നിന്നിലേക്കു നീട്ടപ്പെട്ടത്. അല്ലെങ്കിൽ എന്തിനാണ് ചിലപ്പോഴെങ്കിലും ആ കുർബാനകുപ്പായം നിന്റെ ചിന്തകളിൽ, സ്വപ്നങ്ങളിൽ സ്ഥാനം പിടിച്ചത്. മറ്റൊന്നിനുമല്ല... നിന്റെ കൈകളിലേക്ക് ഇറങ്ങിവരുന്നതായി ഈശോ എന്നും സ്വപ്നം കാണാറുണ്ട്.

*"ഞാൻ ഒരു മാലാഖയെയും വൈദികനെയും*
*ഒരുമിച്ചു കാണാനിടയായാൽ ഞാൻ ആദ്യം*
*വൈദികനെ വന്ദിക്കും"*

**- വി. ഫ്രാൻസിസ് അസ്സീസ്സി.**

**ഉപസംഹാരം**

ഇവർ മാത്രമല്ല, വി. ഗ്രന്ഥത്തിന്റെ താളുകൾ ഭൂരിപക്ഷവും എഴുതപ്പെട്ടിരിക്കുന്നത് ദൈവവിളി ഹൃദയത്തിൽ ഏറ്റുവാങ്ങിയ അനേകരുടെ ജീവിതവർണ്ണങ്ങളിൽ ചാലിച്ചാണ്. അവർക്കിടയിൽ ഭീരുവായ ഗിഥയോനുണ്ട്, സഹോദരനെ ചതിച്ചു നാടുവിട്ട യാക്കോബുണ്ട്, രക്തബന്ധങ്ങളാൽ തിരസ്കരിക്കപ്പെട്ട ജോസഫുണ്ട്, തങ്ങളുടെ ജീവിതസമൃദ്ധികൾ പിന്നിലുപേക്ഷിച്ചും ദൈവശബ്ദം പിൻചെന്ന അബ്രഹാമുണ്ട്, സക്കേവൂസുണ്ട്, അനുസരണംകെട്ടവനായ യോനയുണ്ട്, വിപ്രവാസത്തിന്റെ വേദനപേറുന്ന എസെക്കിയേൽ ഉണ്ട്. ചുരുക്കിപ്പറഞ്ഞാൽ നമ്മിൽ പലരെയുംപോലെ ലേശം തട്ടിപ്പും വെട്ടിപ്പും ദു:ഖവും ഒക്കെയായി ഒരു ഇടത്തരം ജീവിതം നയിച്ചുപോന്നവർ. എങ്കിലും തമ്പുരാൻ സ്നേഹിച്ചതും ഈ കുറവുകൾ ഉള്ളവരെ. പിന്നെ വിളി ഹൃദയത്തിലേക്കുവാങ്ങിയ നിമിഷം മുതൽ അവർ പുതിയ സൃഷ്ടികളായി മാറുന്നു. അവർക്കെങ്ങനെയാകാം. വിളിയോട് വിശ്വസ്ഥത കാണിക്കാൻ സാധിച്ചത്, ദൈവത്തിന്റെ മോഹങ്ങളോടൊപ്പം വളരാൻ സാധിച്ചത്, ആ രഹസ്യങ്ങളുടെ കലവറകൾ ദാ... ഇവിടെ തുറക്കപ്പെടാൻ പോവുകയാണ്. ശ്രദ്ധ പതറാതെ ഓരോരോ താളുകൾ മറിക്കുക, വരികളിലൂടെ നിങ്ങളുടെ മനസ്സിനെ യാത്രയാക്കുക, സഞ്ചാരം പൂർത്തിയാകുമ്പോഴേക്കും നിങ്ങൾ നിങ്ങളുടെ വിളി കണ്ടെത്തിയിരിക്കും.

www.malankaralibrary.com

# ഈശോ എന്നെ വിളിക്കുന്നുണ്ടോ

***നിന്റെ കരങ്ങളിലേയ്ക്കു ഇറങ്ങിവരുന്നതായി ഈശോ എന്നും സ്വപ്നം കാണാറുണ്ട്***



“മാതാവിന്റെ ഉദരത്തിൽ നിനക്കു രൂപം നൽകുന്നതിനു മുൻപേ ഞാൻ നിന്നെ അറിഞ്ഞു. ജനിക്കുന്നതിനു മുൻപേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു; ജനതകൾക്കു പ്രവാചകനായി ഞാൻ നിന്നെ നിയോഗിച്ചു” (ജെറ.1:5)

www.malankaralibrary.com


'റഫായേൽ..... റഫായേൽ' ....... വിളികേട്ടപാടെ റഫായെൽ മാലാഖ ദൈവസന്നിധിയിൽ ഓടിക്കിതച്ചെത്തി.

റഫായേൽ : ദൈവമേ അരുളിയാലും

ദൈവം : ഞാൻ സൃഷ്ടിച്ച ഭൂമി, അതിലെ എന്റെ മക്കൾ, എല്ലാവരും തങ്ങളുടെ ജീവിത നിയോഗം മറന്നു ജീവിക്കുന്നു. അവരുടെ ഹൃദയം എന്നിലേക്കുതിരിക്കാൻ ഞാനിതാ ഒരു പുരോഹിതന് ജന്മം നൽകാൻ പോകുന്നു. അവന്റെ ഭൂമിയിലെ വാഴ്വ് മുഴുവൻ നീ അവനോടൊപ്പം ഉണ്ടാവണം.

റഫാ : അവിടുത്തെ ഹിതംപോലെ. എങ്കിലും അങ്ങ് ഇതേ നിയോഗം നൽകി അയച്ച എത്രയോ പേർ ഇന്നും അങ്ങയെ അറിയാതെ ജീവിക്കുന്നു.

ദൈവം : സാരമില്ല. കണ്ടില്ലെ ദേ... അതിലൊരുവൻ ഈ പുസ്തകവും വായിച്ചുകൊണ്ടിരിക്കുന്നു.

www.malankaralibrary.com


“എന്നാൽ, ഞാൻ മാതാവിന്റെ ഉദരത്തിൽ ആയിരിക്കുമ്പോൾ തന്നെ ദൈവം എന്നെ പ്രത്യേകം തെരഞ്ഞെടുത്തു; തന്റെ കൃപയാൽ അവിടുന്ന് എന്നെ വിളിച്ചു” (ഗലാ. 1:15).

5:2 “കർത്താവേ, അരുളിചെയ്താലും, അങ്ങയുടെ ദാസൻ ഇതാ ശ്രവിക്കുന്നു” (1സമു.2:9).

ഭൂമിയിലെ ഒരു കുഞ്ഞിന്റെയും ജനനം യാദൃശ്ചികമോ, മാതാപിതാക്കളുടെ തെരഞ്ഞെടുപ്പോ അല്ല. പ്രപഞ്ചസ്രഷ്ടാവിന്റെ അതിമനോഹരമായ കിനാവാണവൻ. അതുപോലെ നീയും ആദ്യമായ് ജന്മമെടുത്തത് ഈ വിശ്വശിൽപിയുടെ ഹൃദയത്തിലാണ്. പിന്നെ ഒരു വലിയ നിയോഗവും വഹിച്ചുകൊണ്ട് ഈ ഭൂമിയിൽ ജനിച്ചു, ഈ നിയോഗം കണ്ടെത്തുന്നതാണ് നിന്റെ ‘ദൈവവിളി’. ആ നിയോഗത്തെപ്പറ്റി നിന്റെ ഹൃദയം നിരന്തരം നിന്നോട് സംസാരിക്കുന്നുണ്ട്. ശാന്തമായി... നിന്റെ ഹൃദയത്തിൽ.. ദേ... ഈ മന്ത്രണങ്ങൾ കേൾക്കുന്നുണ്ടോ എന്നു കാതോർക്കുക.

- പുരോഹിതൻ ആകണം എന്നചിന്ത മനസ്സിൽ പലപ്പോഴും കടന്നുവരാറുണ്ടോ.
- ദൈവാലയത്തിലെ കാര്യങ്ങൾ ചെയ്യുമ്പോൾ നിനക്ക് മനസിൽ സന്തോഷം തോന്നാറുണ്ടോ.
- വിശുദ്ധരെപ്പറ്റി വായിക്കുകയും കേൾക്കുകയും ചെയ്യാൻ താൽപര്യം ഏറെയുണ്ടോ.
- കുട്ടിക്കാലത്ത് പുരോഹിതരെപ്പോലെ പെരുമാറാനും, അണിഞ്ഞൊരുങ്ങാനും ആഗ്രഹം കാട്ടിയിട്ടുണ്ടോ.
- പാവങ്ങളെ കാണുമ്പോൾ ഒത്തിരി കാരുണ്യം തോന്നാറുണ്ടോ.
- വിശുദ്ധരുടെ ജീവിത സന്ദേശങ്ങൾ സ്പർശിച്ചിട്ടുണ്ടോ.
- വിശുദ്ധരെപ്പോലെ ആകണം എന്നുതോന്നിയിട്ടുണ്ടോ.
- കുടുംബത്തിലെ പ്രാർത്ഥനാന്തരീക്ഷം നിന്നെ സന്തോഷിപ്പിക്കുന്നുണ്ടൊ.
- നിനക്കു അച്ചനാകാനുള്ള യോഗ്യതയുണ്ടെന്ന് ആരെങ്കിലും പറഞ്ഞിട്ടുണ്ടോ.
- ഈശോ ഈ ലോകത്തിൽ ഒറ്റപ്പെടുന്നു എന്ന ചിന്ത കടന്നു

www.malankaralibrary.com


വരാറുണ്ടോ.

- വചനപ്രഘോഷകരെ കാണുമ്പോൾ അങ്ങനെയാവണം എന്ന ചിന്ത മനസ്സിൽ വന്നിട്ടുണ്ടോ.
- എന്തുലഭിച്ചാലും പങ്കുവയ്ക്കുന്ന സ്വഭാവം നിനക്കുണ്ടോ.
- എന്തിനും നന്ദിപ്രകടിപ്പിക്കുന്ന ശീലം ഉണ്ടോ.
- ഒരപ്പനെപ്പോലെ, കൂട്ടുകാരനെപ്പോലെ, സഹോദരനെ എന്നപ്പോലെ ദൈവത്തോട് സ്വതന്ത്രമായ് സംസാരിക്കാറുണ്ടോ.
- വ്യക്തിപരമായ പ്രാർത്ഥന നടത്തുന്ന വ്യക്തിയാണോ നിങ്ങൾ.
- ദൈവവചനം വായിക്കാനും, ധ്യാനിക്കാനും സമയം കണ്ടെത്താറുണ്ടോ.

*"കുരിശിന്റെ പാതയിലെ ഉള്ളുരുകുന്ന കണ്ടുമുട്ടൽ അമ്മയും മകനും മുഖാമുഖം.... രക്തം വഴുതുന്ന മകന്റെ കരങ്ങളിൽ പിടിച്ച് അമ്മ ഈശോയുടെ കാതിൽ മന്ത്രിച്ചത് നിന്റെ പേരായിരുന്നു. പിന്നെ ആ കുരിശിൽ തലചായ്ച്ചുമരിക്കുവോളം അവന്റെ മനസ്സുനിറയെ നീയായിരുന്നു. അപ്പോഴും താഴെനിന്ന് അമ്മ നിനക്കുവേണ്ടി മാത്രം പ്രാർത്ഥിക്കുന്നുണ്ടായിരുന്നു. നിന്റെ മനസ്സിൽ ഒരു കുർബാനക്കുപ്പായത്തിന്റെ കനവ് ഊതിയുണർത്താൻ".*

www.malankaralibrary.com

# വെല്ലുവിളികൾ

***നിന്നെ പ്രണയിച്ചതിന്റെ പേരിൽ പ്രാണൻ വെടിഞ്ഞവനെപ്പറ്റി ഓർക്കുമ്പോൾ വെല്ലുവിളികൾ കെട്ടടങ്ങുന്നു.***



"മകനേ, നീ കർത്തൃ ശുശ്രൂഷയ്ക്ക് ഒരുമ്പെടുന്നെങ്കിൽ പ്രലോഭനങ്ങളെ നേരിടാൻ ഒരുങ്ങിയിരിക്കുക" (പ്രഭാ.2:1)

www.malankaralibrary.com



കോഴി : നിന്റെ ഗുരു എവിടെ?

പത്രോസ് : ഏത് ഗുരു?

കോഴി : നീ ദൈവപുത്രനെന്ന് ഏറ്റുപറഞ്ഞവൻ തന്നെ!

പത്രോസ് : ഓ... ഈ തിടുക്കപ്പെട്ട് അന്വേഷിക്കുന്നതെന്ത്?

കോഴി : നീ തള്ളിപ്പറഞ്ഞോ എന്നറിയാൻ

പത്രോസ് : തള്ളിപ്പറഞ്ഞാൽ എന്ത്

കോഴി : ഓ ഒന്നുമില്ല നിന്റെ ഗുരുപന്തയത്തിൽ തോറ്റിരിക്കുന്നു. നീ അവനെ തള്ളിപ്പറയില്ലെന്ന് ഒരു നൂറുവട്ടം അവൻ എന്നോട് പറഞ്ഞിരുന്നു. എന്നിട്ടും നീ..

(ഞെട്ടലോടെ തിരിഞ്ഞ പത്രോസിനെതേടി കനിവാർന്ന ഗുരുവിന്റെ മിഴികൾ എത്തി. പത്രോസിന്റെ കാൽചുവട്ടിൽ ഭൂമിപിളരുംപോലെ പശ്ചാത്തലത്തിൽ കോഴി നീട്ടി കൂവിക്കൊണ്ടിരുന്നു. നിന്റെ ഗുരു എവിടെ)

www.malankaralibrary.com


വെല്ലുവിളികളില്ലാത്ത ജീവിതാന്തസ്സുകളില്ല. കുടുംബജീവിതമായാലും പൗരോഹിത്യമാണെങ്കിലും, സന്യാസമാണെങ്കിലും വെല്ലുവിളികൾ കൂടെപ്പിറപ്പുകൾ തന്നെ. ഇവ സമർപ്പിത ജീവിതവുമായി ബന്ധപ്പെടുമ്പോൾ ക്രിസ്തുവുമായുള്ള ദൈവിക ബന്ധത്തിന് ആഴം കൂട്ടുന്നു. സമർപ്പിത ജീവിതം അതിന്റെ സ്വഭാവത്തിൽത്തന്നെ വെല്ലുവിളികൾ നിറഞ്ഞ ജീവിതമാണ്. പൗരോഹീത്യ ജീവിതം തെരഞ്ഞെടുക്കാൻ കരുത്തുകാട്ടുക എന്നതുതന്നെ ഒരു വെല്ലുവിളിയാണ്. കുടുംബജീവിതവും സമർപ്പിത ജീവിതവും തമ്മിൽ ഏറ്റക്കുറച്ചിലുകൾ ഇല്ലെങ്കിലും സമർപ്പിത ജീവിതത്തിന്റെ സാധ്യത കുറച്ചുകൂടെ വലുതാണ്. ക്രിസ്തുവിന്റെ ശിഷ്യഗണത്തിൽ എപ്പോഴും രണ്ടുകൂട്ടർ ഉണ്ടായിരുന്നു.

1. തങ്ങളുടെ ജീവിത രീതികളിൽ നിന്നുകൊണ്ട് (കുടുംബജീവിതം) ഈശോയെ അനുഗമിച്ചവർ.
2. തങ്ങളെത്തന്നെ പൂർണമായി നൽകിക്കൊണ്ട് ഈശോയെ അനുഗമിച്ചവർ (അപ്പസ്തോലർ)

സമർപ്പിതജീവിതം എന്നാൽ ഇതിൽ രണ്ടാമത്തെ തരക്കാരാവുക എന്നർത്ഥം. ജീവിതത്തിൽ ഒരു നിമിഷം പോലും മറന്നുപോകാതെ ക്രിസ്തു എന്ന വ്യക്തി നമ്മുടെ ചിന്തകളിൽ സജീവമാവുക എന്നു സാരം. ശരിക്കും 12 അപ്പസ്തോലന്മാരെ കണക്ക് ജീവിക്കുക. ഈശോ തന്റെ ഹൃദയരഹസ്യങ്ങൾ വെളിപ്പെടുത്തിയതും ഇവർക്കു മുന്നിൽ മാത്രമാണ്. അങ്ങനെ എങ്കിൽ എന്റെ ഹൃദയം ഈശോയുടെ ഹൃദയവുമായി മാറാനുള്ള വലിയ സാധ്യതയാണ് പൗരോഹിത്യം. ഈ വലിയ സാധ്യതയെ ഒരുവൻ സ്വപ്നം കാണുമ്പോൾ അവന് ചില ഉപേക്ഷകൾ നടത്തേണ്ടിവരും. അങ്ങനെ ഈ വലിയ സാധ്യതയ്ക്കുവേണ്ടിയുള്ള ചെറിയ ചെറിയ ഉപേക്ഷകളും പ്രതിസന്ധികളുമാണ് വെല്ലുവിളികൾ. ഈ വെല്ലുവിളികൾ പ്രധാനമായും രണ്ടുതരമാണ്.

1. ചുറ്റുപാടുകളിൽ നിന്നു രൂപപ്പെടുന്നത്.
2. ഒരുവന്റെ ഉള്ളിൽ രൂപപ്പെടുന്നത്.

www.malankaralibrary.com



### 3:3 (1) ചുറ്റുപാടുകൾ ഉയർത്തുന്ന വെല്ലുവിളികൾ

ചുറ്റിലും അലയടിച്ചുയരുന്ന തിരമാലകൾ, അലറിയടിക്കുന്ന കടൽക്കാറ്റ്, ആടിയുലയുന്ന കപ്പൽ, നെഞ്ചത്തടിച്ചു കരയുന്ന ശിഷ്യ ഗണം, വിഴുങ്ങാൻ കാത്തിരിക്കുന്ന കടൽച്ചുഴികൾ, തകരുന്ന അമരം എങ്കിലും അവിടൊരാൾ തലയിണവച്ച് ശാന്തനായ് ഉറങ്ങുന്നുണ്ട്. വേദപുസ്തകം കാട്ടിത്തരുന്ന മനോഹരമായ ചിത്രത്തിലൊന്നാണിത്. ചുറ്റിലും എത്ര വെല്ലുവിളികൾ ഉയർന്നാലും ശാന്തമായി അതിനെ നേരിടുക എന്നത് വലിയ പ്രതിസന്ധിയാണ്. അതിന് ശരിക്കും ഈശോയായി മാറണം എന്നുസാരം. ഈ വളർച്ചയിൽ നമ്മെ തടസ്സപ്പെടുത്തുന്ന ചെറിയ ചെറിയ കാര്യങ്ങളാണ് ചുറ്റുപാടിൽനിന്നു നാം നേരിടേണ്ടിവരുന്ന വെല്ലുവിളികൾ.



തെറ്റിദ്ധരിക്കപ്പെടൽ, അപവാദങ്ങൾ വ്യക്തിഹത്യ ഏൽക്കേണ്ടിവരിക എന്നിവ ഈ വെല്ലുവിളികളുടെ ഒരു മാനമാണ്. എന്നാലും ചിലപ്പോഴെങ്കിലും ക്രിസ്തുവിന്റെ മൂല്യങ്ങളുടെ കാവൽക്കാരാകേണ്ടവർ അതുമറക്കുമ്പോൾ ബാക്കിയുള്ള ഭൂരിപക്ഷം വരുന്ന സമർപ്പിതർക്ക് അത് വെല്ലുവിളികൾ വർദ്ധിപ്പിക്കുന്നു. സമൂഹമാധ്യമങ്ങൾ ദൈവനാമ മഹത്വത്തിനുവേണ്ടി മാത്രം ഉപയോഗിക്കുമ്പോഴും പണം കണ്ടെത്തി സ്വന്തകാര്യങ്ങൾ ചിട്ടപ്പെടുത്തുന്നതിനു പകരം ദൈവജനത്തിന്റെ ക്ഷേമത്തിനായി ഉപയോഗിക്കുമ്പോഴും ഈ വെല്ലുവിളികളെ തരണം ചെയ്യാൻ സാധിക്കും. എങ്കിലും ഒരു പുരുഷായുസ്സ് മുഴുവൻ സമർപ്പിച്ചിട്ടും കാതലുള്ള ചില ബോധ്യങ്ങളിലെത്താതിരിക്കുക എന്നത് വേദനാജനകമാണ്. ക്ലാസ്മുറിയിൽ പഠിച്ചതൊക്കെ അവസാന പരീക്ഷയിൽ മറന്നുപോകുന്ന കുട്ടിയെപ്പോലെ നീണ്ടവർഷംകൊണ്ട് നേടിയെടുത്ത ആത്മീയ ജ്ഞാനമൊക്കെയും പ്രവർത്തനപഥത്തിൽ എത്തുമ്പോൾ കൈവിട്ടുപോകുന്ന അവസ്ഥ. ഇവിടെയാണ് വെല്ലുവി

www.malankaralibrary.com


ളികൾ നമ്മെ ശക്തരാക്കുന്നത്. കാറ്റടിക്കുമ്പോൾ മരങ്ങൾ കടപുഴകി വീഴാറുണ്ട്, എങ്കിലും ആ പ്രദേശത്തെ എല്ലാ മരങ്ങളും വീഴുന്നുണ്ടോ? ഇല്ല.. അപ്പോൾ വേരുറപ്പുണ്ടാവുക എന്നതാണ് കാര്യം. അതിന് ഏറ്റവും ആവശ്യം കുരിശിൻ ചുവട്ടിലിരുന്ന് ധ്യാനിക്കുക എന്നതാണ്. ക്രൂശിതനോളം വെല്ലുവിളികൾ നേരിട്ട മറ്റാരും ഈ ലോകഭൂപടത്തിൽ ജനിച്ചിട്ടില്ല. ദാരിദ്ര്യമാണ് നിന്റെ വെല്ലുവിളി എങ്കിൽ അവനോളം ദരിദ്രനായി മറ്റാരും ജീവിച്ചിട്ടില്ല. എല്ലാത്തിന്റെയും ഉടയവൻ സർവ്വവും വെടിഞ്ഞ് നസ്രത്തിന്റെ നാഴിയിടങ്ങഴിമണ്ണിൽ മുട്ടിലിഴഞ്ഞതും, തല ചായ്ക്കാൻ ഒരിടമില്ലാതെ അലഞ്ഞുനടന്നതും എല്ലാം അതിന് ഉദാഹരണങ്ങളാണ്. ഇതുപോലെ ഈശോയുടെ ജീവിതത്തിലെ മുഴുവൻ വേദനകളും വേദപുസ്തകത്തിൽ നിന്ന് അരിച്ചെടുത്ത് വായിച്ചാലും നമുക്കു കാണാൻ സാധിക്കുന്ന ഈശോ ഈ ലോകത്തിലെ സർവ്വ ദുഃഖങ്ങളും വെല്ലുവിളികളും അനുഭവിച്ചവനാണ്. എന്നിട്ടും അവന് പറയാനുള്ളത് ഇത്രമാത്രം "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമേ നിങ്ങൾ എന്റെ അടുത്തുവരുവിൻ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം". ഇത്രയും വേദന ഏറ്റെടുത്ത ഹൃദയം. എങ്കിലും അവിടെ എല്ലാവർക്കും ഒരിടം കണ്ടെത്താൻ സാധിക്കുന്നു. ഈ വിളിയാണ് ഓരോ പുരോഹിതനും സ്വീകരിക്കുന്നത്. സ്നേഹിതാ നീ മാത്രം ഒറ്റയ്ക്കു വഴി വെട്ടിതെളിയിക്കേണ്ട ഒറ്റയടിപ്പാതയാണ് ക്രിസ്തു. അവയ്ക്കിടയിൽ വരുന്ന വെല്ലുവിളികൾക്ക് അവൻ തന്നെ ശരണം. ഇരുകരങ്ങളും കൂപ്പി അവന്റെ കുരിശിനുമുന്നിൽ മുട്ടുകുത്തുക... ആ ആണിപ്പഴുതുള്ള കരങ്ങളിൽ നിനക്കുള്ള ആശ്വാസം ഉണ്ടാകും, തീർച്ച.

*"നിനക്കുവേണ്ടി ജീവിച്ചവനല്ലേ ഞാൻ, നിനക്കുവേണ്ടി മുറിവേറ്റവനല്ലേ ഞാൻ, എന്റെ മുറിവിന്റെ ആഴങ്ങൾ നിനക്കിനിയും അറിയില്ലെങ്കിൽ ദേ ഈ നെഞ്ചിൽ വിരലിട്ട് നോക്ക്" ഒരുപൊട്ടിക്കരച്ചിലോടെ തോമസ് പറഞ്ഞു "എന്റെ കർത്താവേ എന്റെ ദൈവമേ" പിന്നെ ഭാരതമണ്ണിൽ മുറിവേറ്റു പിടയുമ്പോഴും തോമസ് കരഞ്ഞിട്ടില്ല.*

www.malankaralibrary.com


### 3:4 (2) ഉള്ളിൽ രൂപപ്പെടുന്ന വെല്ലുവിളികൾ

*"നിങ്ങളുടെ കയ്യിലെന്തെങ്കിലുമുണ്ടോ" പതിനായിരത്തിൽപരം ജനഹൃദയങ്ങളിൽ ഈ വചന വിത്തുവീണു. പുൽത്തകിടിയിലിരുന്ന ഒരുബാലൻ കയ്യിലെ ഭക്ഷണപ്പൊതിയെടുത്ത് കുപ്പായത്തിനുള്ളിലാക്കി. പിന്നെ സന്ദേഹം .......... കൊടുക്കണോ? അല്ലെങ്കിൽ വേണ്ട തിരിച്ചുകിട്ടുമെന്ന് എന്താ ഉറപ്പ്. "നിങ്ങളുടെ കയ്യിലെന്തെങ്കിലുമുണ്ടോ? വീണ്ടും ആ ശബ്ദം അവന്റെ ഹൃദയനിലത്തു വീണു. കൊടുക്കാം..... വേണ്ട.... കൊടുക്കണോ.... വേ....ണ്ട...ഓ... അല്ലെങ്കി കൊടുത്തേക്കാം... പിന്നെ അവൻ ഭക്ഷണപൊതിയുമായി എഴുന്നേറ്റു.*

മനുഷ്യമനസ്സോളം സങ്കീർണമായ മറ്റൊന്നില്ല. ഓരോ നിമിഷവും എന്തുമാത്രം സംഘർഷങ്ങൾക്കാണ് അത് വിധേയമാവുക. വിഭവസമൃദ്ധമായ ഭക്ഷണമേശ നിങ്ങൾക്കു മുന്നിലിരിക്കുന്നു എന്നു കരുതുക. എന്തുമാത്രം ചിന്തയ്ക്കൊടുവിലാണ് അവയിൽനിന്നും ഒന്ന് നാം തിരഞ്ഞെടുക്കുക. ഇതുപോലെ ഒരുവൻ നടത്തുന്ന ഓരോ തിരഞ്ഞെടുപ്പിനും പിന്നിലെ സമ്മർദ്ദമാണ് അവനുള്ളിലെ വെല്ലുവിളി. മുന്നിൽ ഒന്നിലധികം സാധ്യതകൾ ഉള്ളപ്പോഴാണ് തിരഞ്ഞെടുപ്പ് അനിവാര്യമായ് വരിക. ഉദാഹരണത്തിന് ഒരേ വിലയുള്ള രണ്ടക്ക വാച്ച് ഒരു സുഹൃത്ത് നിങ്ങൾക്കുമുന്നിൽ വച്ച് നീട്ടിയാൽപ്പോലും എന്തുമാത്രം ചിന്തക്കൊടുവിലാണ് അതിലൊരെണ്ണം നിങ്ങൾ സ്വന്തമാക്കുക. ഗാഢമായ ചിന്തയ്ക്കൊടുവിൽ നല്ലതും നന്മയുമായ തീരുമാനത്തിലെത്തുക എന്നതാണ് സമർപ്പിതർ എപ്പോഴും നേരിടുന്ന വെല്ലുവിളി. നമ്മുടെ കൈത്തലംപോലെ നമുക്കുസുപരിചിതമായ സുവിശേഷത്താളുകൾ കാട്ടിത്തരുന്ന മനോഹരമായ ചിത്രമുണ്ട്. ദേവാലയമാണ് പശ്ചാത്തലത്തിൽ. രണ്ടു ഭക്തർ അവിടേക്കു



www.malankaralibrary.com


കടന്നുവന്ന് ആഘോഷമായി പ്രാർത്ഥിക്കുന്നു. എങ്കിലും ഒടുവിൽ ക്രിസ്തുമൊഴിയുന്നു ഒരാൾ മറ്റയാളെക്കാൾ നീതീകരിക്കപ്പെട്ടു എന്ന്. കാരണം, ഇതിൽ ചുങ്കക്കാരൻ തന്റെ കുറവുകളെ നോക്കി അനുതപിച്ചപ്പോൾ ഫരിസേയൻ തന്റെ നന്മകളെ നോക്കി അഭിമാനിച്ചു. ക്രിസ്തുവിന്റെ ഹൃദയത്തിൽ ഇടം കണ്ടെത്തിയതോ അനുതപിച്ച ചുങ്കക്കാരന്റെ ഹൃദയവും. ശരിക്കും ഈ രണ്ടു പ്രാർത്ഥനകളും ഈശോയുടെ ഹൃദയത്തിലെത്തുമ്പോൾ അവിടെയും ഒരു തിരഞ്ഞെടുപ്പു നടന്നിരിക്കണം. അവസാനം ആ ഹൃദയഭൂമിയിൽ പാർക്കാൻ ചുങ്കക്കാരന് ഒരിടം കിട്ടുന്നു. ഈ ലോകത്തെ സകലമാന വെല്ലുവിളികളുടെയും അടിസ്ഥാനം ഇതാണ്. എന്റെ ഇന്ദ്രിയങ്ങൾക്കു മുന്നിൽ വിരുന്നെത്തുന്ന കാര്യങ്ങളെ ഞാൻ എങ്ങനെയാണ് മനസ്സിലാക്കുന്നത്. ഉദാഹരണത്തിന് രണ്ട് സുഹൃത്തുക്കൾ നഗരം കാണാൻ ഇറങ്ങി എന്നു കരുതുക. ഒന്നാമൻ ഭക്ഷപ്രിയനും രണ്ടാമൻ സിനിമാപ്രിയനുമാണെന്നിരിക്കട്ടെ. ഒരു ദിവസത്തെ യാത്രക്കൊടുവിൽ ഒന്നാമൻ കണ്ടെത്തുക നിരത്തിലെ മുഴുവൻ ഹോട്ടലിന്റെ പേരും സ്ഥലവും ആയിരിക്കും. രണ്ടാമനോ എല്ലാ സിനിമാശാലകളുടേയും പേരും സ്ഥലവും കണ്ടെത്തും. ശരിക്കും അവരുടെ യാത്രയിൽ അവർ ഇതുമാത്രമാണോ കാണാനിടയായത്. അല്ല, അപ്പൊ അതാണ് വാസ്തവം. നമ്മുടെ മനസ്സിനിണങ്ങിയ മട്ടിലാണ് നാം ലോകത്തെ വ്യാഖ്യാനിക്കുന്നത്. അത് പലപ്പോഴും നമ്മെ തിന്മയിലേക്കു സ്വാധീനിച്ചേക്കാം. വെല്ലുവിളികൾക്കു മുന്നിൽ വീണു പോയേക്കാം. അങ്ങനെയെങ്കിൽ ഇനി ഒരു മാതൃകയെ നമുക്കുമുന്നിലുള്ളൂ. കണ്ടുമുട്ടിയ സർവ്വവെല്ലുവിളികളെയും വിജയിച്ച ക്രിസ്തു. അവന്റെ കണ്ണുകളിലൂടെ നാം കാണാൻ ശ്രമിക്കുക. ഏതുകാര്യം ചെയ്യുമ്പോഴും ഈശോ എന്താവും ഇതിനെപ്പറ്റി ചിന്തിച്ചിട്ടുണ്ടാവുക എന്ന തലത്തിലേക്കു ചിന്തിക്കുക. അപ്പോൾ സമർപ്പിത ജീവിതത്തിന് അർത്ഥവും വ്യാപ്തിയും ഉണ്ടാകുന്നു. ഒപ്പം വെല്ലുവിളികളെ അതിജീവിക്കാനുള്ള കരുത്തും ജീവിതത്തിനു ലഭിക്കുന്നു.

www.malankaralibrary.com

www.malankaralibrary.com



# വെല്ലുവിളികളെ അതിജീവിച്ചവർ

***അവന്റെ തലയോട് പിളർന്നിറങ്ങിയ മുൾക്കിരീടത്തിന് അവനെ വേദനിപ്പിക്കാനായില്ല, കാരണം അവൻ നിന്നെ സ്നേഹിക്കുക യായിരുന്നു.***



"പിതാവേ, അങ്ങേയ്ക്ക് ഇഷ്ടമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്നു അകറ്റണമേ. എങ്കിലും എന്റെ ഹിതമല്ല അവിടുത്തെ ഹിതം നിറവേറട്ടെ" (ലൂക്കാ.22:42)

www.malankaralibrary.com



**"കനത്ത നെഞ്ചുനോവിന്റെ ഭാരവുമായി ഗത്സമനിയുടെ ഉൾ അടരുകളിൽ പൊട്ടിക്കരയുന്ന ഈശോ... വേദനയുടെ ആധിക്യം മൂലം മേനിയിൽ നിന്നു കിനിയുന്ന രക്തതുള്ളികൾ കണ്ട് നെഞ്ചുനുറുങ്ങിയ അപ്പൻ സ്വർഗ്ഗത്തിൽ നിന്നും ഗബ്രിയേലിനെ ആശ്വസിപ്പിക്കാനായി പറഞ്ഞയക്കുന്നു. ഇല്ല... കഴിയുന്നില്ല. വേദന അപ്പോഴും ഒരു ചില്ലുമഴപോലെ ഹൃദയപേശികളിൽ വീണുടയുന്നു". അത്രയ്ക്ക് ഉള്ളു നുറുങ്ങുന്നുണ്ടെങ്കിൽ എന്റെ മകൻ ഈ പാനപാത്രം കുടിക്കണ്ട എന്ന് പറയാൻ ദൈവപിതാവ് ഒരുങ്ങിയതാവണം. പക്ഷേ പെട്ടെന്നാണ് കാതങ്ങൾക്കിപ്പുറം ജനിക്കാൻ പോകുന്ന നിന്റെ മുഖം ഈശോയ്ക്ക് ഓർമ്മവന്നത്. പിന്നെ സങ്കടമായി, ഇടറിക്കൊണ്ട് മൊഴിഞ്ഞു. "അപ്പാ ഞാൻ ഇന്ന് ഈ പാനപാത്രം തട്ടിമാറ്റിയാൽ ദേ അവനെങ്ങനെ രക്ഷനേടും. സാരമില്ല എന്റെ വേദനകളെക്കാൾ എനിക്കുവലുത് അവനാണ്. പിന്നെ അവൻ പ്രത്യാശയോടെ എഴുന്നേറ്റു. അവന്റെ മനം മുഴുവൻ നീയായിരുന്നു. പിന്നിൽ മുഴങ്ങുന്ന മുപ്പതുവെള്ളിയുടെ കിലുങ്ങുന്ന ശബ്ദം കേൾക്കുമ്പോഴും അവൻ മൊഴിഞ്ഞു: നിനക്കുവേണ്ടി നിനക്കുവേണ്ടി മാത്രം. യൂദാസിന്റെ ചുടുചുംബനം ഏൽക്കുമ്പോഴും അവൻ ഇതുതന്നെ പറഞ്ഞുകൊണ്ടിരുന്നു.....**

www.malankaralibrary.com


## മൊളൊക്കൊയുടെ അപ്പസ്തോലൻ



വിറയാർന്ന ശരീരവും അതിലേറെ വിങ്ങുന്ന മനവുമായി മൊളോക്കൊയുടെ പാതയോരങ്ങളിൽ ഇടറി.. ഇടറി ഒരുവൻ നടന്നടുക്കുന്നു. ജീർണിച്ച വസ്ത്രശകലങ്ങൾ മേനിയോട് പറ്റിയിരിക്കുന്നു. പൊട്ടിയൊലിക്കുന്ന വലംകണ്ണിൽ നുരക്കുന്ന ഒരുപറ്റം പുഴുക്കൾ. അഴുകി ഒലിക്കുന്ന വിരൽതുമ്പുകൾ, മൂർദ്ധാവിലും മാറിലും പൊട്ടിയൊലിക്കുന്ന വ്രണങ്ങൾക്കിടയിൽ അന്നം തിരയുന്ന പുഴുക്കൾ. ഛലം വമിക്കുന്ന ചുണ്ടുകൾ, ജീർണിച്ച കാൽമുട്ടുകൾ ഒരുവിധം നിലത്തമർത്തി അവൻ നെഞ്ചുപൊട്ടി ആർത്തലച്ച് പാപം ഏറ്റുപറയാൻ തുടങ്ങി. അവന്റെ ചലം തെറിക്കുന്ന ചുമയും, അഴുകിയ വൃണങ്ങളുടെ അസഹനീയമായ ദുർഗന്ധവും വകവയ്ക്കാതെ ക്ഷമയോടെ അവനെ കേട്ടുകൊണ്ടിരിക്കുന്ന ഒരു വൈദികൻ. ഒടുവിൽ ശരീരത്തിലും മുഖത്തും വീണ തുപ്പൽ തുടച്ചുമാറ്റി തന്റെ മുന്നിൽ കുമ്പിട്ടിരിക്കുന്ന കുഷ്ഠരോഗിയെ ഇരുകരങ്ങളാൽ താങ്ങിയുയർത്തി, പിന്നെ ഓരോരോ വൃണങ്ങൾ കഴുകിതുടച്ച് ചുംബിക്കുവാൻ തുടങ്ങി. ഒരു പക്ഷേ വായനയുടെ മുഹൂർത്തങ്ങളിൽ നിങ്ങളുടെ മനസ്സിനെ ഉലയ്ക്കുന്ന ഒരുപിടി ചിത്രങ്ങളാവാം മുകളിൽ വായിച്ചത്. പക്ഷേ ഇത് സത്യമാണ്. ഉറ്റവരെപോലും ശത്രുക്കളാക്കുന്ന കുഷ്ഠം ഒരു മാറാരോഗമായി വ്യാപിച്ച കാലഘട്ടത്തിൽ അവരെ കൊല്ലാൻ മനസ്സുവരായ്കയാൽ അതിനുതുല്യമായ ഒരു ഉപേക്ഷിക്കൽ നടത്തിയിരുന്നു. മൊളോക്കൊ എന്ന ദ്വീപിലേക്ക് അഴുകുന്ന ശരീരവും വൃണിതമായ മനവുമായി ഒരുപറ്റം കുഷ്ഠരോഗികൾ അനുദിനം ഉപേക്ഷിക്കപ്പെടുമ്പോൾ അവരുടെ നരകയാതനകൾ കണ്ടുനിൽക്കാൻ ക്രിസ്തുവിന്റെ സ്നേഹത്താൽ

www.malankaralibrary.com


ആർദ്രമായ ഒരു പുരോഹിതനു കഴിഞ്ഞില്ല. കശാപ്പിനുള്ള മൃഗങ്ങളെന്നവണ്ണം കുഷ്ഠരോഗികളെ കുത്തിനിറച്ച ഒരു കപ്പൽ തീരം വിടും മുമ്പ് ഒരു യാത്രക്കാരനതിലേക്കു ഓടിക്കയറി. ചോദ്യം... 'എന്താപേര്?' ഫാ. ഡാമിയൻ ആ യുവവൈദികൻ പിന്നെ തന്റെ പുരുഷായുസ്സു മുഴുവൻ ജീവപര്യന്തം എന്നവണ്ണം മൊളൊക്കൊയുടെ ജീർണിച്ച, ഇരുളടഞ്ഞ തെരുവീഥികളിൽ ഉടച്ചഭിഷേകം ചെയ്തു. ഒടുവിൽ ആരെയും ഭയപ്പെടുത്തുന്ന ഈ രോഗം തന്റെ ശരീരത്തെ കാർന്നു തിന്നുമ്പോഴും ആ പുരോഹിതൻ തന്റെ സൗഖ്യശുശ്രൂഷ തുടർന്നു. ക്രൂശിതന്റെ ചിത്രം തീർക്കേണ്ട യഥാർത്ഥ ക്യാൻവാസ് സ്വശരീരമാണെന്നു കാട്ടിക്കൊടുത്തുകൊണ്ട് ഈ സഹനപുത്രൻ ലോകത്തിൽ നിന്നു വിടവാങ്ങി. ദരിദ്രരോടും പാവങ്ങളോടും എന്തിനേറെ നമ്മുടെ വൃദ്ധമാതാപിതാക്കൾക്കുപോലും സുരക്ഷിതത്വം വാഗ്ദാനം ചെയ്യാൻ സാധിക്കാത്ത ഒരു സമൂഹസംസ്കാരത്തിൽ ഇന്നും തലയെടുപ്പോടെ ഉയർന്നുനിൽക്കുന്നു ഈ വിശുദ്ധന്റെ ജീവിതം. അങ്ങനെ എങ്കിൽ ഇതുപോലൊരു ജീവിതം തുന്നാൻ നമുക്കും സാധിക്കില്ലേ. ക്രിസ്തുവിന്റെ കാൽച്ചുവട്ടിൽ ഉടച്ചഭിഷേകം ചെയ്യപ്പെട്ട തൈലം പോലെ സ്വന്തം ആഗ്രഹങ്ങളും, സ്വപ്നങ്ങളും, കഴിവുകളും, കുറവുകളും, നെഞ്ചിലുണരുന്ന താരാട്ടുപാട്ടുമൊക്കെ അവനുവേണ്ടി സമർപ്പിക്കാൻ ഒരുവൻ തയ്യാറാവുന്നിടത്ത് കാതലുള്ള ഒരു പുരോഹിതൻ ജനിക്കുന്നു.

## മരക്കൂടിനെ പ്രണയിച്ചവൻ

ആർസിലെ ദൈവാലയം. പള്ളിപ്പടവുകൾ കടന്നു അകത്തേക്കു പ്രവേശിച്ച ഒരു ചെറുപ്പക്കാരൻ ദൈവാലയത്തിനുള്ളിലെ മരക്കൂടിനു മുന്നിൽ മുട്ടുകുത്തി, പിന്നെ പതിയെ പാപങ്ങൾ ഏറ്റുപറയാൻ തുടങ്ങി. ഏറെ താമസിച്ചില്ല മരക്കൂട്ടിലെ കമ്പി അഴികൾക്കുള്ളിൽ നിന്നും ഒരു തേങ്ങൽകേട്ടു. പിന്നെ തേങ്ങൽ കരച്ചിലിനു വഴിമാറി, ഒടുവിൽ പൊട്ടിക്കരച്ചിലായി. ആശ്ചര്യഭരിതനായ ചെറുപ്പക്കാരൻ കുമ്പസാരക്കൂട്ടിനുള്ളിലെ വൈദികനെ നോക്കി ചോദിച്ചു. “എന്റെ പാപങ്ങൾ കേട്ടിട്ട് അങ്ങെന്തിനാണ് കരയുന്നത്?” വിതുമ്പലടക്കിപ്പിടിച്ച ഒരു ശബ്ദം മറുപുറത്തുനിന്ന് അവനെ തേടിയെത്തി. “അത്.... അത്..... നീ കരയാത്തതുകൊണ്ട്” അനേകരുടെ പാപസങ്കീർത്തനങ്ങൾ കേട്ടിരുന്ന് അവർക്കു പാപമോചനം നൽകിയ കുമ്പസാരക്കൂട്ടിലെ രക്തസാക്ഷി

www.malankaralibrary.com



എന്നറിയപ്പെടുന്ന വി. ജോൺ മരിയ വിയാനിയായിരുന്നു ആ വൈദികൻ. പരിശീലനകാലത്ത് ഒട്ടനവധി ക്ലേശങ്ങൾ സഹിക്കേണ്ടിവന്ന ഒരു ചെറുപ്പക്കാരൻ, അവസാനം ഹൃദയത്തിൽ സൂക്ഷിച്ചിരുന്ന പ്രാർത്ഥനാജീവിതത്തിന്റെ മാത്രം യോഗ്യതയിൽ പുരോഹിതനായി. ദൈവസ്നേഹം വറ്റി അസാൻമാർഗ്ഗികളായിതീർന്ന ആർസിലെ ജനതയുടെ ഇടയനായി നിയമിതനാകുമ്പോൾ, മണ്ടനെന്നു മുദ്രകുത്തി മാറ്റിനിർത്തിയ വിയാനിയിൽ നിന്നും സഭ അധികമൊന്നും പ്രതീക്ഷിച്ചിട്ടുണ്ടാവില്ല. ആർസിലെ വെല്ലുവിളികൾക്കു മുന്നിൽ തീരെ കഴിവുകളില്ലാത്ത വിയാനിയച്ചന് ആശ്രയം സക്രാരിമാത്രമായി. ദൈവാലയത്തിലെ നമസ്ക്കാര



മേശയ്ക്കു മുന്നിൽ മുട്ടുകുത്തി കരങ്ങൾ വിരിച്ചുപിടിച്ച് മണിക്കൂറോളം പ്രാരത്ഥിച്ചുകൊണ്ടിരിക്കുന്ന അച്ചനെ അനുദിനം കണ്ടുതുടങ്ങിയ ജനങ്ങൾ മനം തിരിയാൻ തുടങ്ങി. പതിയെ പതിയെ യുക്തിദർശനങ്ങളും അസാൻമാർഗ്ഗിക ജീവിത ക്രമങ്ങളും കെട്ടടങ്ങി. അനേകം പരിത്യാഗ പ്രവർത്തികൾ ജീവിതത്തിൽ ശീലമാക്കിയ അദ്ദേഹം ഇപ്രകാരം പറഞ്ഞു "പാപികൾക്കു ഞാൻ ചെറിയ പ്രായശ്ചിത്തം നൽകും, ബാക്കി അവർക്കു പകരം ഞാൻ ചെയ്യും". ജീവിതമൂല്യങ്ങൾ താളം തെറ്റിയ ആർസിലെ ജനതയെ ഭക്തരായ് മാറ്റാൻതക്കവണ്ണം പരിത്യാഗപ്രവർത്തികളും പ്രാർത്ഥനയും ഏറ്റെടുത്ത മരിയവിയാനി ഇന്നും ഒരു വെല്ലുവിളിയായി നമുക്കുമുന്നിൽ നിൽക്കുന്നു. സ്വാർത്ഥതയില്ലാതെ, തിരിച്ചൊന്നും പ്രതീക്ഷിക്കാതെ, സ്നേഹിക്കാൻ സാധിക്കുക, ശുശ്രൂഷിക്കാൻ സാധിക്കുക, പങ്കുവയ്ക്കാൻ സാധിക്കുക എന്നത് എത്രയോ ആനന്ദമാണ്. ഗോതമ്പ് മണിപോലെ അഴുകാൻ, മെഴുകുതിരിപോലെ പ്രകാശമേകി ഉരുകി മറയാൻ, ചെടിക്കുജന്മം നൽകി കടന്നുപോകുന്ന വിത്താകാൻ സാധിക്കുക എത്രയോ വലിയ അത്ഭുതമാണ്. ചുരുക്കത്തിൽ ഈശോയുടെ ഹൃദയം ലഭിക്കുക എന്നർത്ഥം. നമ്മെപോലത്തെ

www.malankaralibrary.com



മരിയവിയാനിക്കതിനു സാധിച്ചെങ്കിൽ എന്തുകൊണ്ട് നിനക്കതു സാധിച്ചുകൂടാ. മുന്നിലെ വെല്ലുവിളികളെയോർത്ത് ഒരിക്കലും ആകുലപ്പെടരുത്. കാരണം ദേ ഇവർ ഈ വെല്ലുവിളികൾ നിഷ്പ്രയാസം നേരിട്ടവരാണ്.

*"ഞാനിപ്പോൾ വിലയേറിയ ഒരു ചാരം ഉണ്ടാക്കി. ഞാൻ 200 ഫ്രാങ്കിന്റെ നോട്ട് കത്തിച്ചു. ഓ ഞാൻ എന്റെ ഈശോക്കെതിരായി ഒരു ലഘുപാപം ചെയ്യുന്നതോളം വലിയ കാര്യമല്ലിത്"*

**- വി.മരിയവിയാനി**

## ദൈവത്തിന്റെ പ്രിയപ്പെട്ട പുരോഹിതാ സമാധാനത്താലെ പോവുക

ഹിറ്റ്ലറിന്റെ പടയോട്ടങ്ങൾ മാനവികതയുടെ നെഞ്ചിൽ ചോര പടർത്തിയ 2-ാം ലോകമഹായുദ്ധകാലം. നാസിതടങ്കലുകളിലും ഭൂഗർഭ അറകളിലും ശ്വാസത്തിനും നിശ്വാസത്തിനും ഇടയിൽ പ്രാണന്റെ പിട



പ്പുകൾ നിലനിർത്താൻ പാടുപെട്ട് ഒടുവിൽ മരണത്തിലേക്കു വഴുതി പോകുന്ന ഒരുപറ്റം ജനങ്ങൾ. യഹൂദരും ക്രിസ്തുമത പ്രചാരകരുമെല്ലാം തന്നെ ഗ്യാസ് ചേംബറുകൾക്കുള്ളിൽ ശ്വാസിക്കാനുള്ള അവകാശം പോലും നിഷേധിക്കപ്പെട്ട് മരണം വരിച്ച കാലത്തിലെ ഒരു പുലരിയിൽ നാസി കോൺസന്റ്റേഷൻ ക്യാമ്പിൽ നിന്ന് മൂന്ന് തടവുകാർ രക്ഷപ്പെട്ടതായി അധികൃതർ അറിയുന്നു. അരിശവും അതിലേറെ പ്രതികാരവും ഇരച്ചുകയറിയ ക്യാമ്പ് കമാൻഡർ നടന്ന സംഭവത്തിൽ ശക്തമായ അമർഷത്തോടെ പറഞ്ഞു. മൂന്നിനു പകരം 10 പേരെ ഭൂമിക്കടിയിലെ അറയിൽ പട്ടിണിക്കിട്ടുകൊല്ലുക. ഉത്തരമറിഞ്ഞ 10 പേരിൽ

www.malankaralibrary.com


ഒരാൾ വാവിട്ടു കരയാൻതുടങ്ങി. "എന്റെ ഭാര്യ, എന്റെ മക്കൾ ദയവായി എന്നെ വെറുതെ വിടണേ, ഞാൻ മരിച്ചാൽ പിന്നെ അവർ അനാഥരാകും". ചങ്കുലയ്ക്കുന്ന നിലവിളികേട്ട് ചുറ്റുംനിൽക്കുന്ന പട്ടാളക്കാർ കളിയാക്കിച്ചിരിക്കുമ്പോൾ, അവിടെയുണ്ടായിരുന്ന തടവുകാർക്കിടയിലെ വൈദികരിലൊരാൾ സധൈര്യം മുന്നോട്ടു വന്നു "സർ അയാളെ വെറുതെ വിടൂ. പകരം എന്നെ കൊന്നോളൂ" ശബ്ദം കേട്ട ദിക്കിലേക്കു നോക്കിയ കമാൻഡർ ധീരനും നിശ്ചയദാർഢ്യവുമുള്ള ആ തടവുകാരനെ തിരിച്ചറിഞ്ഞു. 'ഫാദർ മാക്സ്മില്യൻ കോൾബേ' "സ്നേഹിതനുവേണ്ടി ജീവൻ അർപ്പിക്കുന്നതിലും വലിയ സ്നേഹമില്ലെന്നു പറഞ്ഞ യേശുനാഥന്റെ വാക്കുകൾ മാംസം ധരിക്കുന്ന നിമിഷങ്ങളായിരുന്നു അത്. അപരനുവേണ്ടി ജീവിക്കാൻ തെല്ലുനേരം പോലും കണ്ടെത്താൻ ആർക്കും കഴിയാതെ പോകുന്ന ഈ ലോകത്തിൽ ഒരു ജീവിതം മുഴുവൻ ഒരുവനുവേണ്ടി ബലിനൽകാൻ തയ്യാറായ കോൾബെ ഏതൊരു വ്യക്തിയുടെയും മിഴികൾ നനയ്ക്കും. ശരിക്കും ഓരോപുരോഹിതന്റെയും ചിത്രമാണ് വി. കോൾബെ. അറിയാത്തൊരു ജനതക്കിടയിൽ സ്വർഗ്ഗം വിതക്കാൻ തയ്യാറാകുന്നവർ. സ്വന്തം ജീവിതത്തിലെ മുഴുവൻ സമയവും മറ്റുള്ളവർക്കായ് വ്യയം ചെയ്യുന്നതും ചോരപൊടിയാത്ത ബലിതന്നെ. എങ്കിലും പരിഭവങ്ങളില്ല. കാരണം ഹൃദയം പിഴിഞ്ഞ് വീഞ്ഞും, മാംസം പകുത്ത് അപ്പമായും നൽകാൻ തയ്യാറായവനു എന്താണു പകരം നൽകാനാവുക. തീർച്ചയായും അവനുവേണ്ടി ഉയിരുപോലും പകരം വയ്ക്കണം. ഒരു പക്ഷേ നിനക്കും അതിനു സാധിക്കും. നമുക്കുവേണ്ടിമരിച്ച ഈശോയെ സജീവമായി ഇന്നും നിലനിർത്താൻ.. അല്ലെങ്കിൽ യാദൃശ്ചികമാണെങ്കിൽ പോലും നീ ഈ വരികൾ വായിക്കില്ലായിരുന്നു.

*"ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം. സ്നേഹിതനുവേണ്ടി ജീവൻ നൽകുന്നതിലും വലിയ സ്നേഹമില്ല"* (യോഹ.15:...).

www.malankaralibrary.com


## ഭാരതം കേട്ടുണർന്ന മണിനാദം


1535-ലെ ഒരു സായാഹ്നം, വെന്നിസ് പട്ടണത്തിലെ പേരുകേട്ട ഒരു ആശുപത്രിയുടെ വരാന്തയിൽകൂടെ ന... വ്; തനിക്കുചുറ്റും കാണുന്ന രോഗികളെ സ്പർശിച്ചും, ആശ്വസിപ്പിച്ചും, പരിചരിച്ചും വന്ന ആ യുവാവ് പെട്ടെന്ന് തെല്ല് നിന്നു. മുന്നിൽ ഒരു കുഷ്ഠരോഗി, ശരീരം മുഴുവൻ ചീഞ്ഞളിഞ്ഞിരിക്കുന്നു. പൊട്ടിയൊലിക്കുന്ന വ്രണങ്ങൾ. പെട്ടെന്ന് ആ യുവാവിന്റെ മനസ്സുനിറയെ അറപ്പും, വെറുപ്പും നിറഞ്ഞു പൊന്തി. പതിയെ ആ രോഗിയെ തഴഞ്ഞ് കടന്നുപോകാൻ തുടങ്ങി. മനസാക്ഷിയിൽ ഒരു നോവുപടർന്നു. കണ്ണുകളിൽ ഇരുൾ നിറയാൻ തുടങ്ങി. ഹൃദയസ്പന്ദനം കൂടി. ഉള്ളിൽ നിർത്താതെ മുഴങ്ങുന്ന ദൈവസ്വരം. "ഈ ചെറിയവരിൽ ഒരുവന് ചെയ്തപ്പോൾ നീ എനിക്കുതന്നെയാണ് ചെയ്തുതന്നത്" പതിയെ നിന്നു തിരിഞ്ഞ് ആ കുഷ്ഠരോഗിക്കരികിലേക്കു ചെന്നു. അവനെ അവഗണിച്ചതിന് പ്രായശ്ചിത്തം എന്നോണം ആ രോഗിയുടെ പുറത്തെ വ്രണത്തിലെ പൊറ്റൻ എടുത്തു വിഴുങ്ങി. ഒരു പക്ഷേ വായനയുടെ മുഹൂർത്തങ്ങളിൽ ഏതൊരു വായനക്കാരനെയും ഉലയ്ക്കുന്ന ചിത്രങ്ങളാണിത്. പക്ഷേ ഇത് കെട്ടുകഥയല്ല. ഭ്രമകൽപ്പനയുമല്ല, മറിച്ച് ഫ്രാൻസിസ് സേവ്യർ എന്ന യുവാവിന്റെ ജീവിതത്തിലെ നാഴികകല്ലായി മാറിയ സംഭവമാണിത്. ഭാരതമണ്ണിൽ സുവിശേഷത്തിന്റെ പുതിയ ചരിത്രം രചിക്കാൻ ഫ്രാൻസിസിന്റെ ഹൃദയത്തിനു കരുത്തു പകർന്ന സംഭവം.



## വിശുദ്ധ ഓസ്കാർ റൊമേരോ

കനലെരിഞ്ഞു കത്തുന്ന സൂര്യനുകീഴിൽ പിടഞ്ഞൊടുങ്ങുന്ന ഒരുപിടി മനുഷ്യജന്മങ്ങൾ. വെടിയുണ്ടകൾ നിരപരാധികളെ കൊന്ന് കൊയ്തുകൂട്ടുന്നു. നിരത്തുകളിൽ ജീവനറ്റുകിടക്കുന്ന മേനികളിൽ ഉറ്റ

www.malankaralibrary.com

വരെ തിരഞ്ഞ് അലമുറയിട്ട് കരയുന്ന ഒരു പറ്റം മനുഷ്യജന്മങ്ങൾ. ഒരു ഭാഗത്ത് കർഷകരുടെ രക്തം കുതിർന്ന അന്നം ഭക്ഷിച്ച് അധികാരമേശക്കായി അടികൂടുന്ന ഭരണകർത്താക്കൾ. അവരുടെ കിരാതമായ നിയമങ്ങൾ നടപ്പിലാക്കുന്ന കരുത്തുറ്റ പട്ടാളമേധാവികൾ. ഇരുവരെയും ആയുധം കൊണ്ട് ചെറുക്കാം എന്ന നിണംമണക്കുന്ന തീരുമാനവുമായി ഫാസിസ്റ്റു മുന്നണികൾ. മറുഭാഗത്ത് ഇവരുടെ പോർമുഖങ്ങൾക്കിടയിൽപ്പെട്ട് പ്രാണന്റെ പിടപ്പുകൾ നിലനിർത്താൻ പാടുപെടുന്ന വിശ്വാസജനങ്ങൾ. ദൈവാലയത്തിലേക്കു നിറയൊഴിക്കാനായി കാത്തുനിൽക്കുന്നവരെക്കണ്ട് പള്ളി മണിയടിക്കാൻ ഓടിയ മിഘുവേൽ എന്ന ചെറുബാലന്റെ നെഞ്ചുതുളച്ച് ഒരു വെടിയുണ്ട കടന്നുപോയിട്ട് അധികനേരമൊന്നും ആകുന്നില്ല. ഇരുളടഞ്ഞ കണ്ണുമായി ഒരുപറ്റം വിശ്വാസികൾ കാത്തുനിൽപ്പുണ്ട്. അവരുടെ മിഴികളിൽ ഇനിയും പ്രതീക്ഷയുടെ അവശേഷിപ്പുകൾ ബാക്കിയുണ്ടെങ്കിൽ അത് ഊതിയുണർത്തേണ്ടേ....

സാന്റിയാഗോ ഡേ മരിയ രൂപതയുടെ കത്തീഡ്രലിൽ കുർബാനയ്ക്കായി കാപ്പായണിഞ്ഞുകൊണ്ടിരുന്ന ബിഷപ്പ് റൊമേരോയുടെ കണ്ണുകൾ നിറഞ്ഞൊഴുകി. തൂവാലയെടുത്ത് മുഖമമർത്തിത്തുടച്ചു. ഇല്ല.. ഞാൻ കരയാൻ പാടില്ല. ഇടയനാണ്, ജനങ്ങളുടെ പ്രതീക്ഷയാണ്. ഇടറുന്ന പാദങ്ങളുമായി പരി. അൾത്താരയിലേയ്ക്ക് പ്രവേശിച്ച് സക്രാരിയെ നോക്കി വണങ്ങുമ്പോൾ നുറുകൂട്ടം ആകുലതകൾ ചിത്തത്തിലേക്കിരച്ചുകയറി. ഈ സക്രാരിയെ നോക്കിയല്ലേ ഞാൻ പറയേണ്ടത, എന്റെ ഏക ആശ്രയമാണെന്ന്, അമ്മയുടെ താരാട്ടാണെന്ന്, അപ്പന്റെ കരുതലാണെന്ന്, എന്നിട്ടെവിടെ എന്നെ പൊതിഞ്ഞുനിൽക്കുന്ന നിന്റെ സ്നേഹം. അഞ്ച് പുരോഹിതൻമാരല്ലേ ഈ ദിവസങ്ങളിൽ നിഷ്ക്കരുണം കൊലചെയ്യപ്പെട്ടത്. ഇല്ല ഈശോയെ എനിക്കു പരാതിയില്ല. പരാജിതന്റെ ദൈവമാണ് നീ. നിന്നോട് ഞാൻ എത്രയോവട്ടം കലഹിക്കുന്നു, എത്രയോ പരാതിപറയുന്നു, എങ്കിലും

www.malankaralibrary.com


കരഞ്ഞുകലങ്ങിയ കണ്ണുമായി ഇവിടെ തലകുനിക്കുമ്പോൾ നീ എന്റെ കണ്ണുകൾക്കു തൂവാലയായി മാറുന്നു. ചുട്ടുപൊള്ളുന്ന നെഞ്ചിൽ നീ നനുത്ത ചുംബനത്തിന്റെ തനിമചാർത്തുന്നു. ഇടറുന്ന മേനിയെ നിന്റെ നെഞ്ചോടു ചേർത്തു പുണരുന്നു. ഇല്ല, ഈശോയെ എനിക്കു നിരാശയില്ല. കാരണം ഇത് സമർപ്പിതന്റെ ജീവിതമാണ്. കലഹത്തിനൊടുവിൽ കൈകോർക്കുമ്പോൾ സ്നേഹത്തിനു വീര്യം കൂടും. നിന്റെ അനന്തമായ സ്നേഹത്തിന്റെ ഈ ബലി അർപ്പിക്കാൻ എന്നെ യോഗ്യനാക്കണമേ. ബിഷപ്പ് റൊമേരോ, ഹൃദയം നുറുങ്ങി ബലിയർപ്പിക്കാൻ തുടങ്ങി. ബലിമധ്യേ യോഹന്നാന്റെ സുവിശേഷമായിരുന്നു അദ്ദേഹം വായിച്ചത് (12:23-26) "മനുഷ്യപുത്രൻ മഹത്വപ്പെടാനുള്ള സമയമായിരിക്കുന്നു" ക്രിസ്തുവിന്റെ ജീവിതത്തിൽ അവനേറ്റ ഓരോ സഹനവും എടുത്തുപറഞ്ഞ് അവന്റെ സഹനങ്ങളിൽ പങ്കാളിയാകാൻ ബിഷപ്പ് റൊമേരോ വിശ്വാസജനത്തെ ഉദ്ബോധിപ്പിച്ചു. ഈശോയുടെ മേനിയിൽ ചോര ചാലുകീറി ഒഴുകിയ മുറിപ്പാടുകളും, കുരിശിലേക്കു വലിച്ചെറിഞ്ഞു പാദപാണികൾ ആണിയാൽ കോർത്തതും, ശിരസ്സൊന്നനങ്ങിയാൽ തലയോട് പിളർന്നിറങ്ങുന്ന മുൾക്കിരീടവും ഒടുവിലാ ഹൃദയം കുത്തിത്തുറക്കപ്പെട്ടതും ഒക്കെ ജനമനസ്സുകളിൽ വീണ്ടും പ്രതീക്ഷകളുടെ പ്രകാശം ചാർത്തിക്കൊടുത്തു. തോമാശ്ലീഹായെപ്പോലെ അവരും പറഞ്ഞു. "വരൂ നമുക്കൊന്നിച്ചുപോയി അവനുവേണ്ടി മരിക്കാം". "ഠേ" പെട്ടെന്ന് കാതടപ്പിക്കുന്ന വെടിയൊച്ച ദൈവാലയമാകെ ഭീതിപടർത്തി. ക്രിസ്തുവിന്റെ സ്നേഹത്താൽ ആർദ്രമായ ബിഷപ്പ് റൊമേരോയുടെ ഹൃദയം പിളർന്ന് ഒരു വെടിയുണ്ടകടന്നുപോയി. ക്രൂശിതന്റെ ചോരയും വിയർപ്പുംതെന്നുന്ന ആ ബലിവേദിയിൽ അദ്ദേഹത്തിന്റെ ചോരയും പടർന്നു. ഹൃദയം പിഴിഞ്ഞ് വീഞ്ഞായി നൽകിയവനു ഉയിരുപോലും പറിച്ചുനൽകി ബിഷപ്പ് ആ ബലിവേദിയിൽ വച്ച് ഈ ലോകത്തോട് വിടപറഞ്ഞു.

സ്നേഹിതാ, ക്രിസ്തുവിനുവേണ്ടി ധീരനായ ഈ ഇടയൻ ആത്മാർപ്പണം നടത്തിയത് നൂറ്റാണ്ടുകൾക്കൊന്നും പുറകിലല്ല. ബിഷപ്പ് റൊമേരോ തന്നെ ഒരു രക്തപുഷ്പമായി ഈശോയ്ക്ക് സമർപ്പിച്ചത് 1980 മാർച്ച് 24 നായിരുന്നു. സമൂഹത്തിന്റേ പിന്നാമ്പുറങ്ങളിലേക്ക് ദൈവസ്നേഹത്തിന്റെ ജ്വാലയുമായി കടന്നുചെല്ലുവാൻ, അശരണർക്ക് ആലംബമേകുവാൻ, സഹനത്തിന്റെ കാസയിൽ

www.malankaralibrary.com


സ്വന്തരക്തം ഒഴുക്കി അനേകർക്കു ജീവനായ് വിളമ്പുവാൻ, ഈശോയ്ക്ക് കുറച്ച് വൈദികരെവേണം. എന്തേ... നീ തയ്യാറാണോ.

## ദൈവദാസൻ മാർ ഈവാനിയോസ്

ദൈവാലയത്തിൽ കൂടിനിന്നവരെല്ലാം പരസ്പരം എന്തൊക്കെയോ പറയുന്നുണ്ട്. പലരുടെ മുഖത്തും പരിഭ്രമം നിഴലിച്ചുകാണാം. ദേ 'ആ വഴിക്കാണ് പോയത്' ആരോ പറയുന്നത് കേട്ടു. കൊടുങ്കാറ്റിൽ മരങ്ങൾ കടപുഴകിവീഴുന്ന ശബ്ദം പലയിടത്തും കേൾക്കാം. ഇടിവെട്ടിപ്പെയ്യുന്ന മഴ, മുട്ടോളം വെള്ളം നിറഞ്ഞൊഴുകുന്നു. ഇരച്ചൊഴുകുന്ന തോടിന്റെ ശബ്ദം ഭയാനകമായി മുഴങ്ങുന്നു. ഇടവിടാതെ ആകാശത്തു ചിമ്മിയുണരുന്ന കൊള്ളിയാൻ ഭൂതലമാകെ നടുക്കുന്നു. പള്ളിക്കുള്ളിൽ പരിഭ്രാന്തനായിരിക്കുന്ന തോമാപ്പണിക്കരുടെ തോളിൽ തട്ടി യാക്കോബായ സഭാതലവൻ പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് തിരുമേനി പറഞ്ഞു. ''ശങ്കിക്കേണ്ട, അവൻ



സമർദ്ധനാ. ഇപ്പോ ഇങ്ങെത്തും' വീട്ടിനാൽ ശെമ്മാശനെ കാണാൻ ഇടവകപള്ളിയിലെത്തിയതാണ് മെത്രാപ്പോലീത്ത. ശെമ്മാശനെ ആരു കൂട്ടിക്കൊണ്ടുവരും എന്ന ചോദ്യത്തിനുമുന്നിൽ പള്ളിയിലെ സകല പ്രമാണിമാരും ശിരസ്സുനമിച്ചു. ദിക്കുകൾ നടുക്കുന്ന ഇടിമുഴക്കത്തിനും കുത്തിയൊഴുകുന്ന വെള്ളപ്പാച്ചിലിനും വേരുപിഴുതെറിയുന്ന കൊടുങ്കാറ്റിനും ഇടയിൽകൂടെപോയി ശെമ്മാശനെ കൂട്ടിക്കൊണ്ടുവരാൻ ആരാണ് ധൈര്യപ്പെടുക. പക്ഷേ ഒരു ബാലൻ അതിനു മനോധൈര്യം കാട്ടിയിരിക്കുന്നു. തോമാപണിക്കരുടെ മകനാണ് 'പി. ടി ഗീവർഗ്ഗീസ്'. ആശങ്കകൾക്കൊക്കെ വിരാമമിട്ടുകൊണ്ട് നനഞ്ഞുകുളിച്ച്

www.malankaralibrary.com


പി.ടി.ഗീവർഗ്ഗീസ് എത്തി. ഒപ്പം ശെമ്മാശനും ഉണ്ട്. മാർ ദിവന്നാസേ്യാസ് തിരുമേനി അവനെ ചേർത്തുപിടിച്ചു ചോദിച്ചു "എന്തേ, നീ എന്നോടൊപ്പം പോരുന്നോ" കേൾക്കേണ്ടതാമസം പി.ടി.ഗീവർഗ്ഗീസ് അതിനു സമ്മതം മൂളി. പിന്നെ അപ്പനോടായി ചോദ്യം. ആദ്യമൊന്ന് മടിച്ചെങ്കിലും മകനെ തിരുമേനിയുടെകൂടെ വിടാമെന്നു സമ്മതിച്ചു. മക്കൾ ദൈവത്തിന്റെ ദാനമല്ലേ. ഭൂമിയിൽ അവരുടെ സൂക്ഷിപ്പുകാർ മാത്രമല്ലെ മാതാപിതാക്കൾ. അപ്പൊ ദൈവം ആവശ്യപ്പെടുമ്പോൾ മകനെ വിടാതിരുന്നാലോ. തോമാപണിക്കർ സ്വയം പറഞ്ഞാശ്വസിച്ചു. മകനെ ദൈവവേലയ്ക്കു സമർപ്പിച്ച് നടന്ന തോമാപ്പണിക്കർ അറിഞ്ഞിരുന്നില്ല. മലങ്കരസഭയെ പുനരൈക്യവെളിച്ചം കാട്ടാനുള്ള മഹാത്മാവാണ് തന്റെ കുഞ്ഞെന്ന്. നേട്ടങ്ങൾക്കു മാത്രം സ്ഥാനമുള്ള ഈ അതിജീവനഭൂമിയിൽ സ്വന്തമായുള്ളവ മുഴുവൻ വെടിഞ്ഞ് ക്രിസ്തുവിനെ നേടുക എന്നതാണ് ശരിക്കും ശിഷ്യത്വത്തിന്റെ അടിസ്ഥാനമൂല്യം. ദൈവം മാത്രം മൂലധനമായി ഉള്ളവനേ തികവുറ്റ ഒരു മിഷണറിയാകാൻ സാധിക്കൂ. സെറാമ്പൂരിൽ മോഹനതുല്യമായ വേതനം കൈപ്പറ്റുമ്പോഴും ഈവാനിയോസ് പിതാവിന്റെ മനസ്സിനെ അലട്ടിയിരുന്നത് ഭാരതസുവിശേഷവത്കരണത്തെപ്പറ്റിയുള്ള സ്വപ്നങ്ങളാണ്. ഒടുവിൽ സെറാമ്പൂരിലെ എല്ലാ ആനുകൂല്യങ്ങളും പദവിയും സമ്പത്തും എല്ലാം വിട്ടുപേക്ഷിച്ച് കാഷായവസ്ത്രം ധരിച്ച്, മൺചട്ടി എടുത്ത് ഒരു താപസജീവിതത്തിനായി മുണ്ടൻമലകയറുമ്പോഴും ഈ ജ്ഞാനവൃദ്ധന്റെ മൂലധനം ക്രിസ്തു മാത്രമായിരുന്നു. അധികാരവും സ്വത്തും മാത്രം ലക്ഷ്യമിട്ടു പ്രവർത്തിക്കുന്ന സഭാനേതൃത്വവും ചേരിതിരിഞ്ഞ് പരസ്പരം ആക്രമിക്കുന്ന സഭാമക്കളും എല്ലാം ചോരവാർന്നൊഴുകുന്ന ഈശോയുടെ സഭാഗാത്രത്തെ വീണ്ടും വീണ്ടും മുറിപ്പെടുത്തുമ്പോൾ അവർക്കുവേണ്ടി സ്വയം പ്രായശ്ചിത്തം അനുഷ്ഠിക്കാൻ മാർ ഈവാനിയോസ് പിതാവ് ഒരുങ്ങിയത് ഉള്ളുനിറയെ ക്രിസ്തു ഉള്ളതിനാലായിരുന്നു. ഒടുവിൽ എന്റെ സമൂഹം വിശുദ്ധീകരിക്കപ്പെടണമെങ്കിൽ ആദ്യം ഞാൻ വിശുദ്ധീകരിക്കപ്പെടണം എന്നോതി സെറാമ്പൂരിലെ സകലപദവികളും ഉപേക്ഷിച്ച്, കാഷായവേഷം ധരിച്ച് ഭിക്ഷുവിനെപ്പോലെ ഉപവാസത്തിലും പരിത്യാഗത്തിലും പതിനൊന്ന് വർഷം കടന്നുകൂടിയ ഓരോ തരിമണ്ണിലും തന്റെ വിയർപ്പിന്റെ ഗന്ധമുള്ള പെരുന്നാട്ടിലെ നാനൂറ് ഏക്കർ സ്ഥലവും

www.malankaralibrary.com


അതിന്റെ ആസ്തിയും ഓർത്തഡോക്സ് സഭയ്ക്കു നൽകി ശൂന്യമായ കരങ്ങളുമായി പുനരൈക്യത്തിന്റെ പുതുപിറവികൾ തേടി ഇറങ്ങുമ്പോൾ അദ്ദേഹത്തിനു സമ്പാദ്യമായി ഉണ്ടായത് ദൈവാശ്രയം മാത്രമായിരുന്നു. ദൈവത്തിന്റെ അനന്തമായ കരുതലിലേക്കുള്ള എടുത്തുചാട്ടം. ഓരോനിമിഷവും ശൂന്യമായ തന്റെ കരങ്ങളെ ചേർത്തുപിടിച്ചുനടക്കുന്ന അദൃശ്യനായ ദൈവത്തിന്റെ സാനിദ്ധ്യത്തെപ്പറ്റിയുള്ള പരിപൂർണ്ണവിശ്വാസം. ഇതാണ് മാർ ഈവാനിയോസ് പിതാവിനെ മലങ്കരമക്കളുടെ ഗുരുനാഥനായ് മാറ്റുന്നത്.

ഇന്നും മലങ്കരസഭയുടെ സമ്പാദ്യം മാർ ഈവാനിയോസ് പിതാവിന്റെ ജീവിത വിശുദ്ധിതന്നെയാണ്. പരസ്പരം കലഹിച്ച് മൃതമായ ഒരു സഭയിൽ നിന്നു മിഷൻ ചൈതന്യമുള്ള കത്തോലിക്കാസഭയിലേക്കുള്ള ചുവടുമാറ്റം ഒരു സാധാരണക്കാരന്റെ ബോധ്യങ്ങൾക്കിണങ്ങുന്ന ഒന്നല്ല. മറിച്ച്, നിരന്തരം ദൈവത്തോട് കലഹിച്ചും സ്നേഹിച്ചും പ്രത്യാശമുഴുവൻ ദൈവത്തിലർപ്പിച്ച ഒരുവനുമാത്രം സാധിക്കുന്ന ഒന്ന്. ഇന്ന് മലങ്കരസഭ ആഗോള കത്തോലിക്കാസഭയുടെ കൂട്ടായ്മയിൽ അതിവേഗം വളർച്ചയുടെ പാതകൾ താണ്ടുമ്പോൾ മാർ ഈവാനിയോസ് പിതാവിന്റെ വിശുദ്ധിയുടെ ചൂടും ചുരും ആണ് അതിനു ഇന്ധനമായി വർത്തിക്കുക. ത്യാഗോജ്ജ്വലനായ ഈ താപസശ്രേഷ്ഠന്റെ പിൻഗാമിയാകുവാൻ ഒരുപക്ഷേ നിനക്കും വിളിയുണ്ടായിരിക്കാം. അബ്രഹാം, യാക്കോബ്, മോശ, ദാവീദ്, പത്രോസ്, വി. ഫ്രാൻസിസ്, വി. ജോൺപോൾ, പോപ്പ് ഫ്രാൻസിസ്, മാർ ഈവാനിയോസ്... ഇങ്ങനെ മുന്നോട്ടുഗമിക്കുന്ന ദൈവത്തിന്റെ പ്രിയപ്പെട്ട തിരഞ്ഞെടുക്കപ്പെട്ടവരുടെ കണ്ണിയിൽ ഒരു പുത്തൻ പവിഴമുത്തായ് ചേർക്കുവാൻ ഈശോ നിന്നെക്കുറിച്ചൊരു കിനാവു നെയ്യുന്നുണ്ടാവണം. കാരണം ഒരുപാട് ക്ഷമയോടെ ഈ വരികളിൽ കണ്ണോടിക്കുവാൻ നിന്റെ മനസ്സുമാത്രമല്ലെ വിധേയമായത്.

**4:8 ഉപസംഹാരം**

ഇതുപോലെ വെല്ലുവിളികളെ അതിജീവിച്ച ആയിരക്കണക്കിനു വിശുദ്ധർ നമുക്കുമാതൃകയായ് ഉണ്ട്. വിശുദ്ധ ഇഗ്നേഷ്യസ് ലയോള അനേകരെ കൊന്നൊടുക്കിയ യോദ്ധാവായിരുന്നു വി. അഗസ്റ്റിൻ 34 വയസ്സുവരെ ജഡീകാസക്തിയിൽ ജീവിച്ച കഠിന പാപിയായിരുന്നു.

www.malankaralibrary.com


വി. ഫ്രാൻസിസ് അസ്സീസി സമ്പത്തും സമയവും ധൂർത്തടിച്ചുകഴിഞ്ഞ യുവാവായിരുന്നു. വി. പാദ്രേപിയോ ഇടയ്ക്കിടെയുള്ള പനിയാലും ശ്വാസംമുട്ടലാലും വലഞ്ഞിരുന്നു. വി. വിൻസന്റ് ഡി പോൾ അടിമച്ചന്തയിൽ വിൽക്കപ്പെട്ട മനുഷ്യനായിരുന്നു. വി. ഡൊമനിക് സാവിയോ ഏറെ ദരിദ്രനായിരുന്നു. വി. പീറ്റർ ഡാമിയൻ അനാഥനായിരുന്നു. വി. ബനഡിക്ടിനെ കൂടെ ഉള്ളവർ കൊല്ലാൻ ശ്രമിച്ചിട്ടുണ്ട്. വി. ലോറൻസിനെ തിളച്ച എണ്ണയിൽ ഇട്ടുകൊന്നു. വി. ജോവാൻ ഓഫ് ആർക്കിനെ അഗ്നിയിൽ ദഹിപ്പിച്ചു. വി. തോമസ് മൂറിന്റെ ശിരസ്സ് ഛേദിക്കപ്പെട്ടു. പ്രിയ വായനക്കാരാ നിനക്കറിയാമോ, ഈ പറഞ്ഞ വ്യക്തികളൊക്കെ എങ്ങനെയാണ് നിഷ്പ്രയാസം വെല്ലുവിളികളെ നേരിട്ട് വിശുദ്ധരായതെന്ന്. ഭൂമിയിൽ ഒരുപിടി മണ്ണ് സ്വന്തമാക്കുന്നതും സങ്കൽപ്പങ്ങളിലെ പെൺകുട്ടിയെ വരിക്കുന്നതും, ദേശാന്തരങ്ങളിൽ ചെന്ന് പുത്തൻ പണക്കാരനായി നാട്ടിൽ മടങ്ങി എത്തുന്നതും ഒക്കെ എല്ലാവരും സ്വപ്നം കാണുന്ന ഈ ഭൂമിയിൽ ഈ വിശുദ്ധർ അൽപം കൂടെ വ്യത്യസ്ഥമായവ സ്വപ്നം കണ്ടു. സ്വർഗ്ഗം തുറന്നിരിക്കുന്നതും, ഈശോയുടെ മടിയിലിരിക്കുന്നതും, ഈശോയ്ക്കൊപ്പമിരുന്ന് ഭക്ഷണം കഴിക്കുന്നതും, കളിചിരിപറയുന്നതുമെല്ലാം... പിന്നെ ജീവിതത്തിൽ കാണുന്ന ഒരു വെല്ലുവിളിക്കും ഈ സ്വപ്നങ്ങളെ തകർക്കാൻ കഴിയാതെയായി.

പ്രിയ സുഹൃത്തേ.... എല്ലാവരും കിനാവുകാണുന്ന ഈ ഭൂമിയിൽ സാധാരണ സ്വപ്നങ്ങൾ കണ്ട് നീ ഉറങ്ങരുത്. മറിച്ച് ഒരു പരിശുദ്ധ അൾത്താരയിൽ ഈശോയുടെയും, മാതാവിന്റെയും, വിശുദ്ധരുടെയും നടുവിൽ നിന്ന് ഒരു പരിശുദ്ധ കുർബാന അർപ്പിക്കുന്നത് സ്വപ്നം കാണാമോ.

www.malankaralibrary.com


# വിളഭൂമിയിലേക്ക്

***ഈ ഭൂമിയോടുപറയാൻ നിനക്കുമാത്രമായി ഒരു സന്ദേശം ദൈവം നൽകുന്നുണ്ട്***



"വിളവധികം വേലക്കാരോ ചുരുക്കം. അതിനാൽ വിളഭൂമിയിലേക്ക് വേല ക്കാരെ അയയ്ക്കാൻ വിളവിന്റെ നാഥനോട് പ്രാർത്ഥിക്കുവിൻ "
(മത്താ.9:38)

www.malankaralibrary.com


**യാത്രയ്ക്കൊടുവിൽ ഈശോ തിരിച്ച് തന്റെ നാട്ടിലെത്തുന്നു. ഇരുകൈകളും വിരിച്ച് മാറോട് ചേർത്ത് വാത്സല്യത്തോടെ ചുംബിക്കുന്ന ദൈവപിതാവ്. പിന്നെ അവന്റെ മുന്നിൽ രാജകീയ വിരുന്ന് ഒരുങ്ങുന്നു. കണ്ണുകളെ ഭ്രമിപ്പിക്കുന്ന വിഭവങ്ങളുടെ മുന്നിലിരുന്ന് ഈശോ ഒരു നിമിഷം പ്രാർത്ഥനയ്ക്കായ് മിഴികൾ പൂട്ടി. മുന്നിൽ അമ്മ, യോഹന്നാൻ, പത്രോസ്, നസ്രത്ത്, ബേത്ലഹേം, പിന്നെ... പിന്നെ....... നീയും. വാത്സല്യത്തിന്റെ നനവ് കവിളുകളിലൂടെ ഒഴുകിയിറങ്ങാൻ തുടങ്ങി. ഒരക്ഷരംപോലും ഉരിയാടാതെ എഴുന്നേറ്റു. പിന്നെ സ്വർഗ്ഗത്തിന്റെ കിളിവാതിൽ തുറന്ന് താഴെ ഭൂമിയിൽ ഈ പുസ്തകം വായിച്ചുകൊണ്ടിരിക്കുന്ന നിന്നെയും നോക്കിയിരുപ്പായി. എന്റെ എത്ര പ്രബോധനങ്ങൾ കേട്ടവനാണ്, എന്റെ വചനങ്ങൾ എത്ര പഠിച്ചതാണ്. ഏറെ പ്രതീക്ഷയോടെ നിന്നെ നോക്കിയിരുന്ന ഈശോയെ ദൈവപിതാവ് ഭക്ഷണത്തിനു വിളിച്ചില്ല. കാരണം ഇനിയും ഉണങ്ങാത്ത അവന്റെ ഹൃദയമുറിവിൽ നിനക്കുമാത്രം കൊയ്യാനുള്ള ചില വിളഭൂമികളെപ്പറ്റി സ്വപ്നം കാണുകയായിരുന്നു അവൻ.**

www.malankaralibrary.com


## വിളഭൂമിയിലേക്ക്

ഓരോ ക്രിസ്തുശിഷ്യനും തിരഞ്ഞെടുക്കപ്പെടുന്നത് അയക്കപ്പെടാൻ വേണ്ടിയാണ്. യുഗാന്തരങ്ങൾക്കും മുൻപേ ദൈവം കണ്ടുവച്ച ഓരോരോ വിളനിലങ്ങൾ ഓരോ സമർപ്പിതനെയും കാത്തിരിക്കുന്നു. "പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു" (യോഹ.20:21) എന്ന ക്രിസ്തു മൊഴിയും ഇതിലേക്കുതന്നെയാണ് വിരൽചൂണ്ടുക. പിതാവായ ദൈവം തിരഞ്ഞെടുത്ത ഏറ്റവും വലിയ മിഷണറിയായിരുന്നു ഈശോ. തന്റെ ഉത്ഥാനശേഷം ക്രിസ്തു ശിഷ്യരോട് പറയുന്നത് "നിങ്ങൾ ലോകമെങ്ങുംപോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ" (മത്താ.28:19) എന്നാണ്. അതിനർത്ഥം ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരെല്ലാം മിഷണറിമാരാകാൻ വിളിക്കപ്പെട്ടവരാണെന്നാണ്. മിഷൻ പ്രവർത്തനം ഏറെ വെല്ലുവിളികൾ നിറഞ്ഞ ഒന്നാണ്. സ്വന്തം ഇഷ്ടങ്ങളും സുഖങ്ങളും നിഷേധിക്കപ്പെട്ടു ചില ദൗത്യമേഖലകളിലേക്കു നാം അയക്കപ്പെടുമ്പോൾ നമുക്കുള്ളിലെ ആത്മീയത വെല്ലുവിളിക്കപ്പെടും. എന്നാൽ ഈ വെല്ലുവിളികളെ എല്ലാം പ്രാർത്ഥനാജീവിതത്തിലൂടെ അതിജീവിക്കുന്നവനു മാത്രമേ യഥാർത്ഥ മിഷണറിയാകാൻ സാധിക്കുകയുള്ളൂ.

## എന്താണ് മിഷൻ

ക്രിസ്തുവിനെ ലോകം മുഴുവൻ അറിയിക്കുക എന്നതാണ് ഒരു മിഷണറിയുടെ ദൗത്യം. എവിടെയൊക്കെ ഒരുവൻ ക്രിസ്തുവിനെ തന്റെ പ്രഘോഷണത്തിലൂടെയും ജീവിതത്തിലൂടെയും മറ്റുള്ളവരിലേക്കു പകരുവാൻ ശ്രമിക്കുന്നുവോ അവിടെയെല്ലാം മിഷൻപ്രദേശങ്ങളായി രൂപാന്തരപ്പെടുന്നു. അനുദിനം വി.ബലിയിൽ സംബന്ധിക്കാൻ പോകുന്ന നിന്നെക്കണ്ട് വേറൊരുകുട്ടി പ്രചോദിക്കപ്പെടുമ്പോൾ നീ ആ പ്രദേശത്തെ മിഷണറിയായി മാറ്റപ്പെടുന്നു. കൊൽക്കത്തായിലെ തെരുവീഥികളിൽ വലിച്ചെറിയപ്പെട്ടവരുടെ ദീനരോദനം കേട്ട് ഒരു സന്യാസിനി അവർക്കായ് തന്റെ ജീവിതം മാറ്റിവച്ചപ്പോൾ മദർതെരേസ എന്ന മിഷനറി ജനിക്കുകയായി. കൊൽക്കത്ത എന്ന ഭൂപ്രദേശം അവരുടെ വിളനിലമായും മാറ്റപ്പെട്ടു. കടലിന്റെ പ്രതിസന്ധികളെ തരണം ചെയ്ത് ഭാരതമണ്ണിൽ ക്രിസ്തുവിനെ പ്രഘോഷിച്ച് ഒടുവിലൊരു കുന്തമുനയിൽ പ്രാണൻ വെടിയുമ്പോൾ തോമാശ്ലീഹാ

www.malankaralibrary.com


മിഷണറിയായി രൂപാന്തരപ്പെടുന്നു. ഭാരതം അദ്ദേഹത്തിനായ് ദൈവം ഒരുക്കിയ വിളനിലമായും ഈശോ സഭാധികാരികളുടെ ആജ്ഞയനുസരിച്ച് ഭാരതത്തിലെത്തി ക്രിസ്തുസ്നേഹം ജീവിച്ചും, പ്രഘോഷിച്ചും, വി.ഫ്രാൻസിസ് സേവ്യർ കാട്ടിത്തന്നപ്പോൾ അദ്ദേഹം ഇന്ത്യയുടെ മിഷണറിയായി മാറ്റപ്പെടുകയായിരുന്നു. എന്തിനേറെ പിതാവായ ദൈവത്തിന്റെ അനന്തസ്നേഹം ഈ ലോകത്തിനു ചങ്കുകീറി കാട്ടികൊടുത്ത ഈശോയും ഈ ഭൂമിയിൽ ചെയ്തത് മിഷൻ പ്രവർത്തനം തന്നെ. ഈ ഭൂമി അവന്റെ വിളനിലവും. ചുരുക്കിപ്പറഞ്ഞാൽ തിരഞ്ഞെടുക്കപ്പെട്ടവന്റെ അടിസ്ഥാന വിളിയാണ് മിഷൻ പ്രവർത്തനം. അതുകൊണ്ടാണ് വി. പൗലോസ് ശ്ലീഹാ ഇപ്രകാരം പറയുന്നത് "ഞാൻ സുവിശേഷം പ്രസംഗിക്കുന്നെങ്കിൽ എനിക്കു അഹംഭാവത്തിനു വകയില്ല, അത് എന്റെ കടമയാണ്. ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം" (1കോറി.9:16). തിരഞ്ഞെടുക്കപ്പെട്ടവൻ അയക്കപ്പെടുന്നിടമെല്ലാം മിഷൻ പ്രദേശങ്ങൾ തന്നെ, അവനുവേണ്ടി മാത്രമായ് ദൈവം കരുതിവെച്ച വിളനിലങ്ങൾ.

## മിഷന്റെ ആവശ്യകത

"എന്നാൽ തങ്ങൾ വിശ്വസിച്ചിട്ടില്ലാത്ത ഒരുവനെ അവർ എങ്ങനെ വിളിച്ചപേക്ഷിക്കും? ഒരിക്കലും കേട്ടിട്ടില്ലാത്തവനിൽ എങ്ങനെവിശ്വസിക്കും? പ്രസംഗകനില്ലാതെ എങ്ങനെ കേൾക്കും? അയക്കപ്പെടുന്നില്ലെങ്കിൽ എങ്ങനെ പ്രസംഗിക്കും" (റോമ.10:14-15). വി.പൗലോസ് ശ്ലീഹായുടെ ഈ വാക്കുകൾ മിഷന്റെയും, മിഷണറിയുടെയും ആവശ്യകതയെപ്പറ്റി വ്യക്തമായ ബോധ്യം നൽകുന്ന ഒന്നാണ്. ക്രിസ്തുവിനെ തന്റെ മേനിയിലൂടെയും മൊഴികളിലൂടെയും ഒരു ജനസമൂഹത്തിനു പകർന്നുകൊടുക്കുക എന്നതാണ് ഒരു മിഷണറിയുടെ അടിസ്ഥാന ധർമ്മം. അതിനു ആദ്യപടി ദൈവത്താൽ അയക്കപ്പെടുക എന്നതുതന്നെ. ഇങ്ങനെ അയക്കപ്പെടുന്നവന്റെ പ്രഥമ കടമയെപ്പറ്റി പൗലോസ്ശ്ലീഹാ ഇപ്രകാരം പറയുന്നുണ്ട് "ആകയാൽ വിശ്വാസം കേൾവിയിൽ നിന്നും കേൾവി ക്രിസ്തുവിനെപ്പറ്റിയുള്ള പ്രസംഗത്തിൽനിന്നുമാണ്" (റോമ 10:17) ക്രിസ്തുവിന്റെ സുവിശേഷം അജ്ഞാതമായ ഒരു ജനസമൂഹം ഈശോയിൽ വിശ്വസിച്ച് രക്ഷപ്രാപിക്കേണ്ടതിന് ക്രിസ്തുവിനെപ്പറ്റി അവർക്കിടയിൽ പ്രഘോഷിക്കേണ്ട ആവശ്യകത


www.malankaralibrary.com



മിഷണറിക്കുണ്ട്. ചുരുക്കിപ്പറഞ്ഞാൽ ക്രിസ്തുവിനെ അറിയാത്ത അല്ലെങ്കിൽ ക്രിസ്തുവിന്റെ രക്ഷാകരസഹനങ്ങളെപ്പറ്റി ബോധ്യമില്ലാത്ത ഒരു സമൂഹത്തിനു അവനിലേക്കുള്ള വഴി വെട്ടി തെളിച്ചുകൊടുക്കുക, അതു വഴി അവരെ സ്വർഗ്ഗപ്രാപ്തിക്കു യോഗ്യരാക്കുക എന്നതുതന്നെയാണ് മിഷന്റെ നിർണായകമായ ആവശ്യകത.

## മിഷണറി

"ആര് എനിക്കായ് പോകും" എന്ന ദൈവത്തിന്റെ ചോദ്യത്തിന് പ്രവാചകനെപ്പോലെ ഇതാ ഞാൻ എന്നെ അയച്ചാലും എന്ന് പറഞ്ഞു ശിരസ്സു നമിക്കുന്നവരെല്ലാം തന്നെ മിഷണറിമാരാണ്. അയക്കപ്പെടുന്ന സ്ഥലവും സൗകര്യങ്ങളും നോക്കാതെ തന്നെ അയച്ചവനോട് വിശ്വസ്തതയോടെ സേവനം അനുഷ്ഠിക്കുന്നവനാണ് മിഷണറി. മിഷണറിക്ക് സ്വന്തമായ് ഒന്നും ഇല്ല, മറിച്ച്



എവിടെ അയക്കപ്പെടുന്നുവോ അവിടം അവന്റെ സ്വന്തമായി മാറുന്നു. ഫാ. ടോം ഉഴുന്നാലിൽ യമനിൽ ഭീകരരുടെ ശല്യം ഉണ്ടെന്നറിഞ്ഞിട്ടും തന്റെ പ്രേഷിത ശുശ്രൂഷ തുടരാൻ ധൈര്യം കാണിച്ചത് ഈ മിഷൻ തീക്ഷ്ണതയിൽ നിന്നാണ്. സ്വർഗ്ഗത്തിൽ പിതാവിന്റെ വലതുഭാഗത്ത് സർവ്വ മഹത്വങ്ങളോടും കൂടെ ഉപവിഷ്ടനായിരുന്ന ഈശോ തന്റെ സർവ്വ മഹിമയും വെടിഞ്ഞ് തന്നെതന്നെ ശൂന്യനാക്കി ദാസന്റെ വേഷം ധരിച്ച് ഒരു കാലിക്കൂടിന്റെ പരിമിതികളിലേക്കു ഇറങ്ങിവന്നത് ശരിക്കും ഒരു മിഷണറി ഉപേക്ഷിക്കേണ്ടവയുടെ ത്യാഗത്തിന്റെ ആഴം കാട്ടിത്തരാനായിരുന്നു. തന്റെ മിഷൻരംഗമായ ഭൂമിക്കുവേണ്ടി ക്രിസ്തു സർവ്വവും വെടിയാൻ തയ്യാറായി. ഈ മനോഭാവമാണ് ഓരോനിമിഷവും ഒരു മിഷണറിക്കുണ്ടാകേണ്ടത്. അല്ലെങ്കിൽ ഈ മനോഭാവമുള്ളവനാണ് യഥാർത്ഥ മിഷണറി.

www.malankaralibrary.com

www.malankaralibrary.com


# പൗരോഹിത്യ ദൗത്യങ്ങൾ

***നിന്റെ സ്നേഹസ്പർശനം ആശിച്ചിരിക്കുന്നവർ, നീ പകരേണ്ട് സാന്ത്വനം കാത്തിരിക്കുന്നവർ, നീ ഒപ്പേണ്ട കണ്ണുനീർ തുള്ളികൾ.
പുരോഹിതാ.... എത്ര ധന്യം ഈ ജീവിതം.***



"അഹറോനെപ്പോലെ ദൈവത്താൽ വിളിക്കപ്പെടുകയല്ലാതെ ആരും സ്വയം ഈ ബഹുമാതി ഏറ്റെടുക്കുകയില്ല" (ഹെബ്രാ.5:4))

www.malankaralibrary.com



**നീ എന്നെ സ്നേഹിക്കാതിരിക്കാൻ എത്രയെത്ര കാരണങ്ങൾ ഞാൻ നിന്റെ മുൻപിൽ നിരത്തി എന്നിട്ടും നീ എന്നെ സ്നേഹിക്കാതിരുന്നിട്ടില്ല. നിനക്കു പിറക്കുവാൻ നല്ലൊരിടം ഞാൻ ഭൂമിയിൽ നൽകിയില്ല. എന്നാൽ നീ എനിക്കുവേണ്ടി സ്വർഗ്ഗത്തിൽ ഭവനങ്ങൾ പണിതു കാത്തിരുന്നു. നിന്നെ സിന ഗോഗിൽ നിന്നു ഞാൻ തള്ളി പുറത്താക്കി. നീ എല്ലാ ദിവ സവും ബലിപീഠത്തിൽ നിന്റെ നെഞ്ച് മുറിച്ചുവച്ചു എന്നെ കാത്തിരിക്കുന്നു. ഗത്സമനിയുടെ ഉള്ളിൽ നിന്നെ തനിച്ചാക്കി ഞാൻ ഉറങ്ങി. നീ ഉറങ്ങാതെ രക്തം വിയർത്തു എനിക്കു വേണ്ടി പ്രാർത്ഥിച്ചു. അർഹിക്കാതിരുന്നിട്ടും സ്നേഹം വിള മ്പിത്തന്ന നാഥനെ നിന്റെ പുരോഹിത ഭാവങ്ങൾ ഉൾക്കൊ ള്ളാൻ എന്റെ ഹൃദയത്തെ ഒരുക്കണമേ.**

www.malankaralibrary.com



"എന്നെ ഇത്രയധികം സ്നേഹിക്കുന്ന ഈശോയെ ഞാൻ നിനക്കെന്താ പകരം നൽകുക. ഇതാ എന്നെ മുഴുവൻ ഞാൻ നൽകുന്നു.

ഈശോയെ നിനക്കു കാണണോ..
ഇതാ എന്റെ കണ്ണുകൾ
നിനക്കു കേൾക്കണോ
ഇതാ എന്റെ കാതുകൾ
നിനക്കൊന്നു തലചായ്ക്കണോ
ഇതാ എന്റെ കൊച്ചുഹൃദയം"

*"ഈ ലോകത്തിൽ കോടാനുകോടി മക്കളുള്ള ഒരപ്പൻ എല്ലാവർക്കും ഒരുപോലെ സ്നേഹം വച്ചുവിളമ്പുന്നു. പക്ഷേ ആരാലും സ്നേഹിക്കപ്പെടാതെ പോകുന്നു, ഒറ്റപ്പെട്ടുപോകുന്നു. നോക്ക് ഇപ്പോ ആ സ്വർഗ്ഗതാതൻ നിന്റെ അരികിലിരുന്ന് നിറമിഴിയോടെ ചോദിക്കുന്നുണ്ട്. "നീ എന്നെ സ്നേഹിക്കാൻ തയ്യാറാണോ"* എന്ന്.

ഈശോയോടുള്ള സ്നേഹം തന്നെയാണ് പൗരോഹിത്യശുശ്രൂഷകളുടെ എല്ലാം കാതൽ. സ്നേഹത്തിൽ നിന്നു പൂവിടുന്നതെന്തിനും ഹൃദയത്തിന്റെ സൗരഭ്യമുണ്ടാകും. ഈലോകത്തിലെ മനോഹരമായതെന്തും സ്നേഹിക്കാനും സ്വന്തമാക്കാനും വ്യഗ്രചിത്തരായ സമൂഹത്തിൽ അവയുടെ എല്ലാം ഉടയവനായ ഈശോയെ സ്നേഹിക്കുകയും സ്വന്തമാക്കുകയും വഴി ഒരു സമർപ്പിതന്റെ ഹൃദയം ഈശോയ്ക്ക് അനുരൂപമായ് മാറുന്നു. കാരണം ഹൃദയം ഹൃദയത്തെ അറിയുന്നതാണ് സ്നേഹം. അങ്ങനെ ഈശോയുടെ ശുശ്രൂഷകൾ ഓരോ പുരോഹിതന്റേതുമായി മാറുന്നു. ഇപ്രകാരം ഈശോചെയ്ത മൂന്ന് ദൗത്യങ്ങളാണ് ഒരു പുരോഹിതന് നിർവ്വഹിക്കാനുള്ളത്.

1. പഠിപ്പിക്കുക
2. നയിക്കുക
3. വിശുദ്ധീകരിക്കുക

## പഠിപ്പിക്കുക

സമർപ്പിതരിൽ നിക്ഷിപ്തമായിരിക്കുന്ന ഏറ്റവും പ്രധാന ചുമതലയാണ് ദൈവജനത്തെ പ്രബോധിപ്പിക്കുകയും അവരെ

www.malankaralibrary.com


വിശ്വാസത്തിൽ ആഴപ്പെടുത്തുകയും ചെയ്യുക എന്നുള്ളത്. ഇനി എങ്ങനെയാണ് പഠിപ്പിക്കേണ്ടതെന്നു തികവുറ്റ ഉത്തരം കിട്ടണമെങ്കിൽ ഈശോയിലേക്കു നോക്കുകതന്നെ വേണം. ഈശോയുടെ പരസ്യജീവിതകാലം തന്നെയാണ് ഇടവകവൈദികരെ സംബന്ധിച്ച് മാതൃകയായി മാറേണ്ടത്. മൂന്നുവർഷം എന്നത് തീർത്തും ഹ്രസ്വമായ ഒരു കാലഘട്ടമാണെങ്കിലും ഒരു ജന്മം കൊണ്ടുപോലും ചെയ്തുതീക്കാനാകാത്ത എത്ര എത്ര കാര്യങ്ങളാണ് അവനിലൂടെ ഈ ഭൂമി സ്വന്തമാക്കിയത്. ഈശോ പ്രധാനമായും ജനങ്ങളെ പഠിപ്പിച്ചിരുന്നത് രണ്ടുതലങ്ങളിലാണ്.

i പ്രബോധനങ്ങളിലൂടെ

ii സ്വജീവിതത്തിലൂടെ

**(i) പ്രബോധനങ്ങളിലൂടെ** : വ്യത്യസ്ഥങ്ങളായ ദർശനങ്ങളും കാഴ്ചപ്പാടുകളുമുള്ള ഈ ലോകത്തിൽ ശരിക്കുള്ള ദിശാബോധം ലഭിക്കുക എന്നത് അനിവാര്യമാണ്. ഇവിടെയാണ് ഒരു പുരോഹിതന്റെ 'പ്രബോധിപ്പിക്കുക' എന്ന ശുശ്രൂഷയുടെ പ്രസക്തി. തന്റെ ചുറ്റിലും കാണുന്ന ജനങ്ങൾ ഇടയനില്ലാത്ത ആടുകളെപ്പോലെ പരിഭ്രാന്തരാണെന്ന ക്രിസ്തുമൊഴി ഇതിലേക്കാണ് വിരൽ ചൂണ്ടുന്നത്. തിരഞ്ഞെടുപ്പുകൾ അനേകമുള്ള ഈ അവനിവാഴ്വിൽ നല്ലതും നന്മയുമായത് തിരഞ്ഞെടുക്കുക എന്നത് അല്പം വെല്ലുവിളിയുയർത്തുന്നതാണ്. ഈ പശ്ചാത്തലത്തിൽ തന്റെ മുൻപിലെത്തുന്ന ജനസമൂഹത്തിനു ശരിയായ ദിശാബോധം നൽകി സ്വർഗ്ഗപൗരന്മാരാക്കുക എന്ന വലിയദൗത്യമാണ് 'പ്രബോധിപ്പിക്കുക' എന്ന ശുശ്രൂഷയിലൂടെ ഒരു വൈദികനിൽ നിക്ഷിപ്തമായിരിക്കുന്നത്. ഇനി എന്തു പ്രബോധിപ്പിക്കണം എന്ന ചോദ്യത്തിന് ശരിയായ ഉത്തരം നൽകുന്നത് ഈശോ തന്നെയാണ്. "എന്റെ പ്രബോധനം എന്റെ സ്വന്തമല്ല, എന്നെ അയച്ചവന്റേതത്രേ" (യോഹ.7:16). ചുരുക്കത്തിൽ ഒരു പുരോഹിതൻ നൽകേണ്ടത് അവന്റെ ആശയങ്ങളോ അവന്റെ ചിന്തകളോ അല്ല; മറിച്ച് ക്രിസ്തുവിന്റെ ആഗ്രഹങ്ങളും സ്വപ്നങ്ങളും, മൊഴികളും തന്നെയാവണം. അതിന് ഒരു പൂർണ്ണ സമർപ്പണം ആവശ്യമാണ്. സ്നാപകയോഹന്നാൻ പറയുന്നതുപോലെ "അവൻ എന്നിൽ വളരണം, ഞാനോ കുറയണം" അതിനർത്ഥം ഹൃദയത്തിലെ 'ഞാൻ' എന്ന ഭാവത്തോട്

www.malankaralibrary.com


(അഹം) വിടപറയുക. ഒപ്പം ഈശോയുടെ ഇഷ്ടങ്ങൾക്കും, താൽപ്പ ര്യങ്ങൾക്കും ഇണങ്ങുന്നമട്ടിൽ ജീവിക്കുക. അങ്ങനെ മേനിയിൽ ഈശോയുടെ ശരീരഭാഷയും മനസ്സിൽ ഈശോയുടെ ചിന്തകളും നിറ യുമ്പോൾ പിന്നെ നമ്മുടെ പ്രബോധനങ്ങൾക്ക് അസ്ത്രങ്ങളുടെ കരു ത്തുണ്ടാകും. കാരണം അവ നമ്മുടേതല്ല, ഈശോയുടേത് തന്നെ. നിനക്കറിയാമോ, ശരിക്കും ഈശോയ്ക്ക് ഈലോകത്തോട് ഇന്ന് സംസാരിക്കാൻ, ഈ ലോകത്തെ പ്രബോധിപ്പിക്കാൻ, വഴിതെറ്റുന്ന വർക്ക് ദിശാബോധം നൽകാൻ പുരോഹിതൻമാരെ വേണം. മറക്കരു ത്. ദേ ഈ നിമിഷവും സ്വർഗ്ഗവാതിൽ തുറന്ന് അവൻ നിന്നെയും നോക്കിയിരിക്കുകയാണ്. നിന്റെ ചില ധീരമായ തീരുമാനങ്ങൾക്കു വേണ്ടി.

**(ii) സ്വന്തം ജീവിതത്തിലൂടെ :** ഈശോ, താൻ ഏതുകാര്യം ജനങ്ങ ളോട് പറഞ്ഞാലും അത് നൂറുശതമാനം ജീവിതത്തിൽ പ്രാവർത്തിക മാക്കിയിരുന്നു. ശരിക്കും ഈശോയുടെ ജീവിതം തന്നെയായിരുന്നു അവന്റെ പ്രബോധനവും. പറയുന്നവാക്കിനും ചെയ്യുന്ന പ്രവർത്തി ക്കുമിടയിൽ ഒരു നൂലിഴപോലും അകലമില്ലാത്തവനായിരുന്നു ക്രിസ്തു. ഒരു മലയിലിരുന്നുകൊണ്ട് ജീവിതത്തിനുണ്ടാവേണ്ട ചാരുതകളെപ്പറ്റി അവൻ പഠിപ്പിച്ചപ്പോൾ വേറൊരു മലമുകളിൽ കുരിശിൽ ഇതുകര ങ്ങളും വിരിച്ചുകിടന്നുകൊണ്ട് അവനതു ജീവിച്ചു. ഈശോയുടെ മല യിലെ പ്രബോധനം തന്നെ ഇതിനു ഏറ്റവും മനോഹരമായ ഉദാഹര ണമാണ്. “ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ, സ്വർഗ്ഗരാജ്യം അവരുടേതാകുന്നു എന്ന് ഈശോപറയുമ്പോൾതന്നെ ഈ പ്രബോ ധനത്തിന്റെ സുഗന്ധം അവന്റെ ജീവിതത്തിൽ നിന്ന് ഒപ്പി എടുക്കാൻ സാധിക്കും. സ്വന്തം ഹൃദയകലവറയിലെ എല്ലാ നന്മകളും ഈ ഭൂമി ക്കുനൽകി സ്വർഗ്ഗത്തിലേക്കുമടങ്ങുമ്പോൾ അവൻ തനിക്കുവേണ്ടി ഒന്നും ഹൃദയത്തിൽ സൂക്ഷിച്ചിരുന്നില്ല. ചുങ്കക്കാരും, പാപികളും, ആർത്തരും, ആലംബഹീനരും എല്ലാവരും തന്നെ ഈശോയുടെ ഹൃദ യമേശയിൽനിന്നു സുഭിക്ഷമായി ഉണ്ടുപോകുന്ന വേദപുസ്തകത്താ ളുകളിലെ കാഴ്ച എത്ര മനോഹരമാണ്. ഒടുവിലൊരു കുന്തമുന അവന്റെ മാംസളഹൃദയത്തെ ഭേദിക്കുമ്പോൾ അവസാനമുണ്ടായിരുന്ന ചിലനിക്ഷേപങ്ങളും ഭൂമിക്കു നൽകി പരമദരിദ്രനായാണവൻ സ്വർഗ്ഗപിതാവിന്റെ പക്കലേക്കു മടങ്ങിപോയത്. “വിലപിക്കുന്നവർ

www.malankaralibrary.com


ഭാഗ്യവാന്മാർ അവർ ആശ്വസിക്കപ്പെടും" എന്ന് ഈശോ പറയുമ്പോൾ ഗത്സമനിയുടെ ഇലച്ചാർത്തുകൾക്കിടയിൽ മേനിയിൽ നിന്നും രക്തം കിനിയുവോളം മാനസികവ്യഥയിൽ വിലപിച്ച ക്രിസ്തുവിനെ മാലാഖയെ അയച്ച് സ്വർഗ്ഗം സമാധാനിപ്പിക്കുന്ന ദൃശ്യം വായിച്ചറിയുമ്പോൾ ക്രിസ്തുവിനോട് വല്ലാത്ത സ്നേഹം തോന്നിപ്പോകും. എന്തിനേറെ ബേത്‌ലഹേമിലെ കാലിക്കൂട്ടിൽ ദൈവവും മനുഷ്യനും ഒന്നായിമാറുന്ന ദൃശ്യംപോലും തികവുറ്റ പ്രബോധനമാണ്. സ്നേഹിക്കുന്നു എന്ന് ആവർത്തിച്ചാവർത്തിച്ചു പറഞ്ഞ ദൈവം ഒടുവിൽ മാംസം ധരിച്ചെത്തുന്ന ദൈവത്തിന്റെ എത്ര മനോഹരവും വിശ്വസ്തവുമായ പ്രബോധനമാണ് ക്രിസ്തു. പിന്നെ തന്റെ പരസ്യജീവിതത്തിലുടനീളം വചനം മുറിച്ചുവിളമ്പിയവൻ ഒടുവിൽ തന്റെ മേനിയും മുറിച്ചുവിളമ്പുന്നു. ഇതേ ദൗത്യം തന്നെയാണ് ഓരോപുരോഹിതനും ഏറ്റെടുക്കേണ്ടിവരിക. പറയുന്നവാക്കുകൾ പ്രവർത്തിപഥത്തിലെത്തട്ടെ. ജീവിതത്തെപ്പോലെ മനോഹരമായ സുവിശേഷപ്രഘോഷണം മറ്റെന്താണുള്ളത്. ഈ ക്രൂശിതനെ അക്ഷരാർത്ഥത്തിൽ അനുകരിച്ച എത്ര വിശുദ്ധരാണ് നമുക്കുചുറ്റും ഉള്ളത്. ഈ അതിജീവന ഭൂമിയിൽ ക്രൂശിതനെ ഇനിയും സജീവമായി നിലനിർത്താൻ ഒരു വിളി. ഈ നിസ്തുലമായ ശുശ്രൂഷയുടെ പന്താവിലേക്കാണ് ഈശോ നിന്നെ ക്ഷണിക്കുന്നത്. സന്ദേഹത്തോടെയല്ല തീർത്തും ആത്മാഭിമാനത്തോടെ.

## നയിക്കുക

"നസ്രായനായ യേശു, യഹൂദരുടെ രാജാവ് എന്നെഴുതിയ ക്രൂശിതന്റെ തൽപ്പത്തിൽ തലചായ്ച്ച് പിടഞ്ഞൊടുങ്ങുമ്പോൾ, അവൻ കേൾവികേട്ട ദേശമൊക്കെയും അടക്കിഭരിച്ച രാജാവായിരുന്നില്ല, ചാമരം വീശിയുറക്കാൻതക്കവണ്ണം ചക്രവർത്തിയായിരുന്നില്ല. ചുറ്റിലും ജനലക്ഷങ്ങൾ തടിച്ചുകൂടുവാൻ തക്കവണ്ണം ജനനേതാവായിരുന്നില്ല. യുവജനങ്ങളുടെ ഹരമായ് മാറാൻ തക്കവണ്ണം വിപ്ലവകാരിയായിരുന്നില്ല. എങ്കിലും അവൻ നായകനാണ്, ജനലക്ഷങ്ങൾ നെഞ്ചിൽ കുടിയിരുത്തി പ്രണയിക്കുന്ന നായകൻ. പാർശ്വവൽക്കരിക്കപ്പെട്ടവർ ഹൃദയത്തിലേറ്റിയ നായകൻ. കുഷ്ഠരോഗികളെ വാരിപ്പുണർന്ന നായകൻ. അനുയായികളുടെ പാദങ്ങളിൽ ചുംബനത്തിന്റെ നനവു പടർത്തിയ നായകൻ. പിന്നെ ഉറ്റവർക്കുവേണ്ടി ഉയിർപോലും നൽകിയ നായകൻ. അതെ ഈശോ നായകനാണ്.

www.malankaralibrary.com


ഈശോ : യോഹന്നാന്റെ പുത്രനായ ശിമയോനെ നീ ഇവരെക്കാൾ അധികമായി എന്നെ സ്നേഹിക്കുന്നുവോ?

പത്രോസ് : ഉവ്വ് കർത്താവെ ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്ന് നീ അറിയുന്നുവല്ലോ.

ഈശോ : എന്റെ ആടുകളെ മേയ്ക്കുക. (യോഹ 21:15)

ദൈവജനത്തെ 'നയിക്കുക' എന്ന പുരോഹിതന്റെ ദൗത്യം ഒരിക്കലും ഭൗമീകമായ നായകപരിവേഷങ്ങളുമായി ബന്ധപ്പെടുത്തി വ്യാഖ്യാനിക്കേണ്ട ഒന്നല്ല. മറിച്ച് ഉത്തമനായകനായ ഈശോയുടെ ജീവിതം തന്നെയാകണം ഓരോ പുരോഹിതന്റെയും പാഠശാല. ഈശോയുടെ ജീവിതവർണങ്ങളിൽ ചാലിച്ചെഴുതിയ സുവിശേഷത്തിലെ ഓരോ താളുകളും ഈശോയുടെ നായകാ സങ്കൽപ്പങ്ങളെക്കുറിച്ച് നമുക്ക് കാട്ടിത്തരുന്നുണ്ട്.

(1) സ്വയം മറന്ന് ദൈവീകകാര്യങ്ങളിൽ വ്യാപൃതനാവുക

(2) എല്ലാവർക്കും സമീപസ്ഥനാവുക

**(1) സ്വയം മറന്ന് ദൈവീകകാര്യങ്ങളിൽ വ്യാപൃതനാവുക :** "ഈ പ്രപഞ്ചത്തെ സൃഷടിച്ച, സപ്തസാഗരങ്ങൾക്കു മണലാൽ അതിർത്തി വരച്ച, ഊഴിയിലെ പൂഴിയെ നാഴിയിലളക്കുന്ന, ആഴിയിലെ വെള്ളത്തെ ഉള്ളം കയ്യിലൊതുക്കുന്ന, കടലിനുമീതെ നടന്നടുത്ത, മരിച്ചവനെ ഉയർപ്പിച്ച യേശുനാഥൻ, അന്നൊരു മദ്ധ്യാഹ്നത്തിൽ ക്രൂശിൽകിടന്നു പ്രാണവേദനയാൽ പൊട്ടികരയുമ്പോൾ അവൻ ഇതെല്ലാം മറന്നിരുന്നു, എന്തിന് താൻ ദൈവമാണെന്നുപോലും. സ്വയം മറന്നവനേ അപരനു വേണ്ടി ജീവിക്കാനാകൂ.

ഈശോയുടെ നായകഭാവത്തിലെ ഒരു സവിശേഷതയാണിത്. ജറുസലേമിലെ തിരുന്നാളിനൊടുവിൽ മകനെ കാണാത്ത മേരിയും ജോസഫും കലങ്ങിയ കണ്ണുകളുമായി അന്വേഷിക്കുമ്പോൾ, ഈശോ ദേവാലയത്തിനുള്ളിൽ സർവ്വവും മറന്ന് ആദ്ധ്യാത്മിക കാര്യങ്ങൾ ചർച്ച ചെയ്യുകയായിരുന്നു. ദൈവത്തിന്റെ കാര്യമെത്തുമ്പോൾ മാതാപിതാക്കൾക്കുപോലും രണ്ടാം സ്ഥാനം. ഈശോയുടെ ജീവിതത്തിലുടനീളം ഈ സവിശേഷത നമുക്കു കാണാൻ സാധിക്കും. ചുങ്കക്കാരുടെയും പാപികളുടെയും വിരുന്നുകളിൽ അതിഥിയായി ചെല്ലുമ്പോൾ ലോകം

www.malankaralibrary.com


അവനെ നോക്കിപരിഹസിച്ചിരുന്നു. പക്ഷേ ഈശോ സ്വന്തം അഭിമാനമൊക്കെ മാറ്റിവച്ച് എളിയവരുടെ ഇടയിലേക്കിറങ്ങിച്ചെന്ന് വിവാഹ വിരുന്നുകളിൽ പങ്കുചേർന്നാനന്ദിച്ചു, കല്ലറക്കുമുന്നിൽ കണ്ണീർതൂകി, പാപികളുടെ തോഴനായി, ധനാഢ്യർക്കു താക്കീതായി, ശിഷ്യർക്ക് സർവ്വസാമീപ്യമായി, അങ്ങനെ ഓരോ നിമിഷവും ക്രിസ്തു ജീവിക്കുകയായിരുന്നു. സ്വയം വിസ്മരിച്ച്. എന്തിനേറെ ദൈവമായവൻ ശിഷ്യരുടെ പാദങ്ങൾ കൈവെള്ളയിലെടുത്ത് മുഖം ചേർത്തു ചുംബിച്ചതും, മൂന്നാണിമേൽ പിടഞ്ഞുമരിച്ചതും എല്ലാം താൻ ആരാണെന്ന കാര്യം ഈശോ സ്വയം വിസ്മരിച്ചതുകൊണ്ടുതന്നെ. ഈ വിളിയാണ് ഓരോ പുരോഹിതനും ഉള്ളത്. ഹൃദയത്തിൽ സൂക്ഷിക്കുന്ന ഇത്തിരി സ്വപ്നങ്ങളൊക്കെ വിസ്മരിച്ചിട്ട് അവിടെ ഈശോയെമാത്രം പ്രതിഷ്ഠിക്കുവാൻ ഒരുവിളി. ചുരുക്കിപ്പറഞ്ഞാൽ നിന്റെ കൈവിരലനങ്ങുന്നതും, മിഴിയൊന്നനങ്ങുന്നതും, ഓരോ ശ്വാസനിശ്വാസങ്ങളുമൊക്കെ ഈശോയ്ക്കുവേണ്ടി മാത്രമായ് മാറണമെന്നുസാരം. കഠിനമല്ലിത് കേട്ടോ, കാരണം നിന്റെ നെഞ്ചിന്റെ അമരത്തു നീ ഇരുത്തുന്നവൻ ഈശോയാണ്, സ്നേഹമാണ്.

**(2) എല്ലാവർക്കും സമീപസ്ഥനാവുക :** ആകാശങ്ങളിലേക്കു മാത്രം മിഴിയുയർത്തി മേഘക്കൂടുകൾക്കപ്പുറം വാഴുന്ന ദൈവത്തെ വിളിക്കാൻ തക്കവണ്ണം ഇനി അവൻ നമുക്കത്ര വിദൂരസ്ഥനല്ല. ഒരു തുണ്ടപ്പമായും ഒരിറ്റു വീഞ്ഞായും അവൻ എന്നും നമുക്കു സമീപസ്ഥനാണ്. എന്തിന്, ഈ നിമിഷം നിന്നെ തഴുകികടന്നുപോയ കാറ്റിൽപോലും അവന്റെ വിരൽസ്പർശമില്ലേ"?

പൗരോഹിത്യം എന്ന ശ്രേഷ്ഠഭവനത്തിലേക്കു വിളിക്കപ്പെട്ടവനു ഉണ്ടാകേണ്ട ചാരുതകളിൽ ഒന്നാണ് ദൈവജനത്തിനു സമീപസ്ഥനാവുക എന്നത്. ഏറെ സുഗന്ധമുള്ളവാക്കാണിത്. ഈ തിരക്കിട്ടലോകത്തിൽ ഒന്നുതാങ്ങാനും, സഹായിക്കാനും, പരസ്പരം പങ്കുവയ്ക്കാനും ആർക്കും സാധിക്കാതെ പോകുമ്പോൾ, ഒറ്റപ്പെട്ടുപോകുന്ന ഒരു പിടി ജീവിതങ്ങൾക്കു അത്താണിയായി മാറാനുള്ള നിയോഗം പൗരോഹിത്യത്തിനുണ്ട്. സാമീപ്യം എന്ന വാക്കിന് ശാരീരിക സാന്നിധ്യം എന്ന അർത്ഥതലം മാത്രമല്ല ഉള്ളത്. മറിച്ച്, നമ്മുടെ ആർദ്രമായ ഒരു നോട്ടത്തിനോ, ഹൃദ്യമായ പുഞ്ചിരിക്കോ, വാത്സല്യപൂർവ്വമുള്ള ഒരു സ്പർശനത്തിനോ, മുറിവുണ്ടാക്കുന്ന വചസ്സുകൾക്കോ,

www.malankaralibrary.com


ഒരുവനു ഈ സമൂഹത്തിൽ ക്രിസ്തുവിന്റെ സാക്ഷിയാകുവാൻ ഉത്തേജനമാകുന്നെങ്കിൽ അവയെല്ലാം സാമീപ്യത്തിന്റെ മധുരിമ തന്നെയാണ്. നസ്രത്തിന്റെ നാഴിയിടങ്ങഴി മണ്ണിൽ ജീവിച്ചുവളർന്ന ക്രിസ്തു എന്ന ചെറുപ്പക്കാരനും ലോകരക്ഷകനായ് മാറുന്നത് തന്റെ സാമീപ്യം കൊണ്ടാണ്. തന്റെ സാന്നിധ്യം കൊതിച്ച ഭൂമിക്ക് അവൻ സനാതനനായി. സമൂഹം പുറംതള്ളിയ വ്രണിതമായ മനവും മേനിയും പേറിയ കുഷ്ഠരോഗികൾ അവന്റെ വിരൽസ്പർശം കൊണ്ടുണർന്നു. കരങ്ങളിൽ കല്ലുമായി തനിക്കുചുറ്റും കൂടിയ യഹൂദരെ കണ്ടു, മരണത്തെ മുഖാമുഖം ദർശിച്ച പാപിനിക്കു അവന്റെ ആർദ്രമായ പുഞ്ചിരി പുതുജീവിതത്തിന്റെ വാതായനങ്ങൾ തുറന്നുകൊടുത്തു. ദേവാലയ ഭണ്ഡാരത്തിനുള്ളിൽ ഒത്തിരി ലജ്ജയോടെ നിക്ഷേപിക്കപ്പെട്ട വൃദ്ധയായ അമ്മയുടെ രണ്ടു ചെമ്പുതുട്ടുകൾ ഈശോയുടെ മിഴികൾക്ക് അന്യമായിരുന്നില്ല. ജീവിതത്തിന്റെ ആകുലതകളിൽപെട്ട് ഉലഞ്ഞ അനേകം ജന്മങ്ങൾക്ക് അവന്റെ വചസ്സുകൾ കരുത്തുപകർന്നു. യാക്കോബിന്റെ കിണറ്റിൻകരയിൽ ജീവിതത്തിൽ ഇടറിപോയ ഒരുവളെ തേടി അവൻ എത്തി, ക്ഷമാപൂർവ്വം അവളെ കേട്ട് ജീവിതത്തിന്റെ നന്മകളിലേക്കു അവളെ മടക്കികൊണ്ടുവന്നു. ക്രിസ്തുകാട്ടിത്തന്ന ത്യാഗോജ്ജ്വലമായ ഈ മാതൃകകൾ തന്നെയാണ് ഓരോ പുരോഹിതനും ജീവിക്കേണ്ടത്. അതിന് ആദ്യം ക്രിസ്തു നമുക്കു സമീപനാണ് എന്നുറപ്പുവരുത്തുക. അതിനർത്ഥം, ഈശോക്കിഷ്ടമുള്ളതുമാത്രമേ ഞാൻ ചെയ്യൂ എന്നു നിരന്തരം മന്ത്രിക്കുന്ന ഒരു ഹൃദയമുണ്ടാകണം എന്നർത്ഥം. പിന്നെ അവൻ വാഴുന്ന ഹൃദയവുമായി ദൈവജനത്തിനിടയിലേക്കിറങ്ങുക. വൃദ്ധനായ ഒരു മനുഷ്യന്റെ കരങ്ങളിൽ നീ സ്പർശിക്കുമ്പോൾ ആ കണ്ണുകൾ ഈറനണിയും കാരണം നിന്റെ വിരലുകൾക്ക് ഇനി ക്രിസ്തുവിന്റെ വിരലുകളുടെ സാന്ത്വനമുണ്ട്. ജീവിത ദുരന്തങ്ങൾക്കു സാക്ഷിയായ ഒരമ്മയെ ക്ഷമാപൂർവ്വം നീ ശ്രവിക്കുമ്പോൾ ആ അമ്മയുടെ ഹൃദയഭാരങ്ങൾ അകന്നുപോകും കാരണം നിന്റെ കാതുകളിൽ പതിക്കുന്ന ശബ്ദവീചികൾ കടന്നുപോവുക ഈശോയുടെ ഹൃദയത്തിലേക്കാണ്. സ്നേഹിതാ, ഈശോയ്ക്ക് ഇന്നീ ലോകത്തിൽ പാർശ്വവൽക്കരിക്ക്പെട്ടവരെ കാണാൻ നിന്റെ കണ്ണുകൾ വേണം. ഹൃദയപൂർവ്വം കേൾക്കാൻ നിന്റെ കാതുകൾവേണം. അവനു നടന്നടുക്കുവാൻ നിന്റെ പാദങ്ങൾ വേണം. പിന്നെ

www.malankaralibrary.com


അവനൊന്നു തലചായ്ക്കാൻ നിന്റെ കൊച്ചുഹൃദയവും. നിന്നെത്തന്നെ പൂർണ്ണമായ് ഈശോയ്ക്കു നൽകാൻ നിനക്ക് ഉൾക്കരുത്തുണ്ടോ? ഈശോനിന്നെ നിരന്തരം വിളിക്കുന്നത് അവനു പകരക്കാരനാകുവാനാണ്.

## വിശുദ്ധീകരിക്കുക

"ധൂപകലശത്തിലെ നീറുന്ന കനൽക്കട്ടകളിൽ വീണുരുകി ഉയരുന്ന കുന്തിരിക്കത്തിന്റെ സുഗന്ധചുരുളുകൾക്ക് ഇനി മർത്യനെ വിശുദ്ധീകരിക്കാനാവില്ല. മേനിയിലേക്കു പതിക്കുന്ന വിശുദ്ധ ജലത്തുള്ളികൾക്കും ഇനി മർത്യനെ വിശുദ്ധീകരിക്കാനാവില്ല. പകരം നെഞ്ചിലൊരു നെരിപ്പോടെരിയണം, ഉള്ളിലെ സങ്കടകനലേറ്റ് അനുതാപത്തിന്റെ ധൂപം ഉയരണം, പിന്നെ ക്രൂശിതന്റെ ക്ഷതങ്ങളിലേക്കു നോക്കി മിഴികൾ കവിഞ്ഞൊഴുകണം".

വിശുദ്ധീകരിക്കുക എന്ന ശുശ്രൂഷ ഓരോ പുരോഹിതനിലും നിക്ഷിപ്തമാകുമ്പോൾ തന്നെ ഈ വാക്കിന് രണ്ടു അർത്ഥതലങ്ങളുണ്ട്.

1. സ്വയം വിശുദ്ധീകരിക്കുക, 2. ദൈവജനത്തെ വിശുദ്ധീകരിക്കുക.

**1. സ്വയം വിശുദ്ധീകരിക്കുക :** എല്ലാ മനുഷ്യരും ആത്യന്തികമായി വിളിക്കപ്പെട്ടിരിക്കുന്നത് വിശുദ്ധിയിലേക്കാണ്. ബലഹീനനായ മനുഷ്യൻ ഓരോ നിമിഷവും മാനസാന്തരപ്പെട്ട് വിശുദ്ധീകരിക്കപ്പെടുന്ന പ്രക്രിയയാണിത്. ഓരോ പുരോഹിതനും ദൈവത്താൽ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവനായതുകൊണ്ടുതന്നെ അനുനിമിഷം വിശുദ്ധിയിൽ വ്യാപരിക്കാൻ കടപ്പെട്ടവരാണ്. ഓരോ പുരോഹിതനും മാനുഷികമായ എല്ലാ ബലഹീനതകൾക്കും വിധേയനാണ് എങ്കിലും വിളിച്ചവനോടും വിളിയോടും ഉള്ള വിശ്വസ്തത അവനെ വിശുദ്ധിയിൽ വ്യാപരിക്കാൻ പ്രേരിപ്പിക്കുന്നു. അതുകൊണ്ടുതന്നെ സർവ്വ ബലഹീനതകളോടും കൂടെ തന്നെ സ്നേഹിക്കുന്ന ദൈവത്തിനുമുന്നിൽ അനുദിനം സ്വയം വിശുദ്ധീകരണത്തിനു വിട്ടുകൊടുക്കാൻ ഓരോ പുരോഹിതനും കടപ്പെട്ടവനാണ്. സ്വയം ശുദ്ധീകരണത്തിൽ നിരന്തരം ഏർപ്പെടുന്നവനു മാത്രമേ ജനങ്ങളുടെ വിശുദ്ധീകരണത്തിൽ ഹൃദയപൂർവ്വം പങ്കുചേരാൻ സാധിക്കുകയുള്ളൂ. അതിനാൽതന്നെ ജനങ്ങളെ വിശുദ്ധീകരിക്കുക എന്ന ദൗത്യത്തോടൊപ്പം സ്വയം വിശുദ്ധീകരിക്കേണ്ട ആവശ്യകതയും ഓരോ പുരോഹിതനും ഉണ്ട്.

www.malankaralibrary.com


**(2). ദൈവജനത്തെ വിശുദ്ധീകരിക്കുക**

**ദൈവജനത്തെ അടുത്തറിയുക :** മാനവകുലത്തിന്റെ മുഴുവൻ പാപഭാരവും ചുമക്കാൻ ഭൂമിയിലേക്കുവന്ന ദൈവപുത്രൻ തന്റെ മുപ്പത്തിമൂന്ന് വർഷത്തെ ഇഹലോകവാസങ്ങൾകൊണ്ട് ഒരു മനുഷ്യജന്മത്തിനു താങ്ങാവുന്നതിൽ ഏറ്റവും വലിയ പ്രലോഭനങ്ങളും, വേദനകളും പരിത്യാഗങ്ങളും ഏറ്റുവാങ്ങിയാണ് ഈ ലോകത്തിനു രക്ഷ പ്രദാനം ചെയ്യുന്നത്. അതുകൊണ്ടാണ് സഹനത്തിൽപെട്ട് കഴിയുന്ന ഏതൊരു മനുഷ്യനും കുരിശിനെ നോക്കി ധ്യാനിക്കുമ്പോൾ ഹൃദയഭാരം അകലുന്നത്. കാരണം സഹനത്തിലെരിയുന്ന മനുഷ്യന് കുരിശിൽ തനിക്കുവേണ്ടി ഇതിലധികം സഹനം ഏറ്റുവാങ്ങിയ ഒരുവന്റെ സ്നേഹം കാണാൻ സാധിക്കുന്നു. വി. പൗലോസ്ശ്ലീഹാ ഇപ്രകാരം പറയുന്നുണ്ട് "നമ്മുടെ ബലഹീനതകളിൽ നമ്മോടൊത്തു സഹതപിക്കാൻ കഴിയാത്ത ഒരു പ്രധാന പുരോഹിതനല്ല നമുക്കുള്ളത്. പിന്നെയോ ഒരിക്കലും പാപം ചെയ്തിട്ടില്ലെങ്കിലും എല്ലാകാര്യങ്ങളിലും നമ്മെപ്പോലെത്തന്നെ പരീക്ഷിക്കപ്പെട്ടവനാണ് അവൻ" (ഹെബ്രാ.4:15). സ്വന്തം ജനത്തെ രക്ഷിക്കനായി മനുഷ്യനായ് പിറന്നു, മനുഷ്യന്റെ സകല ബലഹീനതകൾക്കും വിധേയനാകാൻ ഒരു ദൈവം തയ്യാറായി എങ്കിൽ തനിക്കേൽപ്പിക്കപ്പെട്ടിരിക്കുന്ന ജനങ്ങളെ അടുത്തറിയാനും അവരുടെ ജീവിതപ്രശ്നങ്ങളെ ഹൃദയത്തിൽ സൂക്ഷിക്കാനും ഓരോ പുരോഹിതനും ശ്രമിക്കേണ്ടിയിരിക്കുന്നു. ജനത്തിന്റെ കുറവുകളും ആവശ്യങ്ങളും മനസ്സിലാക്കിയ ഒരു പുരോഹിതനു മാത്രമേ അവരെ ശുദ്ധീകരണത്തിലേക്കു നയിക്കുവൻ സാധിക്കുകയുള്ളൂ.

**കൂദാശകളിലൂടെയുള്ള വിശുദ്ധീകരണം** : ദൈവസ്നേഹത്തിന്റെ സപ്തവർണങ്ങൾ ചാലിച്ചുണ്ടായ ഉടമ്പടിയുടെ മാരിവില്ലുപോലെ (ഉൽ.9:13) ദൈവത്തിന്റെ അനന്തമായ സ്നേഹം മനുഷ്യരിലേക്കൊഴുകി അവരെ വിശുദ്ധീകരിക്കുന്നതാണ് ഏഴ് കൂദാശകളും. വൈദികൻ വെറുമൊരു പദവി അലങ്കരിക്കുന്ന വ്യക്തിയല്ല, മറിച്ച് ഒരു മനുഷ്യനും സ്വന്തം ശക്തിയാൽ കഴിയാത്ത കാര്യങ്ങൾ സ്വർഗ്ഗത്തിന്റെ ഇടപെടലിലൂടെ ചെയ്യുന്ന വ്യക്തിയാണ് പുരോഹിതൻ. കൂദാശകളുടെ പരികർമ്മത്തിനായി ദൈവം പ്രത്യേകം സ്നേഹിച്ച ദൈവജനത്തിനിടയിൽ നിന്നു ദൈവത്താൽ വേർതിരിക്കപ്പെടുന്നവനാണ് വൈദി

www.malankaralibrary.com



കൻ. ഒരു കുഞ്ഞ് പിറന്നു വീഴുമ്പോൾ അവന്റെ നെറ്റിത്തടത്തിൽ പരിശുദ്ധ റൂഹായുടെ മുദ്രണം ചാർത്തി അവനിലെ പാപത്തെ കഴുകിക്കളഞ്ഞ് അവന്റെ ആത്മാവിൽ പരിശുദ്ധാത്മാവിന്റെ മായാത്ത മുദ്രണം പതിപ്പിച്ച് ദൈവീക ജീവനിലേക്കു കൈപിടിച്ചുനടത്തുന്നത് ഒരു പുരോഹിതന്റെ കരങ്ങളാണ്.

തിരിച്ചറിവിന്റെ നാളുകളിൽ ഒരു മരക്കൂടിനുമുന്നിൽ മുട്ടുകുത്തി ഈശോയെ നിനക്കെതിരെ ഞാൻ പാപം ചെയ്തു എന്നു നെഞ്ചുപൊട്ടിപ്പറയുമ്പോൾ ഒരു പരിഭവവും കൂടാതെ ഒരിക്കൽപോലും ലജ്ജിപ്പിക്കാതെ ആത്മാവിൽ പതിഞ്ഞ കളങ്കങ്ങൾ കഴുകിക്കളഞ്ഞ്, പുതുജീവനേകി വിശുദ്ധീകരിച്ച് നന്മയുടെ പാതയിൽ ഇനിയും ചരിക്കാൻ ഒരുവന് പ്രചോദനമാകുന്നതും ഒരു പുരോഹിതൻ തന്നെ.

ഈശോയെ ഉള്ളിൽ സ്വീകരിക്കാൻ ആശയോടെ കാത്തിരുന്ന ഒരു പുലരിയിൽ നിന്റെ നാവിൽ ജീവന്റെ അപ്പമായ് ക്രിസ്തു അലിഞ്ഞുചേർന്നതും ഒരു പുരോഹിതന്റെ കരങ്ങളിലൂടെ തന്നെ.

യൗവ്വനത്തിന്റെ നാളുകളിൽ നിന്റെ കരങ്ങളിൽ ജീവിത പങ്കാളിയുടെ കരങ്ങൾ ചേർത്തുപിടിച്ച് ഒരു പുതിയ ജീവിത നിയോഗത്തിലേക്കയക്കുമ്പോൾ സ്വർഗ്ഗത്തിനും ഭൂമിക്കും മദ്ധ്യേ സാക്ഷിയായി നിങ്ങളെ വിശുദ്ധീകരിച്ചയച്ചതും ഒരു പുരോഹിതൻ തന്നെ. ജീവിതത്തിൽ വിളിക്കാതെ ചില ദുരന്തങ്ങൾ വിരുന്നെത്തുമ്പോൾ നിനക്കു താങ്ങായ് മാറി നിന്റെ ആത്മാവിനു സൗഖ്യത്തിന്റെ ലേപനം പൂശി വിശുദ്ധീകരിച്ചതും ഒരു പുരോഹിതൻ തന്നെ.

ഒടുവിൽ ജന്മം കൊണ്ടപോലെ തന്നെ ഒന്നുമില്ലാത്തവനായി ഈലോകത്തോട് വിടപറഞ്ഞിറങ്ങുമ്പോഴും അവകാശമായി കിട്ടിയ ആറടിമണ്ണിൽ വന്നു നിനക്കായി പ്രാർത്ഥനാജപങ്ങൾ ഉരുവിട്ടു നിന്നെ വിശുദ്ധീകരിക്കുന്നതും ഒരു പുരോഹിതൻ തന്നെ.

നിന്റെ നാമം പൂർണമായ് ഈ ലോകം വിസ്മരിക്കുന്ന നാളുകളിലും പരേതർക്കുവേണ്ടി ബലിയർപ്പിച്ച് നിന്റെ ആത്മാവിനെ സ്വർഗ്ഗപ്രാപ്തിക്കായ് ഒരുക്കുന്നതും ഒരു പുരോഹിതൻ തന്നെ.

ചുരുക്കിപ്പറഞ്ഞാൽ ഒരു മനുഷ്യന്റെ ജനനം മുതൽ മരണാനന്തരംവരെയും അവൻ പുരോഹിതനോടു നിരന്തരം കടപ്പെട്ടിരിക്കുന്നു.

www.malankaralibrary.com



# പൗരോഹിത്യ പരിശീലനഘട്ടങ്ങൾ

**ഏതുകാര്യം ചെയ്യുമ്പോഴും ഈശോ എന്താകും ഇതിനെപ്പറ്റി ചിന്തിച്ചിട്ടുണ്ടാവുക എന്നാലോചിച്ചാലോ?**



“കുശവന്റെ കയ്യിലെ കളിമണ്ണുപോലെയാണ് എന്റെ കയ്യിൽ നിങ്ങൾ”
(ജറ.18:6)

www.malankaralibrary.com

www.malankaralibrary.com


ദൈവം താൻ സൃഷ്ടിച്ച ലോകത്തെ നിരന്തരം പരിപാലിക്കുന്നതിന്റെ പ്രകടനമായ അടയാളങ്ങളാണ് മനുഷ്യർക്കു നൽകുന്ന ജീവിത ദൗത്യങ്ങൾ അഥവാ ദൈവവിളികൾ. നല്ല ആന്തരികതയുള്ളവർക്കാണ് തന്റെ വിളിയെപ്പറ്റി കൃത്യമായ വെളിച്ചം ലഭിക്കുക. ഈ ലോകത്തെ ക്രിസ്തുവിന്റെ പൗരോഹിത്യത്തിലൂടെ മനോഹരമാക്കാൻ വിളിക്കപ്പെട്ടവരാണ് പുരോഹിതർ. ബലിയർപ്പകനും ബലിവസ്തുവും ഒന്നായിതീരുന്ന പൗരോഹിത്യമാണ് ക്രിസ്തുവിന്റേത്. പൗരോഹിത്യത്തിന്റെ ഈ ആന്തരിക ചൈതന്യത്തിലേക്ക് വിളിക്കപ്പെട്ടവരെ നയിക്കുക എന്നതാണ് വൈദിക പരിശീലനത്തിന്റെ ലക്ഷ്യം.

അപ്പസ്തോലന്മാരെ വിളിച്ചു ചേർക്കുമ്പോൾ ക്രിസ്തുവിന്റെ ലക്ഷ്യവും ഇതുതന്നെയായിരുന്നു. അയക്കപ്പെടുംമുമ്പ് പരിശീലനത്തിനായി അവർ തന്നോടൊത്ത് വസിക്കുക (മർക്കോ.3:13-15). ഈ "സഹവാസത്തിൽ" ക്രിസ്തുദ ശിഷ്യന്മാർക്ക് പകർന്നു നൽകുക തന്നെക്കുറിച്ചോ ഉള്ള അറിവ് മാത്രമല്ല, തന്നെ തന്നെയാണ്. വി.കുർബാന സ്ഥാപിച്ചുകൊണ്ടാണ് ഈ പരിശീലന പ്രക്രിയ ക്രിസ്തു പൂർത്തിയാക്കുക. പെന്തിക്കോസ്തിയിലൂടെ പരിശീലിക്കപ്പെട്ടവർ അഭിഷേചിക്കപ്പെട്ടു.

പൗരോഹിത്യ ദൈവികവിളിയുടെ പരിരക്ഷണം സഭ എക്കാലത്തും പ്രാധാന്യം കൊടുക്കുന്ന കാര്യമാണ്. വിളിക്കപ്പെട്ടവരെ മാത്രം പൗരോഹിത്യത്തിലേക്ക് നയിക്കുക, അവരെ യഥായോഗ്യം പരിശീലിപ്പിക്കുക എന്നിവയ്ക്ക് സഭ മുൻഗണന നൽകുന്നു. പരിശീലനം ഒരു അർത്ഥിയുടെ സമഗ്രവികസനം ലക്ഷ്യമാക്കിയുള്ളതാണ്. ആദ്ധ്യാത്മികവും, ശാരീരികവും, മാനസികവും, ബൗദ്ധികവുമായ തലങ്ങളെ സ്പർശിക്കുകയും രൂപപ്പെടുത്തുകയും ചെയ്യുന്ന പരിശീലന രീതിയാണ് കത്തോലിക്കാസഭ അനുവർത്തിക്കുന്നത്.

## മൈനർസെമിനാരി പരിശീലനം

ദൈവവിളി സൂക്ഷ്മമായി കൈകാര്യം ചെയ്യേണ്ട ഒരു വിത്താണ് (Dalicate Seed). പൗരോഹിത്യത്തിലേക്കുള്ള ദൈവവിളിയുടെ വളർച്ചയ്ക്കും പക്വതപ്രാപിക്കലിനും അനുയോജ്യമായ പരിതസ്ഥിതി ആവശ്യമാണ്. അത്തരം പരിതസ്ഥിതിയാണ് മൈനർ സെമിനാരിയിൽ ക്രമീകരിക്കപ്പെടുക. പൗരോഹിത്യ ദൈവവിളിയുടെ

www.malankaralibrary.com


അടയാളങ്ങൾ പ്രകടമാക്കുന്നവരെ തിരിച്ചറിയാനും പരിശീലിപ്പിക്കാനും തെരഞ്ഞെടുക്കാനുമുള്ള ഇടമാണ് ഇത്. 15 വയസ്സിനു മുകളിലുള്ള മിനിമം പത്താംക്ലാസ് പാസായ അർത്ഥികളെയാണ് ഇവിടെ പരിശീലനത്തിനായി സ്വീകരിക്കുക. ഇവരുടെ ആദ്ധ്യാത്മികവും, മാനസികവും, ശാരീരികവും, ബൗദ്ധികവുമായ പരിശീലനം, ശാരീരികവും, ബൗദ്ധികവുമായ പരിശീലനം സൂക്ഷ്മമായ ശ്രദ്ധയോടെ ഇവിടെ നിർവ്വഹിക്കുന്നു. യേശുവുമായുള്ള അതിഗാഢമായ സൗഹൃദം സൃഷ്ടിക്കാനും, ജീവിത വിശുദ്ധി പാലിക്കുന്നതിലൂടെയുള്ള ആനന്ദം അനുഭവിക്കാനും അനുയോജ്യമായ ആദ്ധ്യാത്മിക പരിശീലനം അവർക്ക് നൽകുന്നു. ആരാധനാക്രമാധിഷ്ഠിതമായ ആദ്ധ്യാത്മികതയിലേക്ക് അർത്ഥികൾ നയിക്കപ്പെടുന്നത് ഈ കാലഘട്ടത്തിലാണ്.

അടിസ്ഥാനയോഗ്യത പത്താംക്ലാസ് മാത്രമുള്ള വിദ്യാർത്ഥിക്ക് മൈനർ സെമിനാരിയിൽ നാല് വർഷത്തെ പരിശീലനം നൽകുന്നു. +2 വിനുശേഷം സെമിനാരിയിൽ പ്രവേശിക്കുന്നവർ രണ്ടുവർഷം കൊണ്ട് മൈനർസെമിനാരി പരിശീലനം പൂർത്തിയാക്കുന്നു. സെമിനാരിയിൽ പ്രവേശിക്കുന്ന ആദ്യവർഷം എല്ലാവർക്കും ബൈബിൾ, ആരാധനാക്രമം, സഭാചരിത്രം, മതബോധനം, വ്യക്തിത്വവികസനം, വ്യത്യസ്ഥഭാഷകൾ, സംഗീതം, വാദ്യോപകരണങ്ങൾ എന്നിവയിൽ പരിശീലനം നൽകുന്നു. തുടർന്നുള്ള വർഷങ്ങളിൽ +2 പഠനം പൂർത്തിയാക്കാത്തവർ സെമിനാരിയിൽ നിന്നുകൊണ്ട് തങ്ങളുടെ ഹയർസെക്കന്ററി പഠനങ്ങൾ പൂർത്തിയാക്കുന്നു. തുടർന്ന് 4-ാം വർഷ സെമിനാരി പഠനം തുടരുന്നു. +2 കഴിഞ്ഞ് സെമിനാരിയിൽ ചേർന്നവരും ഒന്നാം വർഷ പരിശീലനത്തിനുശേഷം നാലാം വർഷ പരിശീലനം നടത്തുന്നു. ബൈബിൾ, ആരാധനക്രമം, ആദ്ധ്യാത്മിക ജീവിതം, ഇംഗ്ലീഷ്, ഹിന്ദി, സുറിയാനി, ലത്തീൻ ഭാഷകൾ, സഭാചരിത്രം, സൈക്കോളജി എന്നീ വിഷയങ്ങളിൽ തുടർപരിശീലനം നൽകുന്നു. ആദ്ധ്യാത്മിതയിൽ പക്വവും ദൃഢവുമായ അടിസ്ഥാനം മൈനർസെമിനാരി പരിശീലനത്തിൽ ലഭ്യമാക്കുന്നവരെ മാത്രമാണ് ഫിലോസഫി പഠനത്തിനായി അയക്കുക.

www.malankaralibrary.com


**ഫിലോസഫി പഠനം**

ബൗദ്ധികവും മാനുഷികവുമായ പരിശീലനത്തിന്റെ മർമ്മ പ്രധാനമായ ഒരു ഘട്ടമാണ് തത്ത്വശാസ്ത്രപഠനത്തിന്റേത്. "മനുഷ്യനെയും ലോകത്തെയും ദൈവത്തെയും കുറിച്ച് അഗാധവും സമഗ്രവുമായ അറിവു സമ്പാദിക്കാൻ പ്രാപ്തരാകത്തക്കവിധത്തിൽ വിദ്യാർത്ഥികൾക്ക് തത്വശാസ്ത്ര ജ്ഞാനം പ്രദാനം ചെയ്യണം... വിദ്യാർത്ഥികൾ സമകാലീന ചിന്താഗതികളെ ശരിയായി മനസ്സിലാക്കി, ആധുനിക മനുഷ്യനുമായുള്ള സംവാദത്തിന് തക്കതായ പരിശീലനം നേടുന്നു എന്നതാണതിന്റേ പരിണിതഫലം". (രണ്ടാം വത്തിക്കാൻ കൗൺസിൽ, വൈദിക വിദ്യാർത്ഥികളെ സത്യവിശ്വാസത്തിന്റെ അന്തഃസത്ത മനസ്സിലാക്കുന്നതിനും അബദ്ധസിദ്ധാന്തങ്ങളുടെ അടിസ്ഥാന തത്വങ്ങൾ ആരാഞ്ഞറിഞ്ഞ് ഖണ്ഡിക്കാനും അവരെ പ്രാപ്തരാക്കുന്നു. വിവിധ മതദർശനങ്ങളുടേയും പാശ്ചാത്യ-പൗരസ്ത്യ തത്വസംഹിതകളുടെയും, പ്രത്യായശാസ്ത്രങ്ങളുടെയും ആഴത്തിലുള്ള പഠനം ഈ കാലഘട്ടത്തിൽ നടക്കുന്നു.

തത്വശാസ്ത്ര പഠനം മൂന്നുവർഷത്തെ പരിശീലനമാണ്. ഈ കാലയളവിൽ സെമിനാരികളിലെ ഫിലോസഫി പാഠ്യപദ്ധതിയോടൊപ്പം തന്നെ സെക്കുലർ യൂണിവേഴ്സിറ്റികളിൽ നിന്നും ഫിലോസഫിയിൽ ഡിഗ്രിപഠനം കൂടി അവർ പൂർത്തിയാക്കുന്നു. മലങ്കര സഭയിലെ വിവിധ മൈനർസെമിനാരികളിൽ പരിശീലനം പൂർത്തിയാക്കുന്ന സെമിനാരി വിദ്യാർത്ഥികളെ കേരളത്തിനകത്തും പുറത്തുമുള്ള വിവിധ സെമിനാരികളിലയച്ച് ഫിലോസഫി പഠിപ്പിക്കുന്നു. ഇത് മറ്റ് സഭകളുമായും സഭയിലെ വൈദികരുമായുള്ള അവരുടെ ബന്ധം വർദ്ധിപ്പിക്കുകയും, വിവിധ സംസ്കാരങ്ങളെയും ഭാഷകളെയും സ്വാംശീകരിച്ച് സമഗ്രമായ വ്യക്തിത്വം സ്വന്തമാക്കാൻ സഹായിക്കുന്നു. ഡിഗ്രി പഠനം പൂർത്തിയാക്കിയതിനുശേഷം ഫിലോസഫി പഠിക്കാൻ പോകുന്നവരെ ചില സെമിനാരികളിൽ എം.എ.ഫിലോസഫി രണ്ടുവർഷം കൊണ്ട് പഠിപ്പിക്കാറുണ്ട്.

**പ്രായോഗിക പരിശീലനം (Regency Period)**

ആദ്ധ്യാത്മിക പരിശീലനത്തിന് ഉറച്ച അടിത്തറപാകാനും തങ്ങളുടെ പൗരോഹിത്യ ദൈവവിളിയെ സ്വാതന്ത്രമനസ്സോടും,

www.malankaralibrary.com


പക്വതയോടും ആശ്ലേഷിക്കാനും റീജൻസികാലഘട്ടം സെമിനാരി വിദ്യാർത്ഥികളെ സഹായിക്കുന്നു. ഫിലോസഫി പഠനത്തിനുശേഷ മാണ് ഈ പരിശീലനം ക്രമീകരിച്ചിരിക്കുക. വ്യത്യസ്ത അജപാലന ശുശ്രൂഷകളിലേക്ക് ഒരു വർഷത്തെ കാലയളവിലേക്കാണ് അവർ നിയമിക്കപ്പെടുക. ഈ കാലഘട്ടത്തിൽ വിദ്യാർത്ഥികളുടെ വൈദിക വൃത്തിയോടുള്ള ആഭിമുഖ്യം ശരിയായി പരിശോധിക്കുന്നതിനും, വില യിരുത്തുന്നതിനും സാധിക്കും. സാധാരണ ഏതെങ്കിലും സഭാ സ്ഥാപ നങ്ങളിലോ, ഇടവകകളിലോ, മിഷനുകളിലോ ആണ് അവർ നിയമി ക്കപ്പെടുക. ഈ കാലയളവിൽ അവർ നിശ്ചയിക്കപ്പെട്ട ഒരു പുരോഹി തന്റെ മേൽനോട്ടത്തിൻ കീഴിലായിരിക്കും പ്രവർത്തിക്കുക. പ്രായോ ഗിക പരിശീലനം പൂർത്തിയാക്കുമ്പോൾ പ്രസ്തുത വൈദികൻ വൈദിക വിദ്യാർത്ഥിയെപ്പറ്റി സമഗ്രമായ ഒരു റിപ്പോർട്ട് മേലധികാ രിക്ക് നൽകുന്നു. ഈ റിപ്പോർട്ടിന്റെയും മുൻ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ ഭദ്രാസനാധ്യക്ഷന് അർത്ഥിയുടെ പൗരോഹിത്യ വിളിയോടുള്ള ആഭിമുഖ്യം ബോധ്യപ്പെട്ടാൽ വൈദിക വസ്ത്രം നൽകി ദൈവശാസ്ത്ര  പഠനത്തിനയക്കുന്നു.

**ദൈവശാസ്ത്ര പഠനം**

വിശുദ്ധഗ്രന്ഥത്തിന്റെയും, സഭാപിതാക്കന്മാരുടെ പഠനങ്ങളു ടെയും, ആരാധനാക്രമത്തിന്റെയും സഭാചരിത്രത്തിന്റെയും, സഭാ പ്രബോധനങ്ങളുടെയും, വിശ്വാസസത്യങ്ങളുടെയും, സഭാ നിയമങ്ങ ളുടെയും പഠനകാലയളവാണിത്. വൈദികനടുത്ത ആത്മീയത പരി ശീലിക്കുന്ന ഏറ്റവും അടുത്ത ഒരുക്കത്തിന്റെ കാലഘട്ടമാണിത്. നാലു വർഷത്തെ ദൈവശാസ്ത്രപരിശീലനമാണ് കത്തോലിക്കാസഭ നിർദ്ദേ ശിക്കുന്നത്. ഓരോ വർഷത്തെ പരിശീലനത്തിനുശേഷം വൈദിക വിദ്യാർത്ഥികൾ പൗരോഹിത്യാഭിഷേകത്തിനു മുമ്പുള്ള ചെറുപട്ടങ്ങൾ സ്വീകരിക്കുന്നു. ഒന്നാം വർഷം "മ്സമറോനോ", രണ്ടാം വർഷം "കോറുയോ", മൂന്നാം വർഷം "ഹെവുപ്പതിയക്ക്നോ", നാലാം വർഷം "മ്ശംശോനോ" എന്നീ പട്ടങ്ങൾ സ്വീകരിക്കുന്നു. ഓരോ വർഷവും സെമിനാരി പരിശീലകർ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തി ലാണ് ഈ പട്ടങ്ങളിലേക്ക് അർത്ഥികളെ പ്രവേശിപ്പിക്കുക. മലങ്കര കത്തോലിക്കാ സഭയിലെ എല്ലാ രൂപതകളിൽ നിന്നുമുള്ള വൈദിക വിദ്യാർത്ഥികളെ ദൈവശാസ്ത്ര പരിശീലനത്തിനയക്കുക തിരുവന

www.malankaralibrary.com



ന്തപുരത്തെ സെന്റ് മേരീസ് മലങ്കര സെമിനാരിയിലാണ്. ദൈവശാസ്ത്രപഠനം പൂർത്തിയാക്കിയശേഷം പൗരോഹിത്യത്തിലേക്ക് പ്രവേശിക്കപ്പെടും മുമ്പ് കുറേ കാലത്തേക്ക് ഡീക്കൻ ശുശ്രൂഷ ചെയ്യുന്നതിനായി വൈദികവിദ്യാർത്ഥികളെ നിയമിക്കാറുണ്ട്. മേലധികാരികളുടേയും പരിശീലകരുടേയും സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലും വ്യക്തിപരമായ അന്വേഷണങ്ങളുടെയും പ്രാർത്ഥനകളുടേയും പിൻബലത്തിലുമാണ് മേൽപട്ടക്കാരൻ അർത്ഥികൾക്ക് പൗരോഹിത്യാഭിഷേകം നൽകുക.

**ഉപസംഹാരം**

വൈദികാർത്ഥികളുടെ സമഗ്രമായ പരിശീലനമാണ് പന്ത്രണ്ട് വർഷത്തെ പരിശീലനകാലയളവ് ലക്ഷ്യം വയ്ക്കുക. ക്രിസ്തീയ പൗരോഹിത്യ ജീവിതത്തിന്റെ അന്തസത്ത ബോധ്യപ്പെടുത്തുന്നതിനും അതിനായി ആത്മാർപ്പണം ചെയ്യുന്നതിനുമാണ് പരിശീലനം ഒരു വ്യക്തിയെ പ്രാപ്തമാക്കുന്നത്. ക്രിസ്തുഭാവങ്ങളെ സ്വജീവിതത്തിന് സംലഭ്യമാക്കാൻ അർത്ഥിയെ സഹായിക്കുന്ന പരിശീലന രീതികളാണ് സഭ നിർദ്ദേശിക്കുന്ന പരിശീലന കാലയളവിന്റെ ദൈർഘ്യം ഈ പൗരോഹിത്യത്തിന്റെ മഹത്വത്തേയും അതിന്റെ വെല്ലുവിളികളേയും അടയാളപ്പെടുത്തുന്നു. ഏതു ഘട്ടത്തിലും സ്വതന്ത്രമായ തീരുമാനമെടുക്കാൻ വൈദിക വിദ്യാർത്ഥികൾക്ക് അവസരം നൽകുന്ന വിധത്തിലാണ് പരിശീലന ഘട്ടങ്ങൾ ക്രമീകരിച്ചിരിക്കുക. ഫിലോസഫി പഠനം വരെയുള്ള കാലഘട്ടത്തിൽ സെക്യുലർ ഡിഗ്രി പഠനങ്ങൾ നടത്തണം എന്ന് സഭനിഷ്കർഷിച്ചിരിക്കുന്നത് വിദ്യാർത്ഥികൾ മറ്റൊരു ജീവിതാന്തസ്സ് തിരഞ്ഞെടുക്കുന്നെങ്കിൽ അവരുടെ സെക്യുലർ പഠനം തുടരുന്നതിന് സഹായിക്കുന്നതിനാണ്. വൈദിക പരിശീലനത്തിൽ പൗരോഹിത്യ വിളിയെ സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതോടൊപ്പം ഈ വിളി സ്വീകരിച്ചിട്ടില്ലാത്തവരെ അവരുടെ വിളികൾ കണ്ടെത്തുവാനും പരിശീലകർ ശ്രദ്ധ പുലർത്തുന്നു.

www.malankaralibrary.com


അവന്റെ കണ്ണുകൾക്ക് ഭാവനയിലുണർന്ന കരിയെഴുതിയ കണ്ണുകളുടെ ചാരുത ഇല്ലായിരുന്നു. അവന്റെ മൂർദ്ധാവിനു നെറ്റിയിൽ നറുചന്ദനം ചാലിച്ച സൗന്ദര്യത്തികവില്ലായിരുന്നു. പുഞ്ചിരിക്കുമ്പോൾ വിടർന്നുലയുന്ന മലരിതൾ പോലെ മനോഹരമല്ലായിരുന്നു അവന്റെ ചുണ്ടുകൾ.. വെണ്ണക്കല്ലിൽ ചിന്തേരിട്ടുമെനഞ്ഞ അപ്സര ശിൽപമല്ലായിരുന്നു, അവന്റെ ഉടൽ.... മുടിച്ചുരുളുകളിൽ തുളസിക്കതിൽ ചൂടിയചന്തം തിരയുന്ന കണ്ണുകളിൽ തലയോടു പിളർന്നിറങ്ങിയ മുൾക്കിരീടവുമായി അവൻ വിരുന്നെത്തി. ചോരചാലുകീറി ഒഴുകുന്ന മേനിയുമായി അവൻ വിളിച്ചു... ഇനി ശരിക്കും എവിടെയാണ് പ്രണയം തേടുക.... എവിടെയാണ് നിഷ്കളങ്കമായ സ്നേഹം കണ്ടെത്തുക... വാ... ഈ കൗമാര നിമിഷങ്ങളിൽ നമ്മെ പ്രണയിച്ചതിന്റെ പേരിൽ മുറിവേറ്റവന്റെ നിണമുണങ്ങാത്ത കരങ്ങളിൽ കൈകോർത്തു നടക്കാം.... സമൂഹത്തിന്റേ പിന്നാമ്പുറങ്ങളിൽ ദൈവസ്നേഹത്തിന്റെ ജ്വാലയുമായി കടന്നുചെല്ലുവാൻ, അശരണർക്കു ആലംബമേകുവാൻ, സഹനത്തിന്റെ കാസയിൽ സ്വന്തം രക്തമൊഴുക്കി അനേകർക്കു ജീവനായ് വിളമ്പുവാൻ... ഈശോയ്ക്ക് കുറച്ചു വൈദികരെ വേണം....

എന്തേ.. നീ തയ്യാറാണോ.